# കേരളോദയം.

മദിരാശിയിൽ നിന്നു പുറപ്പെടുന്ന ഏക മലയാള മാസിക

## വിഷയവിവരം


| | |
|---|---|
| സ്ത്രീകൾ വെറുക്കപ്പെടേണ്ടവരോ ? | പാറയിൽ ഷംസുദ്ദീൻ |
| ഗാന്ധിസവും സോഷ്യലിസവും | എസ്. കൃഷ്ണൻകുട്ടി |
| സാമൂഹ്യജീവി | ഒളപ്പമണ്ണ |
| റഷ്യയെ തടുക്കണം | ചർച്ചിൽ |
| റഷ്യയുടെ മറുപടി | വൈഷിൻസ്കി |
| പത്രപാരായണം | പി. |
| തടവുചാടുന്ന കള്ളൻ | ചരിത്രാന്വേഷകൻ |
| ഭാഷയിലെ ലഘുകര | ാവിന്ദൻകുട്ടിനായർ |
| പഴഞ്ചൊല്ലുകൾ | സ്തകാഭിപ്രായം |
| ക്രൂറ്റ്സർ സോണറ | |
| എൻെറ ഭാര്യ | ജി. കെ. എൻ. |
| ജീവിതം | |
| ക്ഷയരോഗി (ചെ | ങ്കോടം ബാലകൃഷ്ണൻ |
| ചീനക്കഥകൾ | കുട്ടികളുടെ ലോകം |
| ശാസ്ത്രത്തിൻെറ ആ | |
| കാശി | പുല്ലൂര് |


വില [illegible] ണ.

DEC 1948
MADRAS

# സ്ത്രീകൾ വെറുക്കപ്പെടേണ്ടവരോ?

പാറയിൽ ഷംസുദ്ദീൻ

സ്ത്രീകൾ വെറുക്കപ്പെടേണ്ടവരാണെന്ന്—എന്താ നിങ്ങളീ ഉപദേശം സ്വീകരിക്കുവാൻ ഒരുക്കമാണോ? എനിക്കൊട്ടും വിശ്വാസം തോന്നുന്നില്ല. എന്നെയും നിങ്ങളെയും പോലെയുള്ള സാധാരണക്കാരുണ്ടല്ലോ, അവരുടെ കാര്യമാണ് ഞാനീ പറയുന്നത്. ആ മാദകത്വത്തെ കണ്ടില്ലെന്നു കരുതാൻ തക്ക കരളുറപ്പ് നമുക്കുണ്ടാവുമോ. നല്ലൊരു സായംസന്ധ്യ, വിരിമലരിന്റെ പുതുമണം പരത്തുന്ന കുളിർകാററ്. പൂങ്കവിളിൽ നുണക്കുഴികൾ തിക്കുന്ന ചിരിയോടെ, പടന്നു പന്തലിച്ച അശോകച്ചുവട്ടിൽ അങ്ങനെ നില്ക്കുകയാണാ തരുണീമണി. ആ ചിത്രം നമ്മുടെ മനസ്സിൽ ദൃഢമായി പതിഞ്ഞുപോകുകയില്ലേ? ആ പ്രേരണാശക്തിയിൽ നിന്നും രക്ഷപ്പെടാൻ സാധിച്ചെന്നു വരുമോ?..........നറും നിലാവിൽ പുളകം പൂശിയ നിശീഥിനി, വെള്ളിമേഘങ്ങൾ നിറഞ്ഞ അംബരദേശം. പൂവിട്ടു നില്ക്കുന്ന മല്ലിക ചെറുകാററിൽ ഉലയുന്നുണ്ട്. ആ വെൺകുളിർ കൽത്തറയിൽ മദാലസയായി അവൾ ചാരിയിരിക്കുകയാണ്. പ്രേമവികസ്വരമായ നയനങ്ങളിൽ അനുരാഗത്തിന്റെ തുടുപ്പാർന്ന കവിൾത്തടങ്ങളിൽ, യൌവനോജ്വലമായ മാറിടത്തിൽ ഒക്കെ മാറിമാറി നോക്കി ജീവിതാനന്ദത്തിന്റെ മാദകലഹരിയിൽ മുഴുകുമ്പോഴാണ് ആ അശനിപാതം—സ്ത്രീകൾ വെറുക്കപ്പെടേണ്ടവരാണെന്ന ഉപദേശം—ഉണ്ടാവുന്നതെന്നു വെക്കുക. അപ്പോൾ നമ്മുടെ ഉള്ളിൽ പൊങ്ങിക്കേറുന്ന വികാരങ്ങൾക്ക് പ്രകാശനം കൊടുക്കാതിരിക്കയാണ് ഭംഗി.

സ്ത്രീകളെപ്പററി പറയുവാൻ ഇന്ന് വളരെ ഭയപ്പെടേണ്ടിയിരിക്കുന്നു. അടുക്കളമുതൽ അടക്കളം വരെ നീണ്ടതാണ് അവരുടെ

ജീവിതം. പുരുഷൻെറ ഒപ്പം എത്തിയതു കൊണ്ടു മാത്രം അവർ തൃപ്തിപ്പെടുന്നില്ല. പുരുഷൻെറ മേന്മയെ അവർ ചോദ്യം ചെയ്തു തുടങ്ങിയിരിക്കുന്നു. പുരുഷൻെറ ബലമെവിടെ?—ഈ വിപ്ലവാഹ്വാനവും മുഴക്കിക്കൊണ്ട് അംഗനാമണികൾ മുന്നേറുകയാണ്. അജയ്യപരാക്രമിയായിരുന്ന സീസർ ക്ലിയോപാട്രായുടെ മുമ്പിൽ വെറുമൊരാട്ടിൻകുട്ടിയായിരുന്നു. ഇന്നും നെപ്പോളിയൻെറ പേരു കേൾക്കുമ്പോൾ യൂറോപ്യൻ രാഷ്ട്രങ്ങൾക്കൊരു കിടുക്കമുണ്ട്. ആ നെപ്പോളിയനാണ് ജോസഫയിൻെറ മുമ്പിൽ നിന്നു ഒരു കുട്ടിയെപോലെ ഏങ്ങിക്കരഞ്ഞതു്. വലിയൊരു സ്വേച്ഛാധികാരിയായിരുന്ന കമാൽ അട്ടാററർക്കിനെ ലത്തീഫാ പാവകളിപ്പിച്ചു. സൂര്യനസ്തമിക്കാത്ത ആംഗലസാമ്രാജ്യത്തിൻെറ ആധിപത്യം ഒരു സ്ത്രീയുടെ കടക്കണ്ണേറിനുവേണ്ടി വലിച്ചെറിയപ്പെട്ടു. ഈ പരമാർത്ഥങ്ങളുടെ വെളിച്ചത്തിൽ അവർ വിളിച്ചു ചോദിക്കയാണ്, പുരുഷൻെറ ബലം എവിടെ? എന്നു്. വിശാലം വിറപ്പിക്കുന്ന വീരകേസരികൾ പല്ലവാംഗിമാരുടെ മുമ്പിൽ വെറും കളിക്കുട്ടികൾ മാത്രം. എന്നിട്ടുമവർ അബലകൾ തന്നെ.

സ്ത്രീകളെപ്പററിയുള്ള ചിന്തയിൽ ലോകത്തിലെ തലക്കനം വീണയാളുകൾ ചേരി തിരിയുന്നു. ഒരു കൂട്ടരവരെ പൂവിട്ടു പൂജിക്കുമ്പോൾ മറെറക്കൂട്ടർ അങ്ങോട്ടു നോക്കുന്നതു് വെറുപ്പോടെയാണ്. ഇതൊക്കെ കാണാൻ നമ്മളും.

കവികളുടെ ഭാവനയെ സ്ത്രീകൾ പലപ്പോഴും ഇളക്കിവിട്ടിട്ടുണ്ട്. "താരുണ്യാർദ്രമാം രാഗരശ്മികന്ദളികളാൽ പൌരുഷോജ്ജ്വലസൂനം വിടർത്തും പ്രകാശമാ"യും, "ലോകത്തിൻ ഹൃദന്തത്തിലുന്മേഷം തുടിപ്പിക്കുന്ന ചൈതന്യ"മായും അവർ വനിതയെ ചിത്രീകരിച്ചു. "ഈ ദേവിയുടെ പ്രേമാമൃതപ്രവാഹത്തിലീമർത്ത്യജീവിതമൊരു വെള്ളിത്തോണിപ്പോലൊഴുകുകയാണെ"ന്നു് അവർ ഏററു പറഞ്ഞു. "യൌവനോജ്ജ്വലയായ സ്ത്രീമണെ, നീ ദൈവത്തിൻെറ സൃഷ്ടി മാത്രമല്ല, മനുഷ്യൻെറ ചേതസ്സും നിൻെറ ആകാരത്തെ മോടിപിടിപ്പിക്കുന്നുണ്ടു്. ഭാവനയിൽ തുന്നിച്ചേർത്ത പൂത്തുകിൽ കവി നിന്നെ അണിയിക്കുന്നു. ചിത്രകാരൻ നിൻെറ മേനി

യിൽ നിത്യസൌന്ദര്യം അൎപ്പിക്കുന്നു. നിനക്കായി അലയാഴി വെൺമുത്തുകൾ സമ്മാനിക്കുന്നു. മിന്നിത്തിളങ്ങുന്ന പൊന്നു നൽകി ഖനി കൃതകൃത്യയാകുന്നു. നിൻെറ ചികുരഭാരത്തിൽ തിരുകിവെക്കുവാൻ വാസന്തവാടികൾ അഴകുള്ള പുഷ്പങ്ങൾ എമ്പാടുമൊരുക്കുന്നു. പാതി സ്വപ്നവും പാതി നാരിയുമായ ഒരു മഹാത്ഭുതമാണ് നീ." മഹാകവി ടാഗോറിൻെറ ശബ്ബളാഭമായ പ്രശംസയാണിതു്.

കാമുകിയെ അഭിസംബോധന ചെയ്തുകൊണ്ട്,

"തേനഞ്ചുന്ന ലഘുകാവ്യമരികിലാഹാരമല്പം
പാനഭാജനം നിറയെ മധുമധുരം,
ഗാനം ചെയ്യും നീ പിറകിൽ പാദപത്തണലിലയ്യാ
കാനനവുമെനിക്കെന്നാൽ വാനവലോകം"

എന്നു പാടിയ ഉമാറും സ്ത്രീയുടെ മാഹാത്മ്യത്തെ തന്നെയല്ലെ വാഴ്ത്തിയതു്.

നമ്മുടെ മഹാകവി വള്ളത്തോൾ വനിതയെ കാണുന്നു:

എങ്ങിനെ ശരിക്കേന്തും ജീവിതഭാരം നര-
നിങ്ങൊരു നതമാം തോൾ തുണപ്പാനില്ലെന്നാകിൽ ?
ശ്രേഷ്ഠമാം ശ്രീമാതെത്രനാൾ വാഴും തനിക്കൊരു
കൂട്ടുകാരിയാം സ്ത്രീയെക്കാണാത്ത ഭവനത്തിൽ ?
പൂനിലാവിനു നിറമെത്രകണ്ടുണ്ടാം പ്രേമ-
പൂൎണ്ണമാം പുരന്ധ്രിതൻ പുഞ്ചിരി ചേരാത്തേടം.
കാന്തിയും കലകളും പുഷ്ടിയും സന്തുഷ്ടിയും
ശാന്തിയുമെല്ലാം ദേവഭാഷയിൽ സ്ത്രീശബ്ദങ്ങൾ.
ആദിമപ്രകൃതിയും സ്ത്രീത്വമെ വഹിക്കുന്നു
സ്ത്രീതന്നെ പരാശക്തി, സത്തയും ചിത്തും സ്ത്രീ താൻ."

മറുനാട്ടിലെ മഹാന്മാരുടെ മനോഭാവവും നമുക്കറിയേണ്ടതല്ലേ "വിഷാദത്തിൻെറ വിശകലനം" എന്ന പ്രഥിത ഗ്രന്ഥത്തിൻെറ കൎത്താവായ ബർട്ടൺ പറഞ്ഞു: "പുരുഷൻെറ വിലയേറിയ സമ്പത്ത് സ്നേഹസമ്പന്നയായ ഒരു ഭാൎയ്യയാണെ"ന്നു്. ജീവിതസഖികളെ മുറവും ശ്ലാഘിച്ചുകൊണ്ട് പല മഹാന്മാരും ചെയ്തിട്ടുള്ള പ്ര

സ്ഥാവനകളിൽ ഒന്നാണിതു്. ഈ ഭാഗ്യവാന്മാൎക്ക് അവരുടെ ജീവിതവൈഷമ്യങ്ങളിലും ക്ലേശങ്ങളിലും വലിയൊരാശ്വാസവും സഹായവുമായിരുന്നു അവരുടെ പ്രാണപ്രേയസികൾ. തളൎന്നു വീഴുന്ന ചേതനകളെ ഓമനിച്ചോമനിച്ചുന്മിഷിതമാക്കുവാൻ—നിരാശയുടെ കരിനിഴലുകൾ നിപുണതയോടെ തുടച്ചു മാററുവാൻ—പല്ലവോപമമായ ആ പാണികൾക്കുള്ള കെല്പ് അവർ ഹൃദയംഗമമായി വൎണ്ണിച്ചിട്ടുണ്ടു്, ഇംഗ്ലണ്ടിലെ പ്രധാന മന്ത്രിയായിയിരുന്ന വില്യം ഗ്ലാഡ്സ്റ്റനും പത്നിയായ കാതറൈനും 59 കൊല്ലത്തെ വൈവാഹികജീവിതമാണ് നയിച്ചതു്. ഈ നീണ്ട കാലഘട്ടത്തിനിടക്ക് ഒരിക്കൽ പോലും അവരുടെ ജീവിതാന്തരീക്ഷത്തിൽ തെററിദ്ധാരണയുടെ ഒരു നിഴലാട്ടമെങ്കിലും ഉണ്ടായിട്ടില്ലെന്നുള്ളതു് നമ്മെ അത്ഭുതമെപ്പെടുത്തുന്ന ഒരു പരമാൎത്ഥമാണ്. അവർ പരസ്പരസ്നേഹത്തിൻെറ നിദർശനങ്ങളായിരുന്ന ദാമ്പത്യത്തിൻെറ മധുരഫലങ്ങൾ നിറയെ ആസ്വദിച്ചു. രാഷ്ട്രീയരംഗത്തു് ഗ്ലാഡ്സ്റ്റൻെറ പ്രതിദ്വന്ദിയായിരുന്ന ഡിസ്റേലിക്കും ആനന്ദകരമായ ഇതെ അനുഭവങ്ങൾ തന്നെയുണ്ടായി. പക്ഷെ ഡിസ്റേലി പ്രേമത്തിൻെറ പ്രചോദനം കൊണ്ടല്ല വിവാഹവേദിയിൽ പ്രവേശിച്ചതു്. അവിടെയും അയാളുടെ നോട്ടം കം. ണ. സം. യിലായിരുന്നു. 35-ാമത്തെ വയസ്സിൽ അയാളൊരു 55 കാരിയുടെ ഭൎത്താവായി. യുവതിയോ സുന്ദരിയോ പ്രഗത്ഭയോ അല്ലെങ്കിലും മേരി ആനി സമ്പന്നയായ ഒരു വിധവയായിരുന്നു. അതുതന്നെ മതി അയാളെ തൃപ്തിപ്പെടുത്താൻ. പക്ഷെ ഡിസ്റേലിയെ ഭാഗ്യം നന്നായിട്ടനുഗ്രഹിച്ചു. അയാളുടെ ഭാൎയ്യക്കു ആളുകളോട് പെരുമാറാൻ ശരിക്കറിയാമായിരുന്നു. അതു് അയാളെ രക്ഷിച്ചു എന്നു തന്നെ പറയാം. രാഷ്ട്രീയമണ്ഡലത്തിൽ നിന്നും വിഷമം പിടിച്ച പ്രശ്നങ്ങളുടെ ചൂടോടെ വീട്ടിലേക്കു മടങ്ങുമ്പോൾ, ആശ്വാസത്തിൻെറ കുളിൎക്കാററ് വീശാൻ അവിടെയൊരു ആനന്ദകാരിണി കാത്തുനിൽക്കുന്നുണ്ടാവും. ഈ കാത്തുനില്പ് അയാളുടെ ജീവിതവിജയത്തിന്നു് നൽകിയ പ്രചോദനം! മുപ്പതു കൊല്ലം ഇങ്ങനെ കഴിഞ്ഞപ്പോൾ ഒരിക്കൽ ഡിസ്റേയിലി പറഞ്ഞു, "ഈ നീണ്ട ജീവിതത്തിനിടയിൽ അവളൊ

രിക്കലും എന്നെ മുഷിപ്പിച്ചിട്ടില്ല" എന്ന്. ഇതിൽക്കൂടിയ പ്രശംസ ഒരു ഭാര്യക്ക് കിട്ടാനുണ്ടോ? ഒരിക്കലവർ കളിപറയുകയായിരുന്നു·

"ആനി, നിൻെറ പണത്തിനു വേണ്ടിയാണ് ഞാൻ നിന്നെ വേളികഴിച്ചതെന്ന് അറിഞ്ഞിരിക്കുമല്ലൊ."

"അതെ," അവരം ക്രുസൽ കൂടാതെ മറുപടി പറഞ്ഞു, "പക്ഷെ ഒന്നുണ്ട്. ഇനി വേണമെങ്കിൽ നിങ്ങളെന്നെ പ്രേമത്തിനുവേണ്ടി വേളികഴിക്കും· അല്ലേ?" അയാളതു് പരമാത്ഥമാണെന്നു ഏററുപറഞ്ഞു. നമുക്കിന്ന് ഡിസ്റെയിലിമാരെ എത്ര വേണമെങ്കിലും കാണാൻ കിട്ടും. പക്ഷെ ഈ അഭിനവ ഡിസ്റെയിലിമാർ പണത്തിനു വേണ്ടിയാണ് പരിണയിച്ചതെന്നു കളിയായിട്ടായാലും ഒരിക്കൽപോലും സമ്മതിക്കുകയില്ല· പിന്നെയുമുണ്ട് വ്യത്യാസം. സാക്ഷാൽ ഡിസ്റെയിലിമാരുടെ ജീവിതസുഖം ഇക്കൂട്ടൎക്ക് സാക്ഷാത്കരിക്കാൻ വയ്യാത്ത ഒരു സങ്കല്പം മാത്രമായിരിക്കും. ഇപ്പോഴത്തെ ഡിസ്റെയിലി ദമ്പതിമാർ ഇങ്ങനെയൊരു സംവാദം നടത്തുന്നെന്നു വെക്കുക. അഭിനവ മിസ്സിസ്സ് ഡിസ്റെയിലി ആ പഴയ ചോദ്യം ആവൎത്തിക്കുന്നെന്നും വെക്കുക· എന്തൊവാം നമ്മുടെ മിസ്റ്റർ ഡിസ്റെയിലിയുടെ ഉത്തരം! ഇവിടെ ഞാനതു് എഴുതേണ്ട ആവശ്യമില്ല· നിങ്ങളുടെ എല്ലാം ചിന്തയിൽ തിരക്കിട്ടെത്തിയിട്ടുണ്ടാവും. ഗ്ലാഡ്സ്റ്റനും ഡിസ്റേലിയും വിവാഹജീവിതത്തിൽ അനുഗൃഹീതരായിരുന്നു, പ്രേമവും സഹാനുഭൂതിയുമുള്ള പ്രേയസികളുടെ സംലബ്ധിയിൽ—പ്രസിദ്ധ റഷ്യൻ സാഹിത്യകാരനായിരുന്ന ടർജിനീവ് ഈ ആനന്ദത്തിനായി എത്ര മാത്രം കൊതിച്ചെന്നോ? "അത്താഴം കഴിക്കാൻ ഞാൻ സമയത്തിനു വീട്ടിൽ എത്തുന്നുണ്ടോ എന്നന്വേഷിക്കാൻ ഒരു സ്ത്രീയുണ്ടായിരുന്നെങ്കിൽ, ഞാനവൾക്കുവേണ്ടി എനിക്കുള്ളതെല്ലാം, എൻെറ പുസ്തകങ്ങളെന്നല്ല എൻെറ പ്രതിഭ പോലും ഉപേക്ഷിക്കുമായിരുന്നു·"

റോബർട്ട് ബ്രൌണിംഗ് ആനന്ദകരമായ വിവാഹജീവിതം നയിച്ച ഭാഗ്യവാന്മാരിൽ ഒരാളായിരുന്നു. ഭാര്യയുടെ മരണമായിരുന്നു അയാളുടെ ജീവിതത്തിലെ ഏററവും വലിയ ദുഃഖസംഭവം· രോഗിണിയായിത്തീൎന്ന പത്നിയെ അയാളെങ്ങനെ സ്നേഹപൂൎവ്വം പ

രിചരിച്ചെന്നോ? അയാഠം വേദനയോടെ സ്വസഹോദരിക്ക എഴു തി അയച്ചു. "ഇതുവരെ ഒരു ദേവനായിട്ടല്ലെ ജീവിച്ചതെന്ന് ഞാനിപ്പോഠം ആലോചിച്ചുപോകുന്നു. "വേഡ്സ്വർത്തിന്റ് പ്രിയതമ ഒരു മായികാനന്ദമായിരുന്നു. ഭാര്യയെപ്പററി അയാഠം വികാരോഷ്മളമായ കവിതകളെഴുതി: "നേർവഴിയിൽ നയിക്കാനും സമാശ്വാസം നൽകാനും ജീവിതത്തിന് ചൂടേററുവാനുമായി ഉൽകൃഷ്ടമായി ഒരുക്കപ്പെട്ട ഒരു പരിപൂർണ്ണസ്ത്രീ—"

റോസെററിയും ജോൺ സ്ററുവർട്ടുമില്ലും മരണത്തിന്റെ കരാളഹസ്തം ജീവിതസഖികളെ വേർപെടുത്തിയപ്പോഠം വേദനകൊണ്ടു വിവശരായിപ്പോയി. ഐതിഹ്യകാലത്തെ ആദർശദമ്പതിമാരായ ഡാർബിയും ജോവാനും പോലെയാണ്, ഒടുങ്ങാത്ത ഫലിതത്തിന്നുറവിടമായ ബർനാഡ്ഷായും പത്നിയും ജീവിച്ചുപോന്നത്. ഒരു പ്രസിദ്ധ വ്യക്തിസ്വാതന്ത്ര്യവാദിയായിരുന്നല്ലൊ വിശ്രുത നാടകകൃത്തായ ഇബ്സൻ. അഭിനവനാടകാദർശങ്ങളുടെ ഈ ആചാര്യൻ വ്യക്തിസ്വാതന്ത്ര്യവാദിനിയായ ഭാര്യ, സ്വന്തം വ്യക്തിത്വത്തെ വികസിപ്പിക്കാനായി ഭർത്താവിനെ വിട്ടുപോകുന്ന രംഗം കൂടി "പാവക്കൂട്" എന്ന നാടകകൃതിയിൽ വെളിപ്പെടുത്തുകയുണ്ടായി. എങ്കിലും അയാളുടെ വിവാഹജീവിതം നമുക്കൊരത്ഭുതമാണെങ്കിലും വളരെ വിജയകരമായിരുന്നു. അയാളുടെ ഭാര്യയാകട്ടെ അത്രത്തോളംതന്നെ വ്യക്തിത്വമുള്ള ഒരു സ്ത്രീയായിരുന്നതാനും. അയാഠം സ്ത്രീകളെപ്പററി ഒരിടത്തിങ്ങനെ പറയുന്നു. ലോകത്തിലെ ഏററവും കരുത്തേറിയ ശക്തി സ്ത്രീയാണ്. പുരുഷനെ അവന്റെ നിശ്ചിതമായ ലക്ഷ്യത്തിലേക്ക നയിക്കുന്ന കടിഞ്ഞാൺ അവളുടെ കയ്യിലത്രെ." ഭാര്യയുടെ സ്വാധീനം നിമിത്തമാവാം സ്ത്രീത്വത്തെപ്പററി അയാഠംക്കിത്ര ആദരവ്. ഈ പ്രസ്താവനയിൽ മാത്രമല്ല, അയാളുടെ കൃതികളിലെല്ലാം ഈ ആദരവ് ഉടനീളം തെളിഞ്ഞു കാണാം.

ലോകം ആദരിച്ചുപോരുന്ന ആളുകളെല്ലാം തന്നെ അംഗനാമണികളുടെ ആരാധകരാണോ? ഈ അന്വേഷണത്തിൽ നാം ചിത്രത്തിന്റെ മറുവശത്താണ് ചെന്നെത്തുക—ഇരുണ്ടതുകൂടിയ മറുവശത്ത്. ഹൃദ്യമായ പരമാർത്ഥങ്ങളല്ല അവിടെ കാണുക, ചൊടി

പ്പിക്കുന്ന യാഥാത്ഥ്യങ്ങളാണ്. വാസ്തവം പറയണമല്ലൊ, അതൊക്കെ എടുത്തു കാണിക്കാൻ എനിക്കു ഭയം തോന്നുന്നുണ്ട്. താരണിവർണ്ണങ്ങൾ എന്നെ കാണുമ്പോൾ വെട്ടിത്തിരിച്ചുകളഞ്ഞെങ്കിലോ, കടക്കണ്ണുകൾ എൻെറ നേരെ നിസ്സഹകരണം അനുഷ്ഠിച്ചെങ്കിലോ? പിന്നെ ജീവിതത്തിൻെറ രസം പോയില്ലെ. എങ്കിലും ഒന്നുണ്ട്. ആ വലിയ ആളുകൾ പറഞ്ഞുവെച്ച കാര്യങ്ങൾ പകത്തിക്കാണിക്കുക മാത്രമല്ലെ ഞാൻ ചെയ്യുന്നുള്ളു. അതൊരപരാധമായി മനസ്വിമാർ കരുതുമോ?

ഭാര്യയെക്കൊണ്ടു വിഷമിക്കുന്ന നിർഭാഗ്യവാന്മാരിൽ മുമ്പനായിരുന്നു ടോൾസ്റ്റായി. കലാസുഭഗമായിരുന്ന ഒരു ഹൃദയത്തെ ഭാര്യ എന്നു പറയുന്ന സാധനം എങ്ങനെ താറുമാറാക്കിക്കളഞ്ഞെന്നോ? ഒടുവിൽ ഉപദ്രവത്തിൽ നിന്നും രക്ഷ നേടാനായി ക്രൂരിരുട്ടിൽ മരംകോച്ചുന്ന തണുപ്പത്തു് വീട്ടിൽ നിന്നും ഓടിപ്പോയി ഒരു തീവണ്ടിയാഫീസിൽ കിടന്നു ന്യൂമോണിയാ പിടിച്ചു മരണമടഞ്ഞു. ഒരു സാഹിത്യകാരനുണ്ടായ കാലക്കേടു നോക്കണേ, അതും ഭാര്യ എന്നു പറയുന്ന ഒരു സ്ത്രീമൂലം. അയാൾക്കു അന്ത്യമായി ഒരാഗ്രഹമേ ഉണ്ടായിരുന്നുള്ളു. അവളെ മരണശേഷം പോലും അടുത്തു വരാൻ അനുവദിക്കരുതെന്നു്. അവളുടെ സാന്നിദ്ധ്യം മൃതദേഹത്തേപ്പോലും വേദനിപ്പിക്കുമെന്നു ആ പ്രതിഭാശാലി കരുതിയിട്ടുണ്ടാവണം. ഈ കയ്പുള്ള അനുഭവങ്ങളാവാം അയാളെക്കൊണ്ടു ഇങ്ങനെ പറയിച്ചതു്, "ഏററവും ഉൽകൃഷ്ടമായ ഗുണങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീകൾ പുരുഷന്മാക്കു തുല്യകളല്ല, പുരുഷനേപ്പോലെ അവൾ ആത്മത്യാഗത്തെ അനുഷ്ഠിക്കുന്നില്ല. പുരുഷന്മാർ ത്യാഗബുദ്ധികളാണ്. ഒരാശയത്തിനുവേണ്ടി അവർ തൻെറ കുടുംബത്തെപ്പോലും പരിത്യജിക്കും. സ്ത്രീകൾ അങ്ങനെ ചെയ്യുകയില്ല. വിദ്യാഭ്യാസം സ്ത്രീ പ്രകൃതിയെ ഒരിക്കലും പരിവത്തിപ്പിക്കയില്ല. അവൾ സ്വഭാവികമായി യുക്തിരഹിതയാണ്."

മേൽ കണ്ടതു് റഷ്യൻ സാഹിത്യകാരൻെറ അനുഭവമാണെങ്കിൽ പാരസീകമഹാകവിയുടെ അവസ്ഥ നോക്കുക. സാദി—ഷിറാസിലെ ആ പൂങ്കുയിൽ വിധി വൈപരീത്യത്താൽ ഒരു യുദ്ധത്തി-

ടവുകാരനായിത്തീന്നു. ഒരു ദേശനേതാവ് അയാളെ കണ്ടെത്തി പത്തു ദിനാർ പ്രതിഫലം കൊടുത്തു മോചിപ്പിച്ചു. സ്വാതന്ത്ര്യവും കൊണ്ടു ചുമ്മാതെയങ്ങു നടന്നു പോകാൻ സാദിയെ വിട്ടില്ല. അയാളുടെ മകളുടെ മണവാളനാകേണ്ടി വന്നു കവിക്ക്. സ്ത്രീധനമായിട്ടൊരു നൂറു ദിനാറും കിട്ടി. അതോടെ കവിയുടെ പ്രശാന്തമായിരുന്ന ജീവിതാന്തരീക്ഷത്തിൽ കാറും കോളും ആരംഭിച്ചു. അയാളുടെ ഭാര്യയുടെ സ്വഭാവം ഒട്ടുംതന്നെ നല്ലതായിരുന്നില്ല. ദുരഭിമാനവും ഗർവ്വവും ദുശ്ശാഠ്യവും നിറഞ്ഞ അവളുടെ നാവ് ഭർത്താവിനെ നന്നെ വിഷമിപ്പിച്ചു. പക്വമതിയും മാന്യനുമായ സാദിക്കു പോലും അസഹ്യമായിരുന്നു അവളുടെ സ്വഭാവരീതികൾ. ഒരിക്കൽ ഭർത്താവിനെ ഭത്സിച്ചുകൊണ്ടവൾ അഹങ്കാരത്തോടെ പറഞ്ഞു: "പാശ്ചാത്യരുടെ തടവുപാളയത്തിൽ നിന്ന് 10 ദിനാർ കൊടുത്ത് എൻെറ പിതാവ് സ്വതന്ത്രനാക്കിവിട്ട ആൾ തന്നെയല്ലെ നിങ്ങൾ?" അയാൾ പ്രതിവചിച്ചു, "അതെ, 10 ദിനാറിനു മോചിപ്പിക്കുകയും 100 ദിനാറിനു നിൻെറ അടിമയാക്കുകയും ചെയ്തയാളുതന്നെ." വളരെക്കാലത്തെ വേർപാടുകൊണ്ടുപോലും മാഞ്ഞുപോകാത്ത കാളിമയാണ് ആ സ്ത്രീ അയാളിൽ വരുത്തിവെച്ചത്. ലളിതമായ ജീവിതവും ഉന്നതമായ ചിന്തയും യാഥാർത്ഥ്യമാക്കിത്തീർത്ത മഹാകവി ദാമ്പത്യജീവിതത്തിൽ എന്തെന്തു യാതനകൾ തന്നെ സഹിച്ചുകാണുകയില്ല!

ഒരു വലിയ വിഭാഗം ജനങ്ങളെ രാഷ്ട്രീയമോക്ഷം നൽകി അനുഗ്രഹിച്ച അമേരിക്കൻ പ്രസിഡണ്ടായിരുന്ന ഏബ്രഹാംലിങ്കൻെറ വിവാഹജീവിതം ശോകമയമായിരുന്നു. രാഷ്ട്രീയ രംഗത്ത് അദ്ദേഹത്തെ ഉള്ളഴിഞ്ഞനുഗ്രഹിച്ച ഭാഗ്യദേവത ഗാർഹികരംഗത്ത് ഒരു വിപരീത നില കൈക്കൊണ്ടു. ആവുന്നിടത്തോളം ഭാര്യയെ കാണാതെ കഴിച്ചുകൂട്ടാൻ വീട്ടിലെ സുഖസൌകര്യങ്ങളുപേക്ഷിച്ച് അയാൾ ഹോട്ടലുകൾ അന്വേഷിച്ചു പോയി. അവിടത്തെ മുഷിപ്പിക്കുന്ന ഭക്ഷണത്തിലും വാടക മുറിയിലെ പരിമിതമായ സൌകര്യങ്ങളിലും തൻെറ ആവശ്യങ്ങൾ അയാൾക്കു ഒതുക്കി നിർത്തേണ്ടി

വന്നു. ജീവിതത്തിൽ ഏതിലും കൂട്ടതലായി തൻെറ നിർഭാഗ്യക രമായ വിവാഹത്തെപ്പററി അയാാം പശ്ചാത്തപിച്ചു.

ഇനി നമുക്ക വിവാഹത്തെപ്പററിയുള്ള ചില വിദശ്ധാഭിപ്രായങ്ങാം പരിശോധിക്കാം. വലിയൊരു പെൺകോന്തനായിരുന്ന സോക്രട്ടീസിനോട്, വിവാഹം ചെയ്യുന്നതോ ചെയ്യാതിരിക്കുന്നതോ ഏതാണ് നല്ലതെന്നൊരുപദേശം വാങ്ങാൻ ഒരാാം ചെന്നു. "രണ്ടിൽ ഏതു ചെയ്താലും നിങ്ങാം പശ്ചാത്തപിക്കേണ്ടി വരും." എന്നാണ് ആ തത്വജ്ഞാനി പറഞ്ഞുകൊടുത്തതു്. അയാാം പോയി വിവാഹം കഴിച്ചോ അതോ അവിവാഹിതനായിരുന്നോ എന്നെനിക്കറിഞ്ഞുകൂടാ. എങ്കിലും സോക്രട്ടീസ് വിവാഹത്തിൻെറ ഒരു സ്തുതിപാഠകനല്ലെന്നു നമുക്ക വിചാരിക്കുക. ഷോപ്പനർ ഒരു വലിയ സ്ത്രീ വിദ്വേഷിയായിരുന്നു. "നീണ്ട തലമുടിയും നിശ്ശൂന്യമായ ബുദ്ധിയും" അയാാംക്കൊരു പെൺമണിയെപ്പററി ഇത്രമാത്രമെ പറയുവാനുള്ളു. അതുകൊണ്ടുമായില്ല. അയാാം ചങ്ങാതിമാരെ വിവാഹത്തിൽ നിന്നും വിട്ടുനിൽക്കാൻ ഉപദേശിച്ചുകൊണ്ടിരുന്നു. എത്രപേരീ ഉപദേശം സ്വീകരിച്ചോ എന്തോ. പെപ്പിസ് തൻെറ ഡയറിയിൽ കുറിച്ചുവെച്ചു. "ഈ സാധുക്കാം (അവിവാഹിതർ) നമ്മുടെ നിലയിലേക്കു താഴുന്നതു കാണുവാൻ വിവാഹിതരായ നമ്മാംക്കുള്ള സന്തോഷം വിചിത്രം തന്നെ." ഒരു നല്ല ഭർത്താവായിരുന്ന ജോൺസൻ വൈവാഹികാവസ്ഥ മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വാഭാവികമാണെന്നു കരുതിയില്ല "സേർ," അയാാം പറഞ്ഞു, സ്ത്രീപുരുഷന്മാർ വിവാഹിതരായി കഴിയണമെന്നുള്ളതു് ഒട്ടും സ്വാഭാവികമല്ല. അതിനാലാണ് ആ ബന്ധത്തിൽ ഉറച്ചു നിൽക്കാൻ അവർ പറയുന്ന കാരണങ്ങളും, അതിൽ നിന്നും ഒഴിഞ്ഞുമാറാതിരിക്കാൻ സമുദായം അടിച്ചേല്പിക്കുന്ന നിയന്ത്രണങ്ങളും അവരെ എന്നും ഒന്നിച്ചു നിർത്താൻ പര്യാപ്തമാകാത്തതു്.

ആർ. എൽ. സ്റ്റീവൻസൺ ഒരവിവാഹിതനായിരുന്നപ്പോാം തന്നെ പറഞ്ഞു: "വിവാഹം ഒരു പുഷ്പതല്പമല്ല, പടക്കളമാണെ"ന്നു്. പക്ഷെ ഒരു യോദ്ധാവിനെപ്പോലെ അയാളാ യുദ്ധഭൂമിയിൽ എടുത്തുചാടാൻ ഒരുമ്പെട്ടില്ല. ചാറത്സ്ലാംബ് ആജീവനാ

ന്തം അവിവാഹിതനായിരുന്നു. തനിക്കുണ്ടായിരുന്ന വാഗ്മിത്വം മുഴുവ നും ഈ നില സാധൂകരിക്കാൻ വേണ്ടി അയാളുപയോഗിച്ചു. പ്രസിദ്ധ തത്വചിന്തകനായിരുന്ന ഹെർബർട്ട് സ്പെൻസറെ "ഏകാന്തജീവി തത്തിൻെറ ആനന്ദ"ത്തിൽ നിന്നും വ്യാവർത്തിപ്പിക്കാൻ കഴിഞ്ഞില്ല.

വലിയൊരു ഫ്രഞ്ചുനോവലിസ്റ്റായിരുന്ന ഗ്ലുസ്റ്റാവ് ഫ്ളാബർട്ട് സ്ത്രീകളെ വെറുത്തിരുന്നു ഒരു സ്നേഹിതന്നു അയാൾ എഴുതി: "പൊതുവെ നോക്കിയാൽ വാണീദേവി അത്രതന്നെ വശഗയല്ലെ ങ്കിലും സ്ത്രീകളേക്കാൾ കുറച്ചു ഉപദ്രവമേ ഉണ്ടാക്കുകയുള്ളു. എ നിക്കിതു രണ്ടും തമ്മിൽ രഞ്ജിപ്പിക്കാൻ കഴിയുന്നില്ല. ഏതെങ്കി ലുമൊന്നു തെരെഞ്ഞെടുക്കുകയേ നിർവ്വാഹമുള്ളൂ." "എൻെറ കല യിൽ ഒരു പ്രേയസിയേക്കാൾ കൂടുതലായ കാര്യങ്ങളുണ്ടെ"ന്നു മ യിക്കൽ ഏൻജലോ പറഞ്ഞു. "മഹാ പ്രതിഭാശാലികളുടെ അ ന്യനർഘമായ ജീവരക്ത"മെന്നു നിർവ്വചിക്കപ്പെടുന്ന ഉത്തമഗ്രന്ഥ ങ്ങളുമായി പ്രണയസല്ലാപങ്ങൾ നടത്താനാണ് ആഡംസ്മിത്ത് ഇ ഷ്ടപ്പെട്ടത്. ഒരു പ്രണയിനിയേക്കാൾ മേലയാണ് ഗ്രന്ഥങ്ങളെ ന്നു അയാൾ കരുതി. "ചന്ദ്രൻെറ തേജസ്സിനെയും വള്ളികളുടെ വളവിനെയും തൃണങ്ങളുടെ വിറയലിനെയും പുഷ്പങ്ങളുടെ മൃദുലത യെയും പത്രങ്ങളുടെ ലാഘവത്തെയും മാൻപേടയുടെ കടാക്ഷത്തെ യും തേനീച്ചകളുടെ മുഴക്കത്തെയും പ്രകാശത്തിൻെറ പ്രദീപ്തിയെ യും മേഘങ്ങളുടെ രോദനത്തെയും മുയലിൻെറ ലജ്ജയെയും മയൂര ത്തിൻെറ ഔദ്ധത്യത്തെയും ശുകവക്ഷസ്സിൻെറ നൈർമ്മല്യത്തെയും ശിലയുടെ കാഠിന്യത്തെയും മധുവിൻെറ മാധുര്യത്തെയും വ്യാഘ്ര ത്തിൻെറ ക്രൌര്യത്തെയും അഗ്നിയുടെ ഊഷ്മാവിനെയും പക്ഷിക ളുടെ കൂജനത്തെയും കോകിലത്തിൻെറ ഗാനത്തെയും കൊററിയുടെ കാപട്യത്തെയും ചാർവ്വാകൻെറ വിശ്വസ്തതയെയും കൂട്ടിക്കലർത്തി സ്ത്രീയെ സൃഷ്ടിച്ചു" എന്നു ഡാൻവിലർ എഴുതിയതു മഹിളമാ ക്കൊരു പ്രശംസയായിട്ടാണോ അല്ലയോ എന്നെനിക്കു നിശ്ചയമി ല്ല. "അതിമാനുഷ"നെ സൃഷ്ടിച്ചുവിട്ട ജർമ്മൻ തത്വചിന്തകനായ ഫ്രെഡറിക് നീഷയുടെ അഭിപ്രായം പെണ്ണുങ്ങളെ ശുണ്ഠിയെടുപ്പി ക്കും: "സ്ത്രീ സത്യത്തെ ഗ്രഹിക്കുന്നില്ല. അവൾക്കു ഏററവും അ

പരിചിതവും വിരോധവും വിരുദ്ധവുമായിട്ടുള്ളതു് സത്യമാകുന്നു. സൌന്ദര്യത്തിലും വേഷവിധാനത്തിലുമാണ് അവളുടെ ദൃഷ്ടി—"

ലൌകികഭോഗങ്ങളിൽ നിന്നും വിമുക്തി നേടാൻ ഉപദേശിക്കുന്ന ശ്രീബുദ്ധൻ, തരുണികളുടെ സാന്നിദ്ധ്യം അവരുടെ നിശ്ചയത്തെ അപകടത്തിലാക്കുമെന്ന ആണുങ്ങൾക്കു മുന്നറിയിപ്പ് നല്കുന്നുണ്ട്. ഇതിനെയെല്ലാം കവച്ചുവെക്കുന്ന ഒരഭിപ്രായമാണ് കൺഫ്യൂഷ്യസ്സ് പറഞ്ഞതു—ആ വാക്കുകൾ ഇവിടെ പകർത്തുമ്പോൾ, നേരാണ് എന്റെ കൈ വിറക്കുന്നു, ഉള്ളിലൊരു കിടുക്കവും—"ദേവതയുടെ മുഖലാവണ്യത്തോടും പിശാചിന്റെഹൃദയത്തോടുംകൂടിയ ഒരു വിചിത്രസൃഷ്ടിയാണ് സ്ത്രീ"-മനോഹരലോകം എനിക്കു മാപ്പാക്കട്ടെ.

സർ ഐസക്ക് ന്യൂട്ടൺ സ്ത്രീകളെ സൂക്ഷ്മതയോടെ ഒഴിവാക്കിയിരിക്കുന്നു. തന്നെ അവരുമായി അടുപ്പിക്കാൻ ശ്രമിക്കുന്നു എന്നു സംശയം തോന്നിയ സ്നേഹിതനുമായി അയാൾ പിണങ്ങിപ്പിരിഞ്ഞു. ഹെൻട്രി ക്യാവെൽഡിഷിനു് തന്റെ വീട്ടുസൂക്ഷിപ്പുകാരിയെ കാണുന്നതുപോലും വെറുപ്പായിരുന്നു. അവളും സ്ത്രീയാണല്ലോ. കുറിപ്പെഴുതി മേൾമേലിട്ടാണ് അവളെ കാര്യങ്ങൾ അറിയിച്ചിരുന്നതു്. അയാളൊരു ഒന്നാം നമ്പർ സ്ത്രീവിദ്വേഷിയായിരുന്നു എന്നതിന്നു തർക്കമില്ല. ബാൽഫോർ പ്രഭു സ്ത്രീകളുടെ ഇടക്കു് വളരെ സമ്മതനായിരുന്നെങ്കിലും അവിവാഹിതനായിട്ടാണ് മരിച്ചതു്. ആസ്റ്റൻ ചെയിമ്പർ ലെയിൻ അവിവാഹിതക്കൊരു കരം നിശ്ചയിക്കണമെന്നു അഭിപ്രായപ്പെട്ടപ്പോൾ ബാൽഫോർ ഇതികർത്തവ്യതാമൂഢനായി ഇരുന്നു പോയി. ഈ നികുതി ഒരു നിശ്ചിതശതമാനം(അവിവാഹിതജീവിതത്തിന്റെ ഓരോപത്തുകൊല്ലത്തിലും വർദ്ധിച്ചുകൊണ്ടിരിക്കുമെന്നും നിർദ്ദേശിക്കപ്പെട്ടു. "ഇക്കണക്കിന് പ്രഭു ആണ്ടേയ്ക്കൊരു 40പവൻ കൊടുക്കേണ്ടിവരുമല്ലോ" എന്നായി ചാൻസലർ ഓഫ് ദി എക്സ്ചെക്കർ. ബാൽഫോർ പറഞ്ഞു: "അതെ എന്നാലും തരക്കേടില്ല—" പണം പോയാലും വേണ്ടില്ല, അയാൾ വിവാഹം ചെയ്യുകയില്ലെന്നു തന്നെ.

റോമാസാമ്രാജ്യത്തിന്റെ ചരിത്രകാരനായ ഗിബ്ബണുണ്ടല്ലോ, അയാൾ യൌവനത്തിന്റെ ആദ്യഘട്ടത്തിൽ ഒരു പ്രേമത്തിൽ ചെ

ന്നു പെട്ടു. കാമുകിയെ കൂടാതെ ജീവിക്കുവാൻ സാദ്ധ്യമല്ലെന്നു പറഞ്ഞുകൊണ്ടയാൾ അപ്പനെ സമീപിച്ചു. ഒരാട്ടായിരുന്നു അതിനു കിട്ടിയ മറുപടി. കാമുകൻ നിരാശനായി പിൻമാറി. പക്ഷെ പിന്നെ അയാൾ വിവാഹം ചെയ്യാൻ കൂട്ടാക്കിയില്ല. അതു് അപ്പനോടുള്ള ഒരു പ്രതികാരനടപടിയായിരുന്നോ, അതോ ആദ്യപ്രേമത്തോടുള്ള ആഭിമുഖ്യമായിരുന്നോ? മറെറാരു ചരിത്രകാരനായിരുന്ന കാർലൈൽ സന്തോഷത്തോടെ വിവാഹബന്ധത്തിൽ ഏർപ്പെട്ടു, പ്രശസ്തയായ ഒരു തരുണീമണിയുമായി—എങ്കിലും ആ വിവാഹം ഒരു വിജയമായില്ല. വളരെ അകൽച്ചയിലായിരുന്നു അവർ—ആ ദമ്പതിമാർ. അവരുടെ അഭിപ്രായവ്യത്യാസം പറഞ്ഞൊതുക്കാമെന്നു വെച്ച ഒരു സ്നേഹിതൻെറ ശ്രമം, സ്വർഗ്ഗവും നരകവും തമ്മിൽ യോജിപ്പിക്കാനുള്ള ഒരു പുറപ്പാടാണെന്നു ഫലിതരൂപത്തിൽ പറയപ്പെട്ടു. കാർലൈലിനുണ്ടായിരുന്ന പ്രധാനദോഷം അയാൾ സംഭാഷണത്തിൻെറ കുത്തക പിടിച്ചുകളയുമെന്നതാണ്. അയാളൊരു അവസാനമില്ലാത്ത സംഭാഷണക്കാരൻ. കൂടിയിരിക്കുന്നവരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ സംസാരം അങ്ങു തുടങ്ങിയേക്കും. മററുള്ളവരെ വാ തുറക്കാൻ അനുവദിക്കുകയുമില്ല. ഒരു സ്ത്രീയും സമ്മതിക്കുന്ന കാര്യമല്ല അവളുടെ നാവ് വളരെ നേരം അടച്ചുവെക്കാൻ. ഇവിടെയാണെങ്കിൽ എപ്പോഴും നിയന്ത്രണമാണ്. പിന്നെ എങ്ങനെയാണ് കുഴപ്പമുണ്ടാകാതിരിക്കുക? ഇതായിരുന്നു അവരുടെ കുടുംബജീവിതത്തെ അസുഖപ്പെടുത്തിയ സംഗതി. ചരിത്രകാരന്മാരിൽ ഹ്യൂമും മെക്കാളെയും വളരെ ബുദ്ധിപൂർവ്വം പെരുമാറി അവർ വിവാഹവേദിയിലേക്കൊരു ഒളിനോട്ടം പോലും അയച്ചില്ല. തനിക്കൊരു കൂട്ടുകാരിയാം സ്ത്രീയെക്കാണാത്ത ഇവരുടെ ഭവനത്തിൽ ശ്രേഷ്ഠമാം ശ്രീമാതെത്രനാൾ വാണിരുന്നോ ആവോ?—അതാ അകത്തുനിന്നൊരു ശബ്ദം. എൻെറ ശ്രീമതിയുടെ വരവാണെന്നു തോന്നുന്നു. തന്നെ. ഞാൻ നിറുത്തുകയാണ്. ടോൾസ്റ്റായിയുടെ കാര്യം പോകട്ടെ, കാർലൈലിൻെറ അനുഭവം പോലും, അതൊരു പരീക്ഷണത്തിനായായാലും ശരി, അഭിമുഖീകരിക്കാൻ ഞാൻ തയ്യാറില്ല.

———o———

# ഗാന്ധിസവും സോഷ്യലിസവും

എസ്. കൃഷ്ണൻകുട്ടി, പാലക്കാട്.

1947 ആഗസ്റ്റ് പതിനഞ്ചിന്നു ഇന്ത്യ സ്വതന്ത്രയായതോടുകൂടി വലിയ വലിയ പ്രശ്നങ്ങളും ഉത്തരവാദിത്വങ്ങളും ആവിർഭവിച്ചു. അവയിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു് സാമ്പത്തികപ്രശ്നമാണ്. കാരണം, സുസംഘടിതമായ സാമ്പത്തിക വ്യവസ്ഥയിൽ മാത്രമെ സുഖഭൂയിഷ്ഠവും ഐശ്വര്യസമ്പൂർണ്ണവുമായ ഇന്ത്യയെ കെട്ടിപ്പടുക്കുവാൻ സാധിക്കൂ. ഇന്നു് രാജ്യത്തിന്റെ അകത്തും പുറത്തും ഒട്ടധികം ഒച്ചപ്പാടുണ്ടാക്കുന്ന ഒരു സാമ്പത്തികസിദ്ധാന്തമാണ് സോഷ്യലിസം. ഉൽകൃഷ്ടമായ ആദർശങ്ങളും യുക്തിപൂർവ്വമായ പരിപാടികളും ഉൾക്കൊള്ളുന്ന ആ സിദ്ധാന്തം അനേകം ബുദ്ധിജീവികളെ ആകർഷിച്ചിട്ടുണ്ടു്. എങ്കിലും ഇന്ത്യയെ ബഹിർമുഖങ്ങളായ കഷ്ടപ്പാടുകളിലൂടെ ആനയിച്ചു സ്വാതന്ത്ര്യം വാങ്ങിത്തന്ന ആ രാഷ്ട്രപിതാവിന്റെ സാമ്പത്തികപരിപാടിയെ സോഷ്യലിസവുമായി ഒന്നു തട്ടിച്ചുനോക്കുന്നതു് ഈ സന്ദർഭത്തിൽ അനാവശ്യമായിരിക്കയില്ല. അടിസ്ഥാനതത്വങ്ങളിൽ ഗാന്ധിസവും സോഷ്യലിസവും പരിപൂർണ്ണമായി യോജിക്കുന്നു. അഥവാ ഒരേ ലക്ഷ്യത്തിലേക്കുള്ള രണ്ടു വിഭിന്നമാർഗ്ഗങ്ങളാണവ. നിലവിലുള്ള ഗവർമ്മേണ്ടിന്നെതിരായി സംഘടിച്ചു് ഭൂരിപക്ഷത്തോടെ ഗവർമ്മേണ്ടിൽ പ്രവേശിച്ചു്, സ്വകാര്യസ്വത്തുക്കളെ നിർബ്ബന്ധപൂർവ്വം പൊതുവുടമയിലാക്കി, ജാതിമതഭേദമന്യെ വർഗ്ഗരഹിതമായി എല്ലാവർക്കും വളരുവാനും ഉയരുവാനുമുള്ള ഒരു സമുദായം സൃഷ്ടിക്കയാണ് സോഷ്യലിസ്റ്റ് പരിപാടി. കമ്മ്യൂണിസ്റ്റാകട്ടെ ഒരുപടികൂടി മുന്നോട്ടു് പോകുന്നു. സംഘടനകൾ മൂലം വിപ്ലവങ്ങൾ ഉണ്ടാക്കുകയും നിലവിലുള്ള ഗവർമ്മേണ്ടിനെ തകർത്തു് തൽസ്ഥാനത്തു്

പാർട്ടിയുടെ ഒരു ഏകാധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു. എല്ലാ സ്വത്തുക്കളും ഗവമ്മേണ്ടിൽ ലയിക്കുന്നതോടുകൂടി ഗവമ്മേണ്ട് ഇല്ലാതാവുകയും പകരം സമത്വസുന്ദരമായ ഒരു സമുദായം ഉടലെടുക്കുകയും ചെയ്യുന്നു. രണ്ടിലും വ്യക്തികൾക്കു സ്ഥാനമില്ല. സമുദായത്തിൻെറ ബീജമായ വ്യക്തികളെ നശിപ്പിച്ചുകൊണ്ടാണ് ഇവയുടെ പോക്ക്. എന്നാൽ സമുദായത്തിലും ഗവമ്മേണ്ടിലും വ്യക്തികൾക്കു സവ്വതന്ത്രസ്വാതന്ത്ര്യവുമനുവദിച്ചുകൊണ്ടാണ് ഗാന്ധിസത്തിൻെറ തുടക്കംതന്നെ. സമുദായത്തിൻെറയും ഗവമ്മേണ്ടിൻെറയും ആത്മാവ് വ്യക്തിയാകുന്നു. എത്ര വിപുലമായ ദേശീയകരണവും പൊതുവുടമയും സൂക്ഷ്മത്തിൽ വ്യക്തിയിലാണ് ലയിക്കുന്നതു്. അതുകൊണ്ടു് വ്യക്തികൾ നന്നാകാത്ത പക്ഷം ഏതു് പൊതുവുടമയും വെറും പ്രഹസനവും പരാജയവും മാത്രമായിരിക്കും. വ്യക്തിക്കു സമുദായത്തോടുള്ള ബന്ധത്തെ വ്യക്തമായി കാണുകയും, വ്യക്തിക്കു സമുദായത്തോടുള്ള കടമ, വേണ്ടിവന്നാൽ ഗവമ്മേണ്ടിന്നെതിരായിപ്പോലും, നിവ്വഹിക്കുവാൻ ഗാന്ധിസം ഉൽബോധിപ്പിക്കുന്നു. ഇവിടെ ഗാന്ധിജി അരാജകവാദിയായ ടാൾസ്റ്റായിയോടു് ചേൎന്നാണ് നിൽക്കുന്നതു്.

ഉല്പന്നങ്ങളുടെ ആവശ്യത്തിലും ഉദ്ദേശത്തിലും ഗാന്ധിസം സോഷ്യലിസത്തോട് നൂറു ശതമാനം യോജിക്കുന്നു. 1927 മാർച്ച് 17 യങ്ങ് ഇന്ത്യാവിൽ ഗാന്ധിജി എഴുതുന്നു: "എൻെറ ആദർശം സമവിതരണമാണ്." സൃഷ്ടിപരിപാടിയെപ്പററി അദ്ദേഹം പറയുന്നു: "ഒരുറച്ച സാമ്പത്തികസമത്വത്തിൽ അല്ലാത്ത പക്ഷം ഈ പരിപാടി ഒരു മണൽക്കോട്ടയായിരിക്കും." പൊതുജനങ്ങളുടെ ഉപയോഗമാണ് ഉല്പന്നങ്ങളുടെ ഉദ്ദേശം. ആദായത്തിന്നു വേണ്ടി ഉല്പാദിപ്പിക്കുന്ന മുതലാളിമാരെ സോഷ്യലിസ്റ്റിനെപ്പോലെ ഗാന്ധിജിയും വെറുക്കുന്നു. 1939 ഡിസമ്പർ 16 ഹരിജനിൽ അദ്ദേഹം എഴുതുകയുണ്ടായി: "ഏററവും പുരോഗമിച്ച ഒരു സോഷ്യലിസ്റ്റിനോടോ, കമ്മ്യൂണിസ്റ്റിനോടോ അത്ര അല്ലെങ്കിലും ഏകദേശം അവരെപ്പോലെത്തന്നെ മുതലാളിത്വം അവസാനിക്കു

വാൻ ഞാനും ആഗ്രഹിക്കുന്നു. പക്ഷെ നമ്മുടെ വഴി വേറെ, ഭാഷ വേറെ." അങ്ങിനെ സോഷ്യലിസത്തിൻെറ അടിസ്ഥാനതത്വമായ സാമ്പത്തികസമവിതരണത്തിൽ അദ്ദേഹം അവരോട് പരിപൂർണ്ണമായി യോജിക്കുന്നു. ഇതിന്നു അദ്ദേഹം ആരോടും കടപ്പെട്ടിട്ടില്ല. അദ്ദേഹത്തിൻെറ സ്വതന്ത്രചിന്തയുടേയും അനുഭവത്തിൻേറയും അവസാനത്തീർപ്പാണതു്. ഒരേ ലക്ഷ്യത്തെ രണ്ടു വ്യത്യസ്തകോണുകളിൽ കൂടിയാണവർ വീക്ഷിക്കുന്നതു്. സോഷ്യലിസം ഉപരിപ്ലവമായ ഭൌതികസമത്വത്തിന്നുവേണ്ടി നിലകൊള്ളുമ്പോൾ, അഗാധമായ മനുഷ്യത്വത്തിലും ആത്മാവിലുമുള്ള ഏകീകരണത്തെയാണ് ഗാന്ധിസം ഉന്നയിക്കുന്നതു്. ഈ നിലപാടിൽ നിന്നു നോക്കിയാൽ അഹിംസയും സദാചാരവുമാണ് ഗാന്ധിസത്തിൻെറ അധിഷ്ഠാനമെന്നു എളുപ്പത്തിൽ മനസ്സിലാക്കാം. അക്രമവും അനാചാരവും നമ്മളെ കൂടുതൽ അധഃപതിപ്പിക്കുകയേ ഉള്ളുവെന്ന് നാളിതുവരെയുള്ള ലോകചരിത്രം തെളിയിച്ചു കഴിഞ്ഞു. ലോകസമാധാനത്തിന്നുവേണ്ടി ഒഴുക്കിയ രക്തപ്പുഴകളും കുന്നുകൂട്ടിയ അസ്ഥിക്കൂടങ്ങളും ലോകത്തെ ഒരു ഇഞ്ചെങ്കിലും പുരോഗമിപ്പിച്ചിട്ടില്ല. പാഠപുസ്തകങ്ങളിൽ നിന്നും പ്രസംഗപീഠങ്ങളിൽ നിന്നും അഹിംസയെ പ്രായോഗികജീവിതത്തിലേക്കു കൊണ്ടുവരാത്തപക്ഷം ലോകസമാധാനം എന്നും ഒരു മരീചികയായിരിക്കും. ലോകഗവമ്മേണ്ടിൻെറ സാദ്ധ്യതയെപ്പററി അമേരിക്കക്കാരോട് ചെയ്ത പ്രക്ഷേപണപ്രസംഗത്തിൽ നെഹറു ഈ സംഗതി വേണ്ടപോലെ വെളിപ്പെടുത്തി.

എളിയ ജീവിതവും അദ്ധ്വാനശീലവുമാണ് ഗാന്ധിസത്തിൻെറ വേറെ രണ്ടു പ്രധാന തത്വങ്ങൾ. ഉയന്ന ഭാവനയും എളിയ ജീവിതവും ഇന്ത്യയുടെ സംസ്കാരത്തിന്ന് പുതുമയല്ല. ക്ഷയരോഗിയുടെ വിഷയാസക്തിപോലെ കണ്ടതിലെല്ലാമുള്ള ദുരാശ നമ്മെ നാശഗത്തത്തിലേക്കാണ് തള്ളിവിടുക. വേണ്ടിവന്നാൽ എല്ലാം ത്യജിച്ചു നാം പൂജ്യത്തിലേക്കു കൂടി ചുരുങ്ങേണമെന്നു ഗാന്ധിജി പറയാറുണ്ട്. ഇന്നു് ലോകം മുഴുവൻ പണത്തിൻെറ പി

ന്നാലെ ഭ്രാന്തെടുത്തു ഓട്ടുകയാണ്. മുതലാളിത്തരാജ്യമായ അമേരിക്കക്കാൎക്കു് പണം (ഡോളർ) സത്യവും ദൈവം അസ്ഥവിശ്വാസവുമാണത്രെ. മനുഷ്യന്റെ ഇന്നത്തെ മനസ്ഥിതിക്കും ജീവിതരീതിക്കും ഗണ്യമായ മാററം വന്നാലല്ലാതെ ഏതു് 'ഇസവും' ലോകത്തിൽ നടക്കാൻ പോകുന്നില്ല. എല്ലാവരും പ്രവൎത്തിച്ചു ജീവിക്കേണമെന്നാണ് ഗാന്ധിസത്തിന്റെ മറെറാരു വശം. അദ്ദേഹത്തിന്റെ അടിസ്ഥാനതത്വം തന്നെ 'പ്രവൎത്തിച്ചു പഠിക്കുക' എന്നാണ്. അദ്ദേഹം പ്രവൎത്തിയെ ആരാധിക്കുന്നു. അദ്ദേഹത്തിന്റെ രാമരാജ്യത്തിലെ നാണയം അദ്ധ്വാനമാണ്; ലോഹത്തുട്ടുകളല്ല. രാജ്യം, ഗ്രാമം എന്നല്ല ഓരോ വ്യക്തിയും സ്വയം സമ്പൂൎണ്ണമാകുവാൻ ശ്രമിക്കേണമെന്നാണ് ഗാന്ധിസം സിദ്ധാന്തിക്കുന്നതു്. എല്ലാററിന്നും മീതെ മനുഷ്യനെ മാനദണ്ഡമാക്കിയ ഗാന്ധിജിക്കു യന്ത്രത്തോടുള്ള വ്യത്യസ്തമനോഭാവവും സ്വാഭാവികമാണ്. പൊതുവെ വിചാരിക്കുംപോലെ ഗാന്ധിജി യന്ത്രങ്ങൾക്കോ ശാസ്ത്രീയ പുരോഗതിക്കോ എതിരല്ല. കാറ്, കണ്ണട, റേഡിയോ മുതലായവ അദ്ദേഹത്തിന്റെ നിത്യോപയോഗങ്ങളിൽ പെട്ടവയാണ്. യന്ത്രങ്ങളെ ഉപയോഗിച്ചു ഗ്രാമവാസികളെ പണിയില്ലാതാക്കുമ്പോഴാണ് നാം ഗാന്ധിജിയെ എതിർകക്ഷിയിൽ കാണുന്നതു്. ഒരു വലിയ ജനവിഭാഗത്തിന്റെ ചോരയും മാംസവുമെടുത്തു കുറച്ചാളുകളെ തുടുപ്പിക്കാനുതകുന്ന ഏതു് യന്ത്രത്തേയും അദ്ദേഹം വീറോടെ എതിൎക്കുന്നു. ചുരുക്കത്തിൽ മനുഷ്യനെ മനുഷ്യനായും യന്ത്രത്തെ യന്ത്രമായും അദ്ദേഹം കാണുന്നു.

വികേന്ദ്രീകരണവും ഗ്രാമപുനഃസംവിധാനവുമാണ് ഗാന്ധിസത്തിന്റെ മറെറാരു അടിസ്ഥാനതത്വം. ഇന്നത്തെ സമുദായത്തിന്റെയും ഗവൎമ്മേണ്ടിന്റെയും നില്പ് വളരെ വിചിത്രമായിട്ടാണ് ഇരിക്കുന്നതു്. ഗവൎമ്മേണ്ട് നാലോ അഞ്ചോ വ്യക്തികളുടെ ബാലൻസിന്നനുസരിച്ചു ഒരു സൎക്കസ്സ് വിദ്യപോലെയാണിരിക്കുന്നതു്. അധികാരം മുഴുവനും അങ്ങേത്തലയിലുള്ള മന്ത്രിമാരിലാണ് നിക്ഷിപ്തമായിരിക്കുന്നതു്. ഇതിനെ പാടെ തകൎത്തു് അധി

ക്കാരം ജനങ്ങൾക്കു വീതിച്ചു കൊടുക്കണം. രാജ്യരക്ഷാസൈന്യം, വലിയ നീതിന്യായവകുപ്പ്, അതിർത്തിത്തക്കം, വിദേശബന്ധം, എന്നിവയൊഴിച്ച് മറെറല്ലാ അധികാരങ്ങളും ഗ്രാമങ്ങളിലേക്കു മാററണം. എന്നാൽ മാത്രമെ ജനങ്ങളാൽ ജനങ്ങൾക്കു വേണ്ടിയുള്ള ഭരണമാവുകയുള്ളു. ഇന്നു ജനങ്ങൾക്കുവേണ്ടി നാലോ അഞ്ചോ ആളുകളാണ് ഭരിക്കുന്നതു്. സാമ്പത്തിക സ്വാതന്ത്ര്യവും രാഷ്ട്രീയ പ്രബുദ്ധതയും ഉള്ള നാട്ടിൽ മാത്രമെ ജനകീയ ഭരണം വിജയിക്കുകയുള്ളു. ഇന്നു് സ്വത്തും ഫാക്ടറികളും അല്പം ചില വ്യക്തികളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നതു്. ഈ പരിതസ്ഥിതിയിൽ സ്വതന്ത്രമായ അഭിപ്രായപ്രകടനം നിഷ്പക്ഷമായ തിരഞ്ഞെടുപ്പ് മുതലാളിമാരെ ആശ്രയിച്ചു ജീവിക്കുന്നവക്കു സാദ്ധ്യമല്ല. അതുകൊണ്ടാണ് വികേന്ദ്രീകരണം അദ്ദേഹം നിർദ്ദേശിക്കുന്നതു്. വൻതോതിലുള്ള ഉൽപാദനമല്ല, ജനങ്ങളാലുള്ള ഉൽപാദനമാണ് ഗാന്ധിജി ഉപദേശിക്കുന്നതു്. ചക്കക്കു കേന്ദ്രസ്ഥാനം കൊടുത്തുകൊണ്ടു് കുടിൽവ്യവസായത്തെ പോഷിപ്പിക്കുവാൻ അദ്ദേഹം ആവശ്യപ്പെടുന്നതിൻെറ രഹസ്യവും മറെറാന്നല്ല.

ഇങ്ങിനെ സാമ്പത്തീകരാഷ്ട്രീയമായി ഉയന്നും പരന്നും പോകുന്ന ഗ്രാമങ്ങളുടെ നിദാനം കത്തവ്യബോധമുള്ള വ്യക്തികളാണ്. വ്യക്തികൾ കുടുംബത്തിന്നും കുടുംബം ഗ്രാമത്തിന്നു വേണ്ടിയും എന്തും സഹിക്കുവാനും ത്യജിക്കുവാനും തയ്യാറായിട്ടുള്ള ഗ്രാമങ്ങളെയാണ് ഗാന്ധിജി രാമരാജ്യം എന്നു വിളിക്കുന്നതു്. അതുതന്നെയാണ് കാറൽമാർക്കിസിനെപ്പോലുള്ള ഉൽകൃഷ്ടചിന്തകന്മാരെപ്പോലും അമ്പരപ്പിച്ച ഐക്യവും, സ്നേഹവും, നന്ദിയും കവിഞ്ഞൊഴുകുന്ന സുപ്രസിദ്ധ ഗ്രാമപഞ്ചായത്തു്. അദ്ധ്വാനശീലം, എളിയ ജീവിതം, അഹിംസ, മനുഷ്യത്വം എന്നീ തറക്കല്ലുകളിലാണ് ഗാന്ധിസം കെട്ടിപ്പടുത്തിരിക്കുന്നതു്. ഇവയെല്ലാം നടപ്പിൽ വരുവാൻ കാലവിളംബം വന്നേക്കാം. എന്നാൽ അതിൽക്കൂടി മാത്രമെ ലോകത്തിന്നു ശാന്തിയും സമാധാനവും പുരോഗതിയും ഉണ്ടാവുകയുള്ളു.

———o———

# സാമൂഹ്യജീവി

ഒളപ്പമണ്ണ

ഞാനൊരു സമുദായ ജീവിയാം കവി; യെന്നെ-
ക്കാണുക പതിവില്ലേ സമൂഹങ്ങളിലെല്ലാം?
മുഖത്തു തണുപ്പുള്ള മഞ്ഞുതുള്ളികൾ വീഴ്ത്തി-
മുകുളങ്ങളെ മുക,ന്നുഷസ്സുണർത്തീടുമ്പോൾ,
കാണാമപ്പൂന്തോട്ടത്തി,ലെന്നയും വികസ്വര-
സൂനമാ—യപ്പോൾ, സുമജാലമെൻ സമുദായം.
രാവിലെ, ചെങ്കള്ളിന്റെ ചഷകം നീട്ടിക്കാട്ടും
പൂവിലെപ്പൂന്തേനുണ്ണാൻ വണ്ടുകളണയുമ്പോൾ,
കാണാമെന്നെയുമവർക്കിടയിൽ, മൂളിക്കൊണ്ടേ
ഗാനങ്ങ—ളപ്പോൾ, വണ്ടിൻ കൂട്ടമെൻ സമുദായം.
അകത്തു കടക്കാവ്വാൻ മലങ്കോട്ടകൾ തീർത്ത
ജഗത്തോടാഴിത്തിരമാലകൾ പോരാടുമ്പോൾ,
അവരോടൊപ്പം കാണാമെന്നെയു മടരാട്ട-
മലയാ—യപ്പോൾ ത്തിരച്ചാർത്തെന്റെ സമുദായം.
വിസ്തൃതമാകും മനോരാജ്യത്തിൻ മലർക്കാവിൽ
വിദ്രുമംതോറും തങ്കക്കിനാക്കൾ പറക്കുമ്പോൾ,
ചിത്രപത്രിയായവർക്കിടയിൽ കാണാം ഞാനും
തത്തുന്ന—തപ്പോൾ സ്വപ്നാവലിയെൻ സമുദായം.
തങ്ങളിൽ ശബ്ദിച്ചുകൊണ്ടുത്തുംഗങ്ങളാം ഗിരി-
ശൃംഗങ്ങൾ തലക്കുന്നിയുയർത്തി നിന്നീടുമ്പോൾ,
ഉത്തുംഗനഗശൃംഗമാ,യുച്ചം ശബ്ദിച്ചുകൊ,-
ണ്ടുച്ചണ്ഡപവനനിലുത്തമാംഗമിട്ടാട്ടി,
നിന്നീടുന്നതായ്ക്കാണാമെന്നെയുമവർക്കൊപ്പം—
അന്നേരം കൊടുമുടിക്കൂട്ടമെൻ സമുദായം.

# റഷ്യയെ തടുക്കണം

[റഷ്യയുടെ നയത്തെ അപലപിച്ചുകൊണ്ടും ലോകത്തിലെങ്ങും പടൎന്നു പിടിക്കുന്ന കമ്മ്യൂണിസത്തിനെതിരെ നടപടികളെടുക്കണമെന്നു ഉൽബോധിപ്പിച്ചുകൊണ്ടും തന്റെ കക്ഷിയോഗത്തിൽ ചർച്ചിൽ ചെയ്ത പ്രസംഗത്തിലെ ചില ഭാഗങ്ങളാണിതു്. അമേരിക്കയുടെയും ബ്രിട്ടന്റെയും മററും നടപടികളെ തീക്ഷ്ണമായി വിമൎശിച്ചുകൊണ്ടു് സോവിയററ് പ്രതിനിധിയായ വൈഷിൻസ്കി യു. എൻ. ഒ. യിൽ ചെയ്ത പ്രസംഗത്തിലെ ചില ഭാഗങ്ങളം പുറകെ കൊടുത്തിട്ടുണ്ടു്. ലോകസമാധാനം അപകടത്തിലായിരിക്കുന്നു എന്നതിന്റെ തെളിവ് ഇവയിൽ കാണാം.]

നാം ഒരേ കുഴിയിൽ രണ്ടു പ്രാവശ്യം വീഴുകയില്ലെന്നു ഞാൻ ആശിക്കുന്നു. സോവിയററ് റഷ്യയോടുള്ള നമ്മുടെ ബന്ധങ്ങൾ നമ്മുടെ മനസ്സിനെ വിഷമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. റഷ്യൻ കമ്മ്യൂണിസ്റ്റ് ഗവൺമെണ്ടിന്റെയും അതിന്റെ പാർശ്വവൎത്തികളുടെയും തുടർച്ചയായിട്ടുള്ള വിരോധവും കയ്യേററങ്ങളും നമ്മെ അഭിമുഖീകരിക്കുകയാണ്.

ബോൾഷെവിക്ക് റഷ്യ ഇപ്പോൾ തന്നെ സുശക്തമായ ആയുധീകരണം നടത്തിയിട്ടുണ്ടു്. യൂറോപ്പിൽ റഷ്യക്കുള്ള സേനകൾ പാശ്ചാത്യരാജ്യങ്ങൾക്കുള്ളതെല്ലാം കൂട്ടിച്ചേൎത്തതിനേക്കാൾ എത്രയോ കൂടുതലാണ്.

---

വാരൊളിതാവും വെണ്ണിലാവിലമ്പിളിമററ-
ത്താരാൽത്താരകളെത്തി,ക്കൈകൊട്ടിക്കളിക്കുമ്പോൾ,
കാണാമെന്നെയുമൊരു താരക കുമാരിയായ്
വാനി—ലന്നേരത്തുഡുഗണമെൻ സമുദായം.
അങ്ങനെ, സമുദായജീവിവാം ഗന്ധൎവ്വൻ, ഞാൻ,
നിങ്ങളിലെല്ലാമൊരു ഗാനമായ് ലയിക്കുന്നു !

—o—

[പകൎപ്പവകാശം പദ്യകാരനു്]

അമേരിക്ക വീണ്ടും വലിയ തോതിൽ ആയുധീകരണം നടത്തുന്നു. നമ്മുടെ നേതൃത്വത്തിൽ, അമേരിക്കയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത സഹായത്തോടുകൂടി, പടിഞ്ഞാറുവശത്ത് ഫ്രാൻസിൻെറയും മററു രാജ്യങ്ങളുടെയും എതിർമുന്നണി സ്ഥാപിക്കുവാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്.

വിജയത്തിൻെറ വെളിച്ചത്തിൽ ജനായത്തഭരണത്തിൻെറ ശക്തികൾ നശിച്ചുപോകുമെന്നും അതേ സമയത്ത് സ്വേച്ഛാധിപത്യത്തിൻെറ ശക്തികളെ വളരെക്കാലത്തേക്കു വമ്പിച്ച തോതിൽ സംഭരിച്ചുവെക്കാൻ സാധിക്കുമെന്നും ഞാനും ഭിന്നകക്ഷികളിൽ പെട്ട എൻെറ സഹപ്രവത്തകന്മാരും അന്ന് ദീർഘദർശനം ചെയ്തിരുന്നു.

സോവിയററ് റഷ്യയുമായി സ്നേഹപരമായ ഒരൊത്തുതീർപ്പുണ്ടാകുമെന്നുള്ള അത്ഥശൂന്യമായ ആശകൾകൊണ്ടു ഞാൻ നിങ്ങളെ ഉത്സാഹപ്പെടുത്തുന്നില്ല. ഒരു പരിഹാരമെന്നു വാഴ്ത്തപ്പെട്ടേക്കാവുന്ന ഏതെങ്കിലും കൃത്രിമമായ രാജി കണ്ടുപിടിച്ചേക്കാം. പക്ഷെ അടിയിലുള്ള മത്സരവും അപകടവും നിലനില്ക്കുതന്നെ ചെയ്യും. "ഐവാൻ ഭയങ്കര"ൻെറ കാലത്തിനുശേഷം ഏതൊരു സാർ ചക്രവത്തിക്കും വഹിക്കാൻ സാധിച്ചിട്ടില്ലാത്ത സ്വേച്ഛാധികാരത്തോടുകൂടി മൂവായിരം ലക്ഷം മനുഷ്യരെ ഭരിക്കുന്ന ക്രിംലിനിലെ ആ പതിനാലുപേർ—കമ്മ്യൂണിസ്റ്റ് തന്ത്രങ്ങൾ കൊണ്ട് യൂറോപ്പിൻെറ പകുതിയേയും അമത്തിവെച്ചിരിക്കുന്നവർ—സ്വാതന്ത്ര്യവും പരിഷ്കൃതവുമായ ലോകത്തിൻെറ ശത്രുതയെ ഭയപ്പെടുന്നതുപോലെ തന്നെ അതിൻെറ സ്നേഹത്തെയും ഭയപ്പെടുന്നു.

"ഇരുമ്പുതിരശ്ശീല" ഒന്നുയത്തിയാൽ, ഇരുവശങ്ങളിലുമായി ജീവിക്കുന്ന അനേകലക്ഷം സഹൃദയരായ മനുഷ്യർ തമ്മിൽ വ്യാവസായികവും സാംസ്കാരികവുമായ പരസ്പരബന്ധങ്ങൾ അനുവദിക്കപ്പെട്ടാൽ, മോസ്കോയിലെ ആ ദുഷ്ടസംഘത്തിൻെറ ശക്തി തകരുകയും അവരുടെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളുടെ പ്രാഭാവം ഇല്ലാ

ത്താവുകയും ചെയ്യും. അതുകൊണ്ടു, അവരുടെ താല്പര്യങ്ങൾ സം രക്ഷിക്കുന്നതിന്നുവേണ്ടി മേൽപറഞ്ഞമാതിരിയുള്ള ബന്ധങ്ങളെ അവർ അനുവദിക്കുകയില്ല.

നമ്മുടെ രക്ഷ അനുവദിക്കുന്നിടത്തോളം കാലം ക്ഷമയോടെ അടങ്ങിയിരിക്കുന്നതിനോടുകൂടി, കമ്മ്യൂണിസ്റ്റ് റഷ്യയിലെ ഭരണക ർത്താക്കന്മാരുടെ സ്വഭാവം മാറുമെന്നുള്ള അന്ധമായ പ്രതീക്ഷകൊ ണ്ടു് നമ്മെ തന്നെ കബളിപ്പിച്ചുകൊണ്ടു് കഴിയുവാൻ പാടില്ല. സമാധാനത്തിൻെറ അടിസ്ഥാനങ്ങളെപ്പററിയും നാം തെററിദ്ധരി ക്കാൻ പാടില്ല.

എൻെറ വിശ്വാസം ഇതാണ്, ഞാൻ അതു് അഗാധമായ വ്യസനത്തോടുകൂടി പറയുകയും ചെയ്യുന്നു. ഇക്കാലത്തു് സമാധാ നത്തിൻെറയും യുദ്ധനിവാരണത്തിൻെറയും ഒരൊററ അസ്ഥിവാരം ശക്തിയാണ്. അമേരിക്കയുടെ അധീനതയിൽ ഇപ്പോഴുള്ള ആററംബോമ്പുകളില്ലെങ്കിൽ, റഷ്യൻ സേനകളും രാഷ്ട്രീയപ്പോലി സും പിന്നിലുള്ള കമ്മ്യൂണിസ്റ്റ് തന്ത്രങ്ങൾ പശ്ചിമയൂറോപ്പിനെ അമൎത്തുന്നതു് നിറുത്താൻ യാതൊരു വഴിയുമുണ്ടാകുമായിരുന്നില്ല.

ഒമ്പതു കൊല്ലങ്ങൾക്കു മുമ്പ്, 1939, ൽ പ്രേഗിലേക്കു് ഹിററ്ലർ അക്രമമായി പ്രവേശിച്ച അതേമാതിരിയുള്ള കൈയ്യേററം തന്നെ 1949 ൽ സ്റ്റാലിൻ ചെക്കോസ്ലോവേക്കിയയിൽ ചെയ്ത കൈയ്യേററത്തിൻെറ ഉദാഹരണമുണ്ടു്. തങ്ങളുടെ കൈയിലായ ഏതൊരു രാജ്യത്തിൻെറയും നേൎക്കു സോവിയററുകാർ പ്രയോഗിക്കു ന്ന നയത്തിൻെറ ശരിപ്പകപ്പാണിതു്. കമ്മ്യൂണിസ്റ്റ് കോളേജുക ളിൽ നല്ല പരിശീലനം ലഭിച്ചവരും ജീവിക്കുന്നതിന്നുപോലും പാൎട്ടി മേധാവികളുടെ സംതൃപ്തി ആവശ്യമായിരിക്കുന്നവരുമായ കൊമ്മി സ്സാറന്മാരെക്കൊണ്ടും ഉദ്യോഗസ്ഥസംഘങ്ങളെക്കൊണ്ടും പോലീസു കാരെക്കൊണ്ടും ഭരിക്കുന്നതു് ഏററവും എളുപ്പത്തിലാകാൻ വേണ്ടി എല്ലാവരേയും, അവരുടെ തൊഴിൽ എന്തുതന്നെയായാലും, വളരെ താഴ്ന്ന ഒരു നിലയിലാക്കിക്കളയുകയാണ് അവൎക്കു വേണ്ടതു്.

തൻെറ പരിപാടികളെപ്പററി ഹിററ്ലർ "മെയിൻ കാംഫി" ൽ പറഞ്ഞതുപോലെ അത്ര വിശദമായ രൂപത്തിൽ നമ്മുടെ കൺമുമ്പിൽ നാം കാണുന്നുണ്ട്. പാശ്ചാത്യരാജ്യങ്ങൾ—പ്രത്യേകിച്ചു ബ്രിട്ടനും അമേരിക്കയും—അപായകരമായ ആ കെണിയിൽ രണ്ടാം പ്രാവശ്യവും വീണുപോവുകയില്ലെന്നു ഞാൻ ആശിക്കുന്നു.

ഒരു കാര്യത്തെപ്പററി എനിക്കു നിശ്ചയമുണ്ട്. തങ്ങൾ സംഭരിച്ചുവെച്ചിട്ടുള്ള ആററംബോമ്പുകളെ ഏതെങ്കിലും കരാറനുസരിച്ചു നശിപ്പിച്ചുകളയാൻ അമേരിക്ക സമ്മതിക്കുകയാണെങ്കിൽ, അവർ മനുഷ്യസ്വാതന്ത്ര്യത്തെ കൊലചെയ്യുകയും ആത്മഹത്യ നടത്തുകയും ചെയ്യുകയായിരിക്കും. ഞാൻ പറയുന്നതു് നിങ്ങൾ നല്ലവണ്ണം ശ്രദ്ധിക്കുമെന്നു ഞാനാശിക്കുന്നു. ഞാൻ പറയുന്നതു് എല്ലായ്പോഴും തെററായിട്ടില്ല.

യൂറോപ്പ് കമ്മ്യൂണിസ്റ്റ്കാർക്ക് പരിപൂർണ്ണമായി കീഴടങ്ങുന്നതിനുള്ള പ്രതിബന്ധം അമേരിക്കയുടെ അധീനതയിലുള്ള ആററംബോംബ് ഒന്നുമാത്രമാകുന്നു. ആറേറാമിക്കു ശക്തി സാർവദേശീയമാക്കാനും അതിൻെറ സൈനികമായ ഉപയോഗം നിയമവിരുദ്ധമാക്കാനും സോവിയററ് ഗവമ്മേണ്ട് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, വാക്കാലുള്ളതോ എഴുതിയതോ ആയ ഏതെങ്കിലും ഉടമ്പടിയാലല്ല, വാക്കുകളെക്കാൾ പ്രഗത്ഭമായി സംസാരിക്കുന്ന പ്രവൃത്തികൾകൊണ്ട് തന്നെ അവർ ലോകത്തെ വിശ്വസിപ്പിക്കണം.

ഇപ്പോൾ അവർ തങ്ങളുടെ നഖങ്ങളിൽ പിടിച്ചു വെച്ചിരിക്കുന്ന കിഴക്കൻ യൂറോപ്പിലെ പുരാതനങ്ങളായ പതിനൊന്നു തലസ്ഥാനങ്ങളിൽ നിന്നൊഴിഞ്ഞുമാറി അവയെ മോചിപ്പിക്കട്ടെ. നമ്മളും അവരും സഖാക്കളായി പൊരുതിയിരുന്ന കാലത്തു് സമ്മതിച്ചതുപോലെ " കഴ്സൺ വര"യിലേക്കു വലിയട്ടെ.

ഇന്നവർ അടിമകളെപ്പോലെ അമർത്തിവെച്ചിരിക്കുന്ന പത്തുലക്ഷം ജർമ്മൻകാരും ജപ്പാൻകാരുമായ തടവുകാരെ മോചിപ്പിക്കു

ട്ടെ. ഇന്നവർ അധീനത്തിലാക്കിയിരിക്കുന്ന ജർമ്മനിയുടെയും ആസ്ത്രി യയുടേയും വലിയ വിഭാഗങ്ങളെ ഉപദ്രവിക്കുകയും ചൂഷണം ചെയ്യു കയും ചെയ്യുന്നതു് നിറുത്തലാകട്ടെ.

ഇന്തോനീഷ്യയെയും മലയയെയും അവർ ഉപദ്രവിക്കുന്നതു് നിറുത്തട്ടെ. കമ്മ്യൂണിസ്റ്റ്കാരുടെ കൈവശമുള്ള കൊറിയൻ ഭാഗ ങ്ങളെ സ്വതന്ത്രമാക്കട്ടെ. ചൈനയിൽ ഭയങ്കരമായ യുദ്ധത്തെ ആളിക്കത്തിക്കാതിരിക്കട്ടെ. മററുള്ളവക്ക് സ്വതന്ത്രമായി ശ്വാസം വിടാനുള്ള സന്ദർഭം കൊടുക്കുകയും തങ്ങൾതന്നെ സ്വതന്ത്രമായി ശ്വാസം വിടുകയും ചെയ്യട്ടെ.

ചിലർ ചോദിക്കുന്നു, അവക്ക് ആററംബോമ്പ് കിട്ടുകയും അ തു് സംഭരിക്കുകയും ചെയ്താൽ എന്താണ് സംഭവിക്കുക എന്നു്. ഇ ന്നു നടക്കുന്നതു് മാനദണ്ഡമാക്കിക്കൊണ്ടാൽ അന്നു നടക്കാൻ പോ കുന്നതു് നമുക്കനുമാനിക്കാം. അമേരിക്കയല്ല, റഷ്യയാണ് ആറേറാ മിക്ക് ആയുധം സൃഷ്ടിച്ചതെന്നു വരികിൽ, ഇന്നത്തെ സ്ഥിതി എ ന്തായിരിക്കുമെന്നാണ് നിങ്ങൾ വിചാരിക്കുന്നതു് ? സമാധാനത്തെ യും സ്വാതന്ത്ര്യത്തെയും പുലർത്തുന്നതിന്നുള്ള ഉപകരണമായിരിക്കാ തെ അതു് മാനവസമുദായത്തെ അടിമയാക്കിവെക്കുന്ന പ്രതിവിധി യല്ലാത്ത ഒരു ഉപകരണമാകുമായിരുന്നു.

# റഷ്യയുടെ മറുപടി

വൈഷിൻസ്കി

സഹകരണത്തിനായി റഷ്യ അത്യധികമായി ആഗ്രഹിക്കുന്നു. അതു് സാദ്ധ്യമാണു്. ഞാൻ വീണ്ടും പറയുന്നു, വ്യത്യസ്തങ്ങളായ ആദർശങ്ങളും വ്യത്യസ്തങ്ങളായ സാമുദായികഘടനകളും ഉള്ള രാജ്യങ്ങൾ തമ്മിൽ സഹകരണം സാദ്ധ്യമാണ്, അതിനുള്ള യഥാർത്ഥമായ മോഹമുണ്ടെങ്കിൽ.

'വലിയ അഞ്ചു മഹച്ഛക്തിക'ളുടെ ആയുധസാമഗ്രികളിൽ മൂന്നിലൊന്നു കുറക്കാനുള്ള റഷ്യയുടെ നിർദ്ദേശം നല്ലവണ്ണം പ്രയോഗത്തിൽ വരുത്താനായിട്ടുള്ള നിർദ്ദേശങ്ങളെല്ലാംതന്നെ സ്വീകരിക്കാൻ റഷ്യ സന്നദ്ധമാണ്. പക്ഷെ, ഒരു മഹാശക്തിയുള്ള ആയുധത്തിന്റെ നിഴലിൽ നിന്നുകൊണ്ടുള്ള സഹകരണം റഷ്യക്കു ആവശ്യമില്ല. ഓരോ ആയുധത്തിനും ഒരു പ്രത്യായുധമുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ.

യുദ്ധത്തിനുവേണ്ടി പ്രചാരവേല നടത്തുന്ന പിൻതിരിപ്പൻ ശക്തികൾ ലോകത്തുണ്ടെന്നു ഞങ്ങൾ പറയുന്നു. അതു ശരിയല്ലേ ? യുദ്ധമുണ്ടാക്കുവാൻ ശ്രമിക്കുന്നവർ, ഒരു പുതിയ യുദ്ധം സൃഷ്ടിച്ചു ലോകത്തിന്റെ യജമാനന്മാരാകാൻ ശ്രമിക്കുന്നവർ, ഉണ്ടെന്നുള്ളതു് വാസ്തവമല്ലെയോ ?

ലോകത്തിലെ ജനങ്ങളെ കബളിപ്പിക്കാനും നിങ്ങൾക്കൊരു ആറ്റോമിക്കു യുഗം വേണമെന്ന ആഗ്രഹമില്ലെന്നു ലോകത്തെ വിശ്വസിപ്പിക്കാനും ആഗ്രഹമുള്ളതുകൊണ്ടാണ് ആറ്റമിക്ക് ബോമ്പിന്റെ ഉപയോഗം തടയാനുള്ള നിർദ്ദേശത്തെ നിങ്ങൾ തടയുന്നതു്.

ഹിററ്ലക്ക മുതലാളിത്തം എന്ന ആദർശം ഉണ്ടായിരുന്നു. നിങ്ങൾക്കും അതേ ആദർശം ഉണ്ടായിരുന്നു. എന്നിട്ടും അയാളുമായി ഒരൊത്തുതീപ്പുണ്ടാക്കുവാൻ നിങ്ങൾക്ക സാധിച്ചില്ല. നിങ്ങൾ ഞങ്ങളുമായി സംസാരിച്ചുകൊണ്ടിരിക്കവേതന്നെ അയാളുമായി രഹസ്യമായ ഒരു ഉടമ്പടിയുണ്ടാക്കുവാൻ ശ്രമിച്ചു. നിങ്ങൾ അങ്ങനെ ശ്രമിച്ചുവെന്നു ഞങ്ങൾക്കറിയുകയും ചെയ്യാം. നിങ്ങൾ ഞങ്ങളുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഞങ്ങളെ ആക്രമിക്കാൻ ഹിററ്ലരെ പ്രേരിപ്പിക്കുവാനാണ് ശ്രമിച്ചതു്. ഞങ്ങൾക്ക നടന്നതെല്ലാമറിയാം. ഞങ്ങളുടെ ചീട്ടുകൾ മേശപ്പുറത്തു നിരത്താൻ സാധിക്കും.

ഞാൻ നിങ്ങളുടെ ഏതു വെല്ലുവിളിയും സ്വീകരിക്കുവാൻ തയാറാണ്. എന്റെ കയ്യിലുള്ള രേഖകൾ കൊണ്ടു് നിങ്ങൾക്ക ദുർയശസ്സുണ്ടാക്കുവാൻ സാധിക്കും.

ഒരു രാജിയുണ്ടാക്കാൻ സോവിയററ് യൂണിയൻ വിസമ്മതിക്കുന്നു എന്നുള്ള ആരോപണം നിങ്ങൾ കൊണ്ടുവരുന്നു. ആററമിക്ക് പ്രശ്നത്തെസംബന്ധിച്ചു നിങ്ങളുമായി സഹകരിക്കാൻ ഞങ്ങൾ ശ്രമിക്കുകയുണ്ടായി. നിങ്ങൾക്ക് സൌകര്യമായിരിക്കുന്നതെല്ലാം ഞങ്ങൾ ചെയ്തു. എന്നിട്ടും നിങ്ങൾ ഞങ്ങളോട് സഹകരിക്കാത്തതെന്തുകൊണ്ടു്?

നിങ്ങൾക്ക വിപുലമായ കപ്പൽപടകളുണ്ട്. മൂന്നിലൊന്നു് വെട്ടിക്കുറച്ചാൽപോലും, ലോകത്തു് എല്ലാ രാഷ്ട്രങ്ങൾക്കുമുള്ള കപ്പല്പടയെല്ലാം കൂടിച്ചേർത്താലുണ്ടാകുന്നതിനേക്കാൾ പല മടങ്ങു കൂടുതൽ നിങ്ങൾക്കുണ്ടായിരിക്കും. നിങ്ങൾക്ക ആ ചെറിയ ബോംബ് —ആററംബോമ്പ്—ഉണ്ടു്. മററുള്ളവക്ക് അതില്ലെന്നു നിങ്ങൾ ആശിക്കുന്നു. അതു് നിങ്ങളുടെ ആശയാണ്.

ഞങ്ങൾ ഞങ്ങളുടെ നിർദ്ദേശത്തിൽ സാർവദേശീയമായ ആയുധനിയന്ത്രണം ആവശ്യപ്പെട്ടിട്ടുണ്ടു്. പക്ഷെ ഞങ്ങളുടെ

നിയന്ത്രണനിർദ്ദേശം തീരെ തെററാണെന്നു നിങ്ങൾ പറയുന്നു. നിങ്ങളുടേതു മാത്രമെ നല്ലതായിട്ടുള്ളു എന്നു നിങ്ങൾ പറയുന്നു. ഒരു പക്ഷെ ഞങ്ങൾ നിങ്ങളുടെ നിർദ്ദേശം സ്വീകരിച്ചാൽ തന്നെ, നിരായുധീകരണം നടത്താൻ വിസമ്മതിക്കുന്നതിനായി നിങ്ങൾ മററെന്തെങ്കിലും കാരണം കണ്ടുപിടിക്കും. എനിക്കതു തീർച്ചയുണ്ട്.

മററുള്ളവരുടെ മേധാവിത്വത്തിന്ന് സോവിയററ് രാഷ്ട്രവും സോവിയററ് ജനങ്ങളും ഒരിക്കലും വഴങ്ങിക്കൊടുക്കുകയില്ല.

ഇരുപതു് കൊല്ലങ്ങൾക്കു മുമ്പ് വിഷവായുവിൻെറ ഉപയോഗം തടയാൻ സാധിച്ചിരിക്കെ, ഇന്ന് ആററംബോമ്പിൻെറ ഉപയോഗം തടയാൻ സാധിക്കാത്തതെന്തുകൊണ്ടാണ്? മുമ്പിലത്തേക്കാൾ എത്രയോ പ്രാധാന്യമുള്ളതും ലോകത്തെല്ലായിടത്തും അനേകലക്ഷം ജനങ്ങൾ അത്യാർത്തിയോടെ ആഗ്രഹിക്കുന്നതുമായ ഒരു കൃത്യം അമേരിക്ക എന്തുകൊണ്ടു ചെയ്യുന്നില്ല? അതിനുത്തരമായി അവർ നിയന്ത്രണം എന്ന പ്രശ്നം കൊണ്ടുവരുന്നു.

ആദ്യം സൈന്യങ്ങളുടെ ഒരു കാനേഷുമാരികണക്ക്; പിന്നെ നിരായുധീകരണത്തിലേക്കു നയിക്കുന്ന വഴികളെപ്പററിയുള്ള ആലോചനകൾ; അങ്ങിനെ പല ഘട്ടങ്ങളും നിങ്ങൾ നിർദ്ദേശിക്കുന്നു. അങ്ങിനെയായാൽ പ്രശ്നത്തിനുള്ള പരിഹാരം നീണ്ടുനീണ്ടു പോകും. ഇവിടെവെച്ച്, ഇപ്പോൾ ഒരു തീരുമാനമെടുക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നു. ആ തീരുമാനമെടുത്താൽ പിന്നെ അതു് നടപ്പിൽ വരുത്താനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചു തീർച്ചയാക്കാം.

സോവിയററ് സേനകളെപ്പററി യാതൊരുത്തക്കും ഒരു വിവരവുമില്ലെന്നു മി. ഹെക്ടർ മാക്ക്നെയിൽ പറഞ്ഞു. നിങ്ങൾക്കു സെൻസസ്സ് വേണൊ? കണക്കുകൾ വേണൊ? ഞങ്ങൾ നിങ്ങൾക്കു കണക്കുകൾ തരാം. സോവിയററ് ബഡ്ജററ് എന്താണെന്നു ഞങ്ങൾ പറഞ്ഞുതരാം. അതിൽ രഹസ്യമായി ഒന്നുമില്ല.

1940 ൽ സൈന്യത്തിനുള്ള ചെലവ് സോവിയറ് ബഡ്ജററിൻെറ 32. 5% ആയിരുന്നു. 1944 ൽ, യുദ്ധത്തിൻെറ നടുവിൽ 52% ആയിരുന്നു. യുദ്ധത്തിന്നുശേഷം ആദ്യത്തെക്കൊല്ലം 23·9% 1947 ൽ 18. 4% ; 1948 ൽ 17. 5% ആയിരുന്നു.

ഹിററ്ലരുടെ സേനകരം വരുത്തിവെച്ച നാശങ്ങളുടെ കണക്കും വിവരങ്ങളും നിങ്ങരംക്കറിയാമോ ? ഞങ്ങളെസംബന്ധിച്ചിടത്തോളം അതിൻെറ അത്ഥമെന്തെന്ന് നിങ്ങരംക്കറിയാമോ ?

വീടുകരം, ഫാക്ടറികരം, തീവണ്ടികരം, ആശുപത്രികരം, കന്നുകാലികരം എന്നിവ റഷ്യക്കു ഏററവും ആവശ്യമായിരിക്കുന്നു. അവ കൂടാതെ റഷ്യക്കു ശ്വാസോച്ഛ്വാസം ചെയ്യാൻ സാധ്യമല്ല, പുരോഗമിക്കാൻ സാധ്യമല്ല. ഞങ്ങരംക്കു ഉൽപാദനത്തിനുള്ള മാർഗ്ഗങ്ങളും സാമഗ്രികളും വേണം. സൈനികച്ചിലവിന്ന് നീക്കിവെച്ചിട്ടുള്ളതല്ലാതെ മറെറാരു വഴിയുമില്ല. അവക്കുള്ള ചിലവു ചെയ്യുന്നതിനുവേണ്ടി ഞങ്ങരംക്കു സൈനികച്ചെലവു ചുരുക്കേണ്ടതായിവരുന്നു. ഞങ്ങളുടെ സാധന സാമഗ്രികരം സമാധാനപരമായ തൊഴിലുകളിൽ ഉപയോഗിച്ചാൽ ഞങ്ങളുടെ സൈനികച്ചിലവ് ചുരുങ്ങും. അതു് ചുരുങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ആററംബോമ്പിൻെറ ഉപയോഗം തടയുക ; ആറേറാമിക്ക് ശക്തിയെ നിയന്ത്രിക്കുക ; നിരായുധീകരണത്തിനായുള്ള നിർദ്ദേശങ്ങരം പ്രായോഗികങ്ങളാക്കുക ; എന്നിവക്കായുള്ള ഒരു സർവദേശീയ നിയന്ത്രണസംഘടനയെ ഞങ്ങരം വിഭാവനം ചെയ്യുന്നു.

അതിനനുകൂലമായ ഒരു തീരുമാനം സമാധാനത്തെ ശക്തിപ്പെടുത്തുന്ന ഒരു തീരുമാനമായിരിക്കും. അതു് ഏററവും മഹനീയമായ ഒരു തീരുമാനമായി ലോകത്തിലെങ്ങും മാറെറാലിക്കൊള്ളുകയും എല്ലാ ജനങ്ങരംക്കും സന്തോഷം നൽകുകയും ചെയ്യും.

——x——

# പത്രപാരായണം

പി.

നിരന്തരമായ മനഃക്ലേശങ്ങളുളവാക്കുന്നതും, അനിതരസാധാരണമായ പാണ്ഡിത്യത്തെ പ്രദാനം ചെയ്യുന്നതും പത്രപാരായണം വഴിയാണ്. എണ്ണമററ നന്ദി പ്രകടനങ്ങൾക്കും, പ്രശംസകൾക്കും അങ്ങേ അററത്തെ പരിഹാസത്തിന്നും നമ്മുടെ പത്രങ്ങൾക്കുള്ള സ്ഥാനം ഒട്ടും അസ്ഥാനത്തിലല്ല. തമാശയിൽ കൂടി, വെറും പരിഹാസത്തിൽ കൂടി, അഥവാ ചിരിയിൽകൂടി ചിന്തിച്ച്, കാര്യത്തിൻെറ ഗൌരവതരങ്ങളായ ഏതു വശങ്ങളെയും കുത്തിവെച്ചുകൊണ്ടാണ് നമ്മുടെ പത്രങ്ങൾ വർത്തിക്കുന്നതു്. പത്രപ്രവർത്തനം കൊണ്ടു് എണ്ണാനാവാത്ത ദുരന്തദുരിതങ്ങളും, പ്രശംസിച്ചാലൊടുങ്ങാത്ത ഭാവഭേദവും നിമിഷംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്.

പത്രപാരായണംവഴി അതിലുള്ള ഗുട്ട് മനസ്സിലാക്കുന്നവർ തികച്ചും വിദ്യാസമ്പന്നരായിരിക്കേണം. അല്ലാത്തവർക്ക് അതിന്നു കഴിവില്ല. കഴിഞ്ഞ ചില നൂററാണ്ടുകളിലേക്കു നാമൊന്നു കണ്ണോടിക്കുന്നതായാൽ ആ നില ദയനീയമായിരിക്കും. ആ അധഃപതിച്ച നിലയിൽ നിന്നും മുരടിച്ച യാഥാസ്ഥിതികന്മാരുടെ ഇടയിലെ ചരിത്രത്തിൽ നിന്നും പിന്മാറുവാൻ നിർബ്ബന്ധിതരായിത്തീരും. 'തീണ്ടൽജാതി'ക്കാർ ഇന്നത്തെപ്പോലെ പണ്ടുകാലത്തു അക്ഷരപരിജ്ഞാനമുള്ളവരായിരുന്നില്ല. അഥവാ ഒട്ടെങ്ങാനും ലഭിച്ചവരുണ്ടെങ്കിൽ അവർക്കാ 'തമ്പുരാ'ൻെറ ആയിരം വാര ദൂരെക്കൂടിയെങ്കിലും ഒരു വൃത്താന്തപത്രവും കയ്യിൽ പിടിണ്ടുകൊണ്ടു് പോകാൻ നോക്കേണ്ട. തമ്പുരാൻെറ ദൃഷ്ടിയിൽ പെട്ടാൽ മതി. അവനിനി ചോറില്ല, വീടില്ല, കുടിയില്ല. പണമുണ്ടെങ്കിൽ ഒളിഞ്ഞിരുന്നെങ്കിലും കുടിയാണാക്കാം—കുഡുംബങ്ങളുമില്ല. ഇതെല്ലാമാണ് പിന്നത്തെ അനുഭവം. പോരെങ്കിൽ 'തമ്പുരാ'ൻെറ ദൃഷ്ടിയിൽ തികഞ്ഞ അധികപ്രസംഗിയുമായി.

പത്രം വായിക്കുന്നവരിൽ പല തരക്കാരുണ്ട്. പല ഇനത്തിൽ പെട്ടവരുണ്ട്. അവരെയെല്ലാം വിട്ടുകളഞ്ഞ് പ്രാധാന്യമർഹിക്കുന്ന തരക്കാരെ മാത്രം പിടിച്ചു നിങ്ങളുടെ മുമ്പിൽ ഹാജരാക്കാം.

ഒന്നാമത്തെയാൾ ലോകത്തിൻെറ നാനാതരങ്ങളായ ക്ഷേമത്തിലും, വൻകിട വിപുലീകരണത്തിലും ഔത്സുക്യം പ്രദർശിപ്പിക്കുന്ന ഔത്സുക്യക്കൊതിയനാണ്. രണ്ടാമൻ, വലിയൊരക്ഷരപരിജ്ഞാനമില്ലാത്ത ആളാണെങ്കിലും കാര്യം ഒരുവിധം പററിക്കുന്ന 'ബഹുവീര'നാണ്. മൂന്നാമൻ, എന്തു കണ്ടാമണ്ടികൾ പത്രംവഴി നടന്നാലും അതൊന്നും ചെവിക്കൊള്ളാതെ നിലവാരം നോക്കിയും, നാലാമൻ, വാണ്ടഡ് നോക്കിയുമാണ്.

മേൽപറഞ്ഞവരെയെല്ലാം വൺ, ടു, ത്രീ, ഫോർ എന്നിങ്ങനെ 'റൊ' ആയി നിർത്തിട്ടുണ്ട്. നമ്പർ വിളിക്കുന്നവർ ഓരോരുത്തരായി 'നമ്മുടെ' മേശയുടെ അടുത്തു 'നമുക്ക'ഭിമുഖമായി, കൈനീട്ടി ഒന്നോങ്ങിയാൽ വലത്തെ ചെള്ളക്കുചെന്നു വീഴത്തക്കവണ്ണം വന്നു ഹാജരാകണം.

എന്നാൽ തുടങ്ങാം.

"നമ്പർ വൺ; കമോൺ. നിങ്ങളെപ്പററി ഞാനെഴുതിയതു ഇങ്ങിനെയാണ്. കേട്ടോളൂ. ഹൈദരബാദ് കാര്യം എന്തായി, കാശ്മീർ പ്രശ്നം എവിടെയെത്തി, ഇങ്ങിനെയുള്ള ചില വൻകിടകാര്യങ്ങൾ അറിയാൻ ആഗ്രഹിക്കുന്ന ആളാണ് നിങ്ങൾ. നിങ്ങൾക്കു അന്നന്നത്തെ വാർത്തകൾ അറിയാതെ ഉറക്കമില്ലെന്ന വസ്തുത ഞാനറിയുന്ന പരമാർത്ഥമാണ്. നിങ്ങളൊരു സ്വരാജ്യസ്നേഹിയല്ലെങ്കിലും, സ്വാർത്ഥപ്രേമിയാണ്. ലോകം എത്ര കണ്ടു പുരോഗമിക്കുന്നുണ്ട്, ഹൈദരബാദ് കാര്യത്തിൽ ഇന്ത്യാഗവമ്മേണ്ടിൻെറ ഉറച്ചനിലയെന്താണ്, എന്നിങ്ങനെയുള്ള നാനാപ്രകാരങ്ങളായ ചിന്താശകലങ്ങളിൽ കുടുങ്ങിമറിയുന്നവനാണ് നിങ്ങൾ. വണ്ടിവന്നു. പത്രം

ഇല്ല. എന്തൊരു തലച്ചോറില്ലാത്തവരാണവർ! കാര്യമാത്രപ്രസക്തങ്ങളായ വിവരണങ്ങളും, വിജ്ഞാനപ്രദങ്ങളായ വാർത്താസംഗ്രഹങ്ങളും, പ്രസംഗങ്ങളും, പ്രസ്താവനകളും ഉള്ള ഇന്നത്തെ പത്രം ആ മരമണ്ടസന്മാർ, ഉത്തരവാദിത്വബോധവും കൃത്യനിഷ്ഠയുമില്ലാത്ത ആ ഏ......അല്ലാ, നിങ്ങൾ പോയോ? 'ഞാൻ വായിക്കുന്നതു് മുഴുവനും നിങ്ങൾക്കു കേൾക്കണ്ടേ? എന്നാൽ വേഗം സ്ഥലമൊഴിക്കണം. ഉം. വേഗമാവട്ടെ."

"നമ്പർ ടു. ഇങ്ങട്ടു വാ. നിങ്ങളെപ്പററി എഴുതിയതു ആദ്യത്തേതിലും വ്യത്യസ്തരീതിയിലാണ്. നിങ്ങൾ പിൻകാലത്തു തന്നെ പത്രപാരായണകാര്യത്തിൽ ഒട്ടും ഉപേക്ഷവരുത്താത്ത ആളാണ്. നിങ്ങളുടെ വിദ്യാഭ്യാസമാണെങ്കിൽ വളരെ കമ്മിയിലും. ഇത്രയും വായിക്കാൻ പഠിച്ചതു് നിങ്ങൾ പത്രപാരായണംകൊണ്ടാണെന്നറിഞ്ഞതിൽ സന്തോഷമുണ്ടു്. അതേ അവസരത്തിൽ സഹതാപവും. ഇന്നലെ ഞാനാവഴി പോകുമ്പോൾ നിങ്ങൾ പത്രം വായിക്കുന്നതു കേട്ടു. കുറെ നേരം അത്ഭുതസ്തബ്ധനായി നിന്നുപോയി. ഞാൻ കേട്ടഭാഗം ഇതാണ്. ഇന്നലെ.....'സബിനിസ്പെക്കട്ടറും' ഒരു സംഘം 'പൊല്ലീസ്സ്'കാരും കൂടി അട്ടക്കണ്ടു് മല 'പരിഷോധി'ക്കുകയും, കള്ളത്തോക്കുകൾ കണ്ടുപിടിക്കയും ചെയ്തിരിക്കുന്നു. 'കമൂണിഷ്ട്ടുകൾ' മരണപ്പാച്ചിൽ പായുമ്പോൾ അവിടെ എറിഞ്ഞതായിരിക്കുമെന്നാണ് നിങ്ങളിതിനെ വിമർശിച്ചതു്. തരക്കേടില്ല. രണ്ടാമത്തേതു്; വയനാട് കുടിയേറിപ്പാപ്പുകാര്യത്തിൽ 'മി. കേളപ്പൻ' ഇങ്ങിനെ എഴുതുന്നു എന്നതാണ്. അല്ലയോ 'ബഹു' വീരാ, നിങ്ങളതിനെയും വിമർശിച്ചു. വിമർശനം നല്ലതാണ്. വിമർശനത്തിൽക്കൂടി മാത്രമേ വിജ്ഞാനമുണ്ടാവുകയുള്ളു. നിങ്ങളെന്തു പറഞ്ഞാലും, പ്രസംഗിച്ചാലും നമ്മുടെ 'ബഹുമന്ത്രി' ഇതെല്ലാം നീട്ടിക്കൊണ്ടു പോവുക തന്നെ ചെയ്യും. അടിയന്തിരങ്ങളെന്നു തോന്നുന്നവ യാതൊന്നും തന്നെ ചെയ്തുതീക്കാത്തതിൻെറ വിലവിററ വൈഷമ്യം ഇനിയെങ്കിലും അവരൊന്നു ചിന്തിക്കട്ടെ! എന്നാൽ നിങ്ങൾക്കു പോകാം."

" നമ്പർ ത്രീ. കം ഹിയർ. ഇതാ കേട്ടോളൂ. ഒന്നും രണ്ടും നമ്പർ കാരോടു പറഞ്ഞതല്ല നിങ്ങളോടു പറയുന്നത്. ശ്രദ്ധിക്കണം. അയ്യെ, പത്രം വന്നില്ലെ ? ഇന്നത്തെ നിലവാരം അറിഞ്ഞില്ലല്ലൊ? കച്ചവടം കുട്ടിച്ചോറായിപ്പോകുന്നമട്ടല്ലെ ? ഇങ്ങനത്തെത്തരക്കാര നാണ് നിങ്ങൾ. ഏയ്! നിങ്ങളോട് ! നിലവാരം നോക്കിയോട്ടാ ഇങ്ങട്ട് ശ്രദ്ധിക്കൂ. ഹൈദരബാദ് ഇന്ത്യൻ സൈന്യത്തിന്നു നിരു പാധികമായി കീഴടങ്ങി എന്നു മററുള്ളവർ വായിക്കുമ്പോൾ നിങ്ങ ളുടെ കണ്ണ് പോകുന്നതു് നിലവാരത്തിൻെറ കോളത്തിലേക്കാണ്. ഇപ്പോൾ കണ്ടില്ലേ ? ഹൈദരബാദും, നൈസാമും, കാസിംറസ്‌വി യും പൊളിഞ്ഞു പാളീസായതു്. അടുത്തുതന്നെ കാണിച്ചുതരാം ബാക്കി ഭാഗം. ഹൈദരബാദും, കാശ്മീരും എന്തെങ്കിലുമാകട്ടെ. നിങ്ങൾക്കതെറിയേണ്ട ഇല്ലേ ? അങ്ങാടിനിലവാരം കാണാപാഠമാ ക്കി അന്യോന്യം മന്ത്രിച്ചുതിയാൽ മതി. എന്നാലൊന്നും ഞങ്ങ ളതിൽ കുടുങ്ങല. നിങ്ങളൊരു കാര്യം വേണ്ടതുണ്ട്. ലോകത്തിൻെറ നിലവാരംക്രൂടി കുറച്ചു മനഃപാഠമാക്കണം. ഇനി പോകൂ. വേഗം പോയി കുളിക്കൂ. വല്ലാത്തൊരു നാററം. "

" നമ്പർ ഫോർ. ഇങ്കെ വാ. കേട്ടോളൂ. നിങ്ങൾ ഒന്നാംലോ കമഹായുദ്ധത്തിൽ പട്ടാളത്തിൽ പോയി. യുദ്ധം തീൎന്നു. പിരിഞ്ഞു വന്നു. അങ്ങിനെയങ്ങിനെ കഴിഞ്ഞു. പിന്നീടാണ് നിങ്ങളുടെ ശു ക്രൻ ഉച്ചത്തിൽ നിന്നതു്. രണ്ടാം ലോകമഹായുദ്ധംതുടങ്ങി. പട്ടാ ളത്തിലെടുക്കുന്ന തിരക്ക്. വിവരം നിങ്ങളറിഞ്ഞു അവിടെ പാ ഞ്ഞെത്തി. മാറിടം വിടൎത്തിക്കൊണ്ടുതന്നെ ആപ്പീസരുടെ മുമ്പിൽ ഞെളിഞ്ഞു നിന്നു. നിങ്ങളുടെ മാറിടം വിടൎത്തിയാൽ, മഴവില്ലുപോ ലെ എന്തോ ഒന്നു കാണാമായിരുന്നു. പട്ടിണിയിൽ എരിപൊ രികൊള്ളുന്ന നിങ്ങൾ അതിനെ കണക്കാക്കിയതു കണ്ണീർ വില്ലായി ട്ടായിരുന്നു. അങ്ങിനെ നിങ്ങളെ ആ പ്രാവശ്യം പട്ടാളത്തിലേക്കു എടുത്തുപോയി. കുറെക്കാലം സുഖമായങ്ങിനെ കഴിഞ്ഞു. അലോ ട്ട്മെൻറ് തുരുതുരെ വന്നുതുടങ്ങി. യുദ്ധം കഴിഞ്ഞു. വീണ്ടും നിങ്ങ ളെപിരിച്ചുവിട്ടു. വരുന്ന വഴിക്കു, ഡിസ്ചാർജ്ജ് സൎട്ടിഫിക്ക

ററ് മാറോടണച്ചുപിടിച്ചു, സൂട്ടും, കണ്ണടയുമിട്ട, 'ടിപ്പ്'ൽതന്നെ കോഴിക്കോട്ട് പ്ലാററ്ഫോമിൽ വന്നിറങ്ങി, റിക്ഷയിൽ കയറി എംപ്ലോയിമെൻറ് എക്സ്ചെഞ്ചാപ്പീസിലേക്ക നേരിട്ട കടന്നുചെന്നു......വേക്കൻസി വരുമ്പോഠം 'ആഡർ' അയക്കാമെന്നു സമ്മതിപ്പിച്ചു തലകലുക്കി, ഒരർദ്ധസ്സിതത്തോലെ നാട്ടിലെത്തി. മാസം ഒഞ്ചാട്ട കഴിഞ്ഞു. ഇന്നും യാതൊരു വിവരവുമില്ല. ദിവസേനയും തപാലാപ്പീസിൽ കാവൽ നില്ക്കുകയല്ലാതെ ; മറെറാന്നുമില്ല. അങ്ങിനെ നിങ്ങഠം "പണ്ടത്തെ ചേരിപിരി"ക്കൽ പ്രസ്ഥാനം ആരംഭിച്ചു. മുണ്ടും ഷർട്ടും അഴക്ക നിറയുന്ന പ്രവത്തിയെടുക്കാൻ നിങ്ങളെ അഭിമാനം അനുവദിച്ചിരുന്നില്ല. പക്ഷെ എന്തു ചെയ്യും. വീട്ട പുലത്തണ്ടെ എന്നു കരുതി മാത്രം ഇതിന്നു തുനിഞ്ഞതാണ്. ഏതായാലും നല്ലതുതന്നെ, കഴിമടിയനായി കഴിയേണ്ട!! അക്കാര്യം നിങ്ങഠം ചിന്തിക്കേണ്ട. നിങ്ങളുടെ ദുസ്വഭാവം നിങ്ങളൊഴിക്കണം— മററു വല്ലവരും പത്രം വായിക്കുമ്പോഠം എന്തു തിരക്കുണ്ടായാലും നിങ്ങളവിടെ പറന്നെത്തി, 'വാണ്ടഡ്' വല്ലതുമുണ്ടോ എന്നാന്വേഷിക്കുന്നതു്. പത്രത്തിലെ പ്രധാന വാത്ത ഇതൊന്നുമല്ല. കാര്യമാത്രപ്രസക്തമായ പല വിവരങ്ങളുമുണ്ടാകും. അതൊന്നും നിങ്ങഠംക്കറിയാൻ മോഹമില്ലാഞ്ഞിട്ടല്ല. പണിയില്ലാതെ നട്ടം തിരിയുന്ന നിങ്ങഠംക്ക പണിയുള്ള സ്ഥലം കണ്ടുപിടിക്കാനുള്ള വെമ്പൽകൊണ്ടാണ്. എന്തുചെയ്യട്ടെ! നിങ്ങഠം ഇനിയും അധഃപതിച്ചുപോയല്ലോ. പട്ടിണിയിൽ എരിപൊരികൊള്ളുന്ന നിങ്ങളുടെ പിഞ്ചുപൈതങ്ങളുടെ വയറുകണ്ട എൻെറ ഹൃദയം നീറുകയാണ്. എന്നാൽ നിങ്ങഠംക്ക പോകാം. ഇതിൽക്കവിഞ്ഞു നിങ്ങളെപ്പററി എന്തെഴുതാനാണ്."

എൻെറ വായനകേട്ട വാണ്ടഡ് നോക്കി മുണ്ടിൻെറ തല കൊണ്ട കണ്ണുനീർത്തുള്ളികഠം തുടച്ചുകൊണ്ട, വിഷാദാത്മകമായി നിന്നയാഠം കൺമറിയുന്നതുവരെ എന്നെ ഇടക്കിടെ തിരിഞ്ഞു നോക്കിക്കൊണ്ടും, കൺമുമ്പിൽ നിന്നു മറിഞ്ഞു.

—5—

# തടവുചാടുന്ന കള്ളൻ

ചരിത്രാന്വേഷകൻ

ഊതിയാൽ പറന്നുപോകുന്ന ഒരു കൊച്ചുമനുഷ്യൻ. അഞ്ചടി നാലിഞ്ചു പൊക്കമേയുള്ളു. മെലിഞ്ഞു ദുർബ്ബലമായ ശരീരം. കണ്ടാൽ സഹതാപം തോന്നും. എങ്കിലും യുവാവായ ആ കള്ളന്റെ അപദാനങ്ങൾ ഒരു തലമുറ കീർത്തിച്ചുപോന്നു. ജേക്ക് ഷെപ്പേഡിന്റെ വർത്തമാനങ്ങൾകൊണ്ട് പത്രങ്ങൾ നിറഞ്ഞിരുന്നു. അയാളുടെ മരണശേഷം എത്രയോ പുസ്തകങ്ങൾ അയാളെപ്പററി എഴുതപ്പെട്ടു. അന്നു ജേക്കിനെപ്പററി കേൾക്കാത്തവരും, ശ്രദ്ധമായി അഭിനന്ദിക്കാത്തവരും ഉണ്ടായിരുന്നില്ല.

എന്തെന്നാൽ അന്നും ഇന്നും, നിയമത്തിനെതിരായിട്ടാണെങ്കിലും, ഒരു മിടുക്കൻ ചെയ്യുന്ന കൌശലങ്ങൾ കേട്ട് രസിക്കാത്തവർ ചുരുക്കമാണ്. മോഷണം ചെയ്യുന്നതു തെററുതന്നെ എന്നു എല്ലാവർക്കുമറിയാം. എങ്കിലും ചില കള്ളന്മാർ സാമാന്യജനതയുടെ അഭിനന്ദനം ആർജ്ജിക്കാതിരിക്കുന്നില്ല. അങ്ങിനെയുള്ള ഒരു തസ്കരനായിരുന്നു ഇംഗ്ലണ്ടിലെ ജേക്ക്ഷെപ്പേഡ്.

വലിയ വലിയ മോഷണങ്ങൾ നടത്തിയതിലല്ല ഈ ചോരന്റെ പ്രസിദ്ധി സ്ഥിതിചെയ്യുന്നതു്. ജേക്കിനേക്കാൾ എത്രയോ വലിയ കള്ളന്മാർ എത്ര വേണമെങ്കിലുമുണ്ടു്. അതല്ല. ജേക്കിന്റെ ബുദ്ധിശക്തിയുടെ വിളയാട്ടം കണ്ടുവന്നിരുന്നതു് മോഷണം നടത്തുന്ന രീതിയിലല്ല, ജയിൽ ചാടി പോകുന്ന രീതിയിലാണ്. ജയിലിനുള്ളിൽ കിടക്കുമ്പോഴാണ് അയാളുടെ തീക്ഷ്ണബുദ്ധി പ്രവർത്തനം ചെയ്തു തുടങ്ങുക. ജയിൽ ചാടി പോകുന്നതിൽ അയാൾക്കുണ്ടായിരുന്ന വിരുതു് ആശ്ചര്യപ്പെടുത്തുന്നതായിരുന്നു. ആ 'സുകുമാരകല'യിൽ അയാൾ ഒരു യഥാർത്ഥ 'ജീനിയസ്സാ'യിരുന്നു. ജേക്കിനെ ഉള്ളിൽ വെച്ചുകൊണ്ടിരിക്കുവാൻ സമർത്ഥമായ ജയിലുകൾ

ഇംഗ്ലണ്ടിലില്ലെന്നായിരുന്നു ജനസംസാരം. നിന്ന നിലയിൽ അയാരം അപ്രത്യക്ഷനാവും, വായുവിൽ ലയിച്ചുപോകുന്നപോലെ. കണ്ണിലെണ്ണയുമിട്ടു സൂക്ഷിച്ചു കൊണ്ടിരുന്ന പാറാവുകാക്കു തോന്നി അയാരംക്കു എന്തോ ഇന്ദ്രജാലവിദ്യ വശമായിരിക്കുന്നു എന്നു്. അവക്കായിരുന്നു ജേക്കിൻെറ പേരിൽ മററുള്ളവരേക്കാരം കൂടുതൽ ബഹുമാനം. അവർ ആലോചിച്ചു, ഇങ്ങനത്തെ മിടുക്കു ഒരു മനുഷ്യനുണ്ടാവുകയോ ?

അയാളുടെ 22 വയസ്സുവരെ—1723 വരെ—ഇങ്ങനെയൊരു മനുഷ്യൻ ഭൂമുഖത്തു ജീവിക്കുകയാണെന്നു ഒരുത്തരും അറിഞ്ഞിരുന്നില്ല. ആ വനകുസുമത്തിൻെറ സൌരഭ്യം വിജനതയിൽ അലിഞ്ഞുചേന്നിരുന്നു. അക്കൊല്ലമാണ് അയാരം എലിസബെത്ത് ലയോൺ എന്ന സ്ത്രീയുമായി പരിചയമായതു്. അവളുടെ ശിഷ്യസ്ഥാനം വഹിച്ചുകൊണ്ടു മോഷണം എന്ന മഹനീയകല അയാരം കൈകാര്യം ചെയ്തുതുടങ്ങി. സന്ദർഭം കിട്ടിയപ്പോരം ഉറങ്ങിക്കിടന്നിരുന്ന കഴിവുകരം ഞെട്ടിയുണന്നു. അതു പ്രസിദ്ധിയുടെ വഴിയിൽ കാലൂന്നുകയായിരുന്നു. അയാരം പിന്നെ തിരിഞ്ഞു നോക്കിയില്ല. മററുള്ളവരുടെ ധനം, പണ്ടങ്ങരം, എല്ലാം അയാരംക്കു തൻേറതാണെന്നൊരു തോന്നലുണ്ടായി. അതെടുത്താൽ നിയമം ഇടയ്ക്കുചാടും എന്നയാരംക്കറിയാം. പക്ഷെ നിയമം വിചാരിച്ചാൽ തന്നോടു ഒരു ചുക്കും ചെയ്യാൻ കഴികയില്ല. അങ്ങനെ നിയമം അനുസ്യൂതമായി കബളിക്കപ്പെട്ടുകൊണ്ടിരുന്നു.

ഒരിക്കൽ ജേക്ക് ഒരു വിധവയുടെ ഭവനം ഭേദിച്ചു കയ്യിൽ കിട്ടിയതൊക്കെ കൊണ്ടുപോയി. ഒരു ജനാലയുടെ ഇരുമ്പഴി ഭേദിച്ചാണയാരം അകത്തു കയറിയതു്. പക്ഷെ മോഷണം നടന്നതിൻെറ യാതൊരു അടയാളവും അവിടെ കാണപ്പെട്ടില്ല. അത്ര ഭംഗിയായി ആ ഇരുമ്പഴികരം യഥാസ്ഥാനങ്ങളിൽ വീണ്ടും ഉറപ്പിക്കപ്പെട്ടിരുന്നു. വളരെക്കാലം കഴിഞ്ഞപ്പോഴെ അങ്ങനെ ചില സാമാനങ്ങരം കാണാതെ പോയെന്നു ഉടമസ്ഥയായ വിധവക്കു മനസ്സിലായുള്ളു.

ആയിടക്കു എഴുതിയിരുന്ന പല പുസ്തകങ്ങളിലും ജൊനാഥൻ വൈൽഡ് എന്നൊരു കഥാപാത്രം സ്ഥലം പിടിച്ചിട്ടുണ്ടു്. പകലും രാത്രിയുംപോലെ വിരുദ്ധമായ രണ്ടു ജോലികൾ മനസ്സാക്ഷിക്കു ഒരു കോട്ടവും തട്ടാതെ ആ മഹാനുഭാവൻ നിർവഹിച്ചുപോന്നു. അയാൾ ചോരണം ചെയ്യിക്കും, നിയമപാലനത്തിൽ സഹായിക്കുകയും ചെയ്യും. പോലീസുകാരുടെ കയ്യിൽ നിന്നു രക്ഷനേടാൻ അയാളെയാണ് പെരുംകള്ളന്മാർ അഭയം പ്രാപിക്കുക. പിടികിട്ടാത്ത കള്ളന്മാരെ പിടിക്കാൻ പോലീസുകാരും അയാളെയാണ് സമീപിക്കുക. വൈൽഡിൻെറ അധീനതയിൽ കള്ളന്മാരുടെ ഒരു സൈന്യംതന്നെയുണ്ടായിരുന്നു. ജേക്ക് ആ സൈന്യത്തിൽ ചേരുക എന്നുള്ളതു് സ്വാഭാവികമായിരുന്നു. പക്ഷെ ഒരു സൈന്യത്തിന്നു ആവശ്യം വേണ്ടുന്ന അച്ചടക്കം ജേക്കിന്നു ഒട്ടുംതന്നെ ഹൃദ്യമായിരുന്നില്ല. മോഷ്ടിക്കുന്നതിൽ ഒരോഹരി നായകനു കൊടുക്കുന്നതിൽ അയാൾ മടികാണിച്ചു. തസ്കരസാർവഭൌമനായ വൈൽഡിനു് അത്ര പിടിച്ചില്ല. ഇനി ഇവനെ വെച്ചുകൊണ്ടിരുന്നാൽ നന്നല്ല എന്നു നിശ്ചയിച്ചു അയാൾ. പല മോഷണങ്ങളും നടത്തിയതിനായി പോലീസുകാർ ജേക്കിനെ അന്വേഷിക്കുകയാണ്. പക്ഷെ അയാൾ ഇതുവരെ പിടികൊടുത്തിട്ടില്ല. പിടികൊടുക്കാത്ത കള്ളന്മാരെ പിടിക്കാനുള്ള വിദ്യകൾ വൈൽഡിനറിയാത്തതായി ഒന്നുമില്ല. അയാൾ ജേക്കിനായി വല വീശി. ജേക്ക് അതിൽ വീഴുകയും ചെയ്തു.

അങ്ങനെ ജേക്ക് തൽക്കാലത്തേക്കു തൻെറ താമസം ഇരുമ്പഴിക്കുള്ളിലേക്കു മാററി. എത്രയോ പേരുകേട്ട കള്ളന്മാർ താമസിച്ചിട്ടുള്ള മുറിയാണതു്. ആരും ആ ജയിൽ ചാടി പോയതായി കേട്ടിട്ടില്ല. എങ്കിലും ആ മുറി ജേക്കിനെ സൂക്ഷിച്ചുവെച്ചുകൊണ്ടിരിക്കുവാൻ സമർത്ഥയായില്ല. ഒരു ദിവസം ജയിലുദ്യോഗസ്ഥന്മാർ വന്നു നോക്കിയപ്പോൾ മുറി ഒഴിഞ്ഞുകിടന്നിരുന്നു.

പെട്ടെന്ന് അങ്ങനെ ആ കൊച്ചുകള്ളൻ പ്രസിദ്ധനായി.

എങ്കിലും അതു് വല്ലാത്ത ഒരു കാലമായിരുന്നു. ഇംഗ്ലീഷു കാർ പരിഷ്കാരികളായതൊക്കെ പിന്നീടാണ്. അന്നത്തെ ക്രിമിനൽ നിയമം ഏററവും കഠോരമായിരുന്നു. ചെറിയ കുററങ്ങൾക്കു പോലും മരണമാണ് ശിക്ഷ. അതിൽ മോഷണവും ഉൾപ്പെട്ടിരുന്നു. എത്രയോ കള്ളന്മാർ കയറിൽ തൂങ്ങി മരിച്ചുകൊണ്ടിരുന്നു.

ഇതൊക്കെയായാലും ജേക്ക് ഒട്ടും കൂസൽകൂടാതെ തന്റെ നിത്യത്തൊഴിലിൽ മുഴുകിയിരുന്നു. പോലീസുകാർ അയാളെ കണ്ടുപിടിക്കുന്നതിലുള്ള ശ്രമങ്ങളിലും.

തെരുവിൽ ഒരു ബഹളം. ഒരാളിന്റെ കൈയിൽ നിന്നു വാച്ചു മോഷണം പോയി. ജേക്കിന്റെ ഒരു കൂട്ടുകാരനാണ് മോഷ്ടിച്ചതു്. കൂടെ ജേക്കുമുണ്ടു്. കൂട്ടുകാരൻ ഓടിപ്പോയ്ക്കളഞ്ഞു. ആളുകൾ പുറകെ ഓടി. ജേക്കിന്റെ പേരിലും സംശയം തോന്നിയേക്കാം. അതുകൊണ്ടു അയാൾ ഒരു വിദ്യയെടുത്തു. "കള്ളൻ! കള്ളൻ!" എന്നു വിളിച്ചുകൊണ്ടു് അയാൾ കൂട്ടുകാരൻ പോയ വഴിയെ ഓടിത്തുടങ്ങി. പുറകേ ആളുകളും. കള്ളനെ പിടിക്കാനായി ജേക്ക് തകൃത്തുവെച്ചു ഓടുകയാണ്. പക്ഷെ ഒരു പോലീസുകാരൻ ജേക്കിനെ പിടികൂടി. അപ്പോഴാണ് ആളുകൾക്കു കാര്യം മനസ്സിലായതു്.

ജേക്ക് വീണ്ടും ജയിലിലായി. എലിസബത്തിനെയും അവർ പിടിച്ചുകൊണ്ടുവന്നു. അവർ ഭാര്യാഭർത്താക്കന്മാരായി കഴിഞ്ഞു കൂടിയിരുന്നു എന്നു വിചാരിക്കപ്പെട്ടതുകൊണ്ടു് രണ്ടുപേരെയും ഒരു മുറിക്കകത്താക്കി. ജേക്കിനെ പിടികിട്ടിയതിൽ അധികൃതന്മാർ അതിയായി സന്തോഷിച്ചു. പക്ഷെ ജേക്കിന്റെ കയ്യിൽ അരമുണ്ടായിരുന്നതു് അവർ കണ്ടില്ല. പാറാവുകാർ ഉറങ്ങുമ്പോൾ ജനലിലെ ഇരുമ്പഴികൾ രാകുകയാണ് ജേക്കിന്റെ ജോലി. അവർ ഉണരുമ്പോൾ അയാൾ ഉറങ്ങുകയും ചെയ്യും. ജന്നലിലെ ഇരുമ്പ

ഴികളുടെ ഘനം കുറഞ്ഞുകൊണ്ടിരിക്കുന്നതു് അവർ മനസ്സിലാക്കിയില്ല. പോരെങ്കിൽ ജനലിലൂടെ പുറത്തിറങ്ങിയാൽതന്നെ നിലത്തേക്കു 25 അടി താഴ്ച്ചയുമുണ്ടു്. പക്ഷെ ജേക്കിൻെറ അറയിൽ മെത്തവിരിപ്പുകളുണ്ടായിരുന്നു. ഒരുദിവസം കൂട്ടിലടച്ച പക്ഷികൾ രണ്ടും പറന്നുപോയതായി കണ്ടു.

രണ്ടാമതും ജയിൽചാടിപ്പോയ കള്ളൻെറ പ്രസിദ്ധി നാടെങ്ങും പരന്നു. എല്ലാരും ആ മിടുക്കനെ ഗൂഢമായി അഭിനന്ദിച്ചു. കുട്ടികൾക്കു അയാളുടെ കഥകൾ കേൾക്കാൻ ബഹുരസമായി. അയാളെപ്പററി ധാരാളം കഥകളുമുണ്ടായിരുന്നു. എന്തെന്നാൽ മോഷണങ്ങൾ നടക്കാത്ത ദിവസമുണ്ടായിരുന്നില്ല. എല്ലാ മോഷണങ്ങളിലും കഥാനായകൻ ഒരാൾതന്നെന്ന് എല്ലാരും വിശ്വസിച്ചു. മോഷണം കഴിഞ്ഞിട്ടേ എല്ലാരും അറിയൂ. പല ഐതിഹ്യങ്ങൾ അയാളെപ്പററി നിലവിൽ വന്നു.

ജൊനാഥൻ വൈൽഡ് വിട്ടില്ല. വീണ്ടും ജേക്കിനെ പിടിക്കാൻ പഠിച്ചപണിയെല്ലാം നോക്കി. രണ്ടു കള്ളന്മാരുടെ ബുദ്ധികൌശലങ്ങൾ തമ്മിലുള്ള പോരാട്ടമായിരുന്നു അതു്. അതിൽ വൈൽഡ് തന്നെ ജയിച്ചു. അയാളുടെ അനുചരന്മാർ ഒരു ദിവസം ജേക്കിനെ പിടികൂടി. ഒരു കുട്ടിക്കു വേണമെങ്കിൽ ജേക്കിനെ പിടിക്കാം. അത്രക്കേ അയാൾക്കു ദേഹശക്തിയുള്ളൂ.

ജയിലിനുള്ളിൽ കിടക്കുന്ന ജേക്കിനെ അധികൃതന്മാർ പരിശോധിച്ചപ്പോഴാണവർ കണ്ടുപിടിച്ചതു്. അരങ്ങൾ, ആണികൾ ചെറിയ ചുററികകൾ എല്ലാം അയാൾ വസ്ത്രത്തിൽ ഒളിച്ചുവച്ചിരുന്നു. അതെല്ലാം അവർ പിടിച്ചെടുത്തു. ഇനിയും ജേക്ക് ജയിൽചാടിപ്പോകാതിരിക്കാനായി വേറൊരു കരുതൽകൂടി അവരെടുത്തു. കാലും കയ്യും ബലമായ ചങ്ങലകൾ പൂട്ടി. അയാളങ്ങനെ നിസ്സഹായനായി അവിടെ കിടന്നു. ഇനി കഴുമരത്തിലേക്കാണ് അയാളുടെ പോക്ക്. ആളുകൾ സഹതപിച്ചു. ഓടിപ്പോകാൻ

യാതൊരു വഴിയുമില്ല. ഇരുമ്പുചങ്ങലകൾ തളച്ചിട്ടിരിക്കുമ്പോൾ എങ്ങനെ ഓടിപ്പോകും? അയാളെ തൂക്കിക്കൊല്ലുന്ന സമയത്തെ എല്ലാവരും ഉൽക്കണ്ഠയോടെ കാത്തിരുന്നു.

ജേക്കിനെ കുററവിസ്താരം ചെയ്തു, ശിക്ഷിച്ചു. മരണമായിരുന്നു ശിക്ഷ.

ജേക്കിൻെറ കഴിവുകളിൽ അപ്പോൾ വിശ്വാസമുള്ള ഒരേ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അതു ജേക്കായിരുന്നു. ബുദ്ധിയുള്ളപ്പോൾ എന്തിനു നിരാശപ്പെടണം? നിരാശ എന്ന പദം അയാളുടെ നിഘണ്ടുവിലില്ലായിരുന്നു. ഇനിയും താൻ അവരെ കബളിപ്പിക്കും. തൻെറ മിടുക്കു അവർ ഒന്നുകൂടി കാണട്ടെ.

ജേക്കിനുമുണ്ടായിരുന്നു ചില ആപൽബന്ധുക്കൾ. അവരും കള്ളന്മാരായിരുന്നു. എങ്കിലും അവർ ആപൽബന്ധുക്കളായിരുന്നു. എവിട്ടുന്നാണെന്നറിഞ്ഞുകൂട. എങ്ങിനെയാണെന്നറിഞ്ഞുകൂട. അയാളുടെ കയ്യിൽ അരം വന്നുചേൻനു.

വേണമെങ്കിൽ മരണശിക്ഷക്കു വിധിക്കപ്പെട്ട കുററവാളികളെ ബന്ധുക്കൾക്കു ചെന്നുകാണാം. പക്ഷെ കുററവാളിയുടെയും സന്ദർശകന്മാരുടെയും ഇടക്കു് നല്ല ഇരുമ്പഴികൾ കാണുമെന്നേയുള്ളു. പോരെങ്കിൽ കുററവാളിയുടെ മുറിയിൽ മററു പല കുററവാളികളും ഉണ്ടായിരിക്കും. ഇതൊക്കെ അറിഞ്ഞുകൊണ്ടുതന്നെ എലിസബത്തു് ജേക്കിനെ കാണാൻ ചെന്നതു്. ഇരുമ്പഴിക്കു ഇരുവശങ്ങളിലും നിന്നുകൊണ്ടു് അവർ ഉറക്കെ സംസാരിച്ചുകൊണ്ടിരുന്നു. എലിസബത്തു് ഇടക്കിടക്കു കരയുന്നുമുണ്ടായിരുന്നു. ആ കോലാഹലത്തിനിടക്കു അരം അതിൻെറ പ്രവൎത്തനം നടത്തുന്നതു് ആരും കണ്ടുമില്ല, കേട്ടുമില്ല. ജനലിൻെറ ഒരഴി മാറുന്നതും ജേക്കു ആ ചെറിയ ദ്വാരത്തിലൂടെ ഞെരുങ്ങി പുറത്തു പോകുന്നതും എലിസബത്തിൻെറ സഹായത്തോടുകൂടി നിലത്തു ചാടുന്നതും എല്ലാം നൊടിക്കിടയിൽ കഴിഞ്ഞു.

പിറേറ ദിവസം പോലീസുകാർ എലിസബത്തിനെ കിട്ടി. പക്ഷെ ജേക്കിനെ കിട്ടിയില്ല.

ധീരമായ മോഷണങ്ങൾ വീണ്ടും ഒന്നൊന്നായി സമീപപ്രദേശങ്ങളിൽ നടന്നുതുടങ്ങി. ചിലപ്പോൾ വേഷം മറക്കാതെ തന്നെ ധൈര്യമായി നടന്നുപോകുന്ന ജേക്കിനെ കണ്ടവരുണ്ടായിരുന്നു. ജയിൽചാടുന്നതിൽ അധിപതിയൻ എന്നല്ലാതെ മോഷണങ്ങളെ സംബന്ധിച്ചിടത്തോളം ജേക്ക് വലിയ മിടുക്കനൊന്നുമായിരുന്നില്ല. പോലീസുകാർ പിടികൊടുക്കാതിരിക്കാൻ കരുതലുകളെടുക്കുന്നതിൽ അയാൾ അത്രയധികം ശ്രമിച്ചതുമില്ല. അവർ വേണമെങ്കിൽ വീണ്ടും പിടിച്ചുകൊള്ളട്ടെ. ഏതു നരകത്തിൽ കൊണ്ടുചെന്നിട്ടാലും അവിടന്ന് ഓടിപ്പോരാമെന്നുള്ള അജയ്യമായ ആത്മവിശ്വാസം അയാൾക്കുണ്ടായിരുന്നു. അതുകൊണ്ട് അയാൾ പിടികൊടുക്കാതിരിക്കുന്നതിൽ അശ്രദ്ധ കാണിച്ചു. പോലീസ് വീണ്ടും അന്വേഷണം നടത്തിക്കൊണ്ടിരുന്നു. അതിൻെറ ഫലമായി ജേക്ക് വീണ്ടും അവരുടെ കയ്യിൽ അകപ്പെട്ടു.

രക്ഷപ്പെടാൻ യാതൊരു വഴിയുമില്ലെന്നു പാറാവുകാർ തീർച്ച്യുണ്ടായിരുന്ന ഒരു കാരാഗൃഹത്തിലാണ് ഇപ്രാവശ്യം താമസിക്കാൻ ജേക്ക് നിർബന്ധിതനായിത്തീർന്നത്. പോരെങ്കിൽ, ഇത്തവണ അയാളുടെ കാലുകൾ ചങ്ങലയിട്ടു പൂട്ടി നിലത്തു തളച്ചിരിക്കയും ചെയ്തിരുന്നു. എന്നിരുന്നാലും, ഒരു ദിവസം പാറാവുകാരൻ കണ്ടു ജേക്ക് കാലിലെ വിലങ്ങ് ഊരാൻ ശ്രമിക്കുന്നത്. അയാൾ ജനലിൽക്കൂടി തല നീട്ടി പറഞ്ഞു : "ഹേ, ചെറുപ്പക്കാരാ, നിങ്ങൾ ചെയ്യുന്നതു ഞാൻ കണ്ടിരിക്കുന്നു. പക്ഷെ നാം രണ്ടുപേരുടെയും ജോലി വെവ്വേറെയാണ്. സാധിക്കുമെങ്കിൽ ഓടിപ്പോകാനായിരിക്കും നിങ്ങളുടെ ശ്രമം. ഓടിപ്പോകാതെ നോക്കാനാണ് എൻെറ ജോലി." ഒട്ടും കൂസൽ കൂടാതെ ജേക്ക് പറയുകയായിരുന്നു, "എന്നാൽ നമുക്കിനി അവനവൻെറ ജോലി നോക്കാം."

ആയിടക്കു് നടന്ന ഒരു സംഭവത്തെപ്പററി സുപ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായ ഡാനിയൽ ഡിഫോ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"ഒരു ബുധനാഴ്ച തന്നെ ഏകാന്തത്തടവിലിട്ടിരിക്കുന്ന മുറിയിൽ വെച്ചു കാലിലിട്ടിരിക്കുന്ന പൂട്ടു തുറന്നു ജേക്ക് സ്വയം വിമുക്തനാക്കി. അയാൾ ചിമ്മിനി വഴി പുറത്തിറങ്ങാൻ നോക്കി. പക്ഷെ ചിമ്മിനിയിൽ ഘടിപ്പിച്ചിരിക്കുന്ന ബലമുള്ള ഇരുമ്പഴികൾ ആ ശ്രമത്തെ തടഞ്ഞു. അപ്പോഴാണ് ആഹാരവും കൊണ്ടു പാറാവുകാരൻ വന്നതു്. തടവുകാരൻ ചങ്ങലയില്ലാതെ നില്ക്കുന്നതുകണ്ടു പാറാവുകാരൻ അത്ഭുതപ്പെട്ടുപോയി. അവർ അയാളെ തലമുതൽ കാലുവരെ പരിശോധിച്ചു. പക്ഷെ ഒരു സൂചിപോലും കണ്ടുകിട്ടിയില്ല. രണ്ടാമതും അയാളെ ചങ്ങലപൂട്ടിയിട്ടപ്പോഴേക്കും ജയിൽ മേലധികാരി വന്നു. അത്ഭുതപരതന്ത്രനായ അയാൾ ഏതു ഇന്ദ്രജാലം കൊണ്ടാണ് സ്വയം മോചിപ്പിച്ചതെന്നു പറയാൻ ജേക്കിനോടഭ്യർത്ഥിച്ചു. ജേക്ക് കൈനീട്ടി ചുവരിൽ തറച്ചിരുന്ന ഒരാണിയെടുത്തു. അവർ അത്ഭുതപരവശരായി നോക്കിക്കൊണ്ടിരിക്കവെ ജേക്ക് ആ ആണികൊണ്ടു് വീണ്ടും സ്വയം വിമുക്തനാക്കിക്കാണിച്ചു. ഇതിൽ കൂടുതൽ ആശ്ചര്യകരമായി ഒന്നും ഇക്കാലത്തു് നടന്നിട്ടില്ല."

ആ കലയിൽ തനിക്കുള്ള പ്രാഗത്ഭ്യത്തിൽ അഹങ്കാരം, വിശ്വസിക്കാൻ പ്രയാസമായ മൌഢ്യം—ഇതൊക്കെ ഡിഫോയുടെ വിവരണത്തിൽ നിന്നു മനസ്സിലാക്കാം. അല്ലെങ്കിൽ ആ വിദ്യ പാറാവുകാർക്കു കാണിച്ചു കൊടുക്കുന്നതു് തരക്കേടാണെന്നു അയാൾ മനസ്സിലാക്കുമായിരുന്നു.

മരണശിക്ഷയും ശിരസ്സിൽ താങ്ങിക്കൊണ്ടു് ജേക്ക് കാരാഗൃഹത്തിൽ കിടക്കുകയായിരുന്നു.

ഒക്ടോബർ 15-ാം നു- രാത്രി പതിവുപോലെ പാറാവുകാരൻ ജേക്കിനുള്ള ആഹാരവുമായി മുറിയിൽ പ്രവേശിച്ചു. കൈവിലങ്ങ് കാൽവിലങ്ങ്, കതകുകൾ, എല്ലാം പരിശോധിച്ചു. യാതൊരു ത കരാറുമില്ല. ജേക്ക് പതിവുപോലെ ഉത്സാഹമുള്ളവനായി കാണപ്പെട്ടു. അയാൾ നേരംപോക്കുകൾ പറഞ്ഞുകൊണ്ടു ആഹാരം കഴിക്കുകയും പാറാവുകാരനുമായി സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു. പാറാവുകാരൻ വാതിൽ ഭദ്രമായി പൂട്ടിയിട്ട് പുറത്തുപോവുകയും ചെയ്തു.

ജേക്കിന്റെ ഉടുപ്പിലെവിടെയോ ഒളിച്ചുവെക്കപ്പെട്ടിരുന്ന ഒരു ആണി ആരുടെയും ശ്രദ്ധയിൽ പെട്ടിരുന്നില്ല. രാത്രി എല്ലാരും ഉറങ്ങിയപ്പോൾ അയാൾ കൈകളെ വേർപെടുത്തി. പിന്നെ കാലുകളെ വേർപെടുത്തി. പക്ഷെ ചങ്ങലകൾ കാലിൽ തളച്ചിട്ടുണ്ട്. അതു പൊട്ടിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടയാൾ മറെറാരു വിദ്യയെടുത്തു. ചങ്ങല കിലുങ്ങാതിരിക്കാനായി അതു് കാലിൽ ഭദ്രമായി ചുററിക്കെട്ടി. എന്നിട്ട് ചിമ്മിനിയിൽ പററിപ്പിടിച്ചു കയറി. ചങ്ങലയിലെ ഒരു ഭാഗം കൊണ്ട് ചിമ്മിനിയിലെ ഇരുമ്പഴികളിലൊന്നു ഘടിപ്പിച്ചിരുന്ന ചുവരിൽ പതുക്കെ തുരന്നു തുടങ്ങി. അങ്ങനെ കുറേനേരം കഴിഞ്ഞു. ഒരു ഇരുമ്പുകമ്പി വലിച്ചെടുത്തു. ദേഹം കടക്കുന്നതിനുള്ള സ്ഥലമുണ്ടാക്കി. മാത്രമല്ല ആ ഇരുമ്പുകമ്പി ഇനിയത്തെ സംരംഭങ്ങളിൽ ഏററവും ഉപയോഗമുള്ള ഒരായുധവുമായിത്തീൻ. ജേക്ക് മുകളിലത്തെ മുറിയിലേക്കു പാററിക്കയറി. ആ മുറി ഏഴു കൊല്ലമായി ഉപയോഗശൂന്യമായിക്കിടന്നിരുന്നു. ഏഴു കൊല്ലമായിരുന്ന ആ മുറിയിലെ വലിയ പൂട്ട് തുറന്നിട്ട്. അതു തുറക്കാൻ ജേക്കിനു വലിയ ബുദ്ധിമുട്ടൊന്നുമുണ്ടായില്ല. അവിടെയുള്ള ഇടനാഴിയിലൂടെ അയാൾ നടന്നു. ഇടനാഴിയുടെ അങ്ങേ അററത്തുള്ള പ്രാത്ഥനാമുറിയായിരുന്നു ലക്ഷ്യം. പതുങ്ങിപ്പതുങ്ങി അവിടെ എത്തിയപ്പോഴാണ് കാൎയ്യം മനസ്സിലായതു്. ആ മുറി അകത്തു നിന്നു സാക്ഷയിട്ടിരുന്നു. അതിലെ

അല്ലാതെ പുറത്തു കടക്കാൻ യാതൊരു മാൎഗ്ഗവുമില്ല. ഏതൊരു ധൈൎയ്യശാലിയെയും നിരാശപ്പെടുത്തുമായിരുന്നു ആ അവിചാരിതമായ പ്രതിബന്ധം. പക്ഷെ ജേക്ക് നിരാശപ്പെട്ടില്ല. ഇങ്ങനെയുള്ള അവസരങ്ങളിലാണ് അയാളുടെ ബുദ്ധി വികസിക്കുക. സാക്ഷ തുറക്കാതെ നിവൃത്തിയില്ല. ചുവർ തുരന്നുകളയാം. അങ്ങിനെ അയാറം ഇരുമ്പുകമ്പികൊണ്ടു ചുവർ തുരന്നുതുടങ്ങി. ഒടുവിൽ കൈകടത്താവുന്ന ഒരു ദ്വാരമുണ്ടായി. അയാറം കൈകടത്തി സാക്ഷ വലിച്ചു വാതിൽ തുറന്നു. ആരെങ്കിലും വരുന്നുണ്ടോ എന്നു ചെവിയോൎത്തു. ആരും വരുന്നില്ല. എല്ലാവരും ഉറങ്ങുകയാണ്. പിന്നെയും രണ്ടുമൂന്നു പൂട്ടുകറം തുറക്കാനുണ്ടായിരുന്നു. കെട്ടിടത്തിൻെറ കിടപ്പെല്ലാം അയാറംക്കു കാണാപ്പാഠമായിരുന്നു.

പിറെറ ദിവസം രാവിലെ പാറാവുകാരൻ ചെന്നപ്പോറം ജേക്കിൻെറ പൊടിപോലും അവിടെ കണ്ടില്ല.

മോഷണങ്ങറം. അജ്ഞാതവാസം. ഒടുവിൽ പോലീസുകാരുടെ കയ്യിലകപ്പെടൽ. എല്ലാം പഴയപോലെതന്നെ.

ഇത്തവണ പാറാവുകാർ മുമ്പിലത്തേക്കാറം കരുതലുകളെടുത്തു. രാവും പകലും അവർ അയാളെ കണ്ണിലെണ്ണയുമിട്ടു സൂക്ഷിച്ചുകൊണ്ടിരുന്നു. അപ്പോഴേക്കും ജേക്കിൻെറ പ്രസിദ്ധി നാടു മുഴുവൻ പരന്നു കഴിഞ്ഞിരുന്നു. ജേക്കിൻെറ ചിത്രം വരക്കാനായി സുപ്രസിദ്ധ കലാകാരന്മാർ അയാളെ ജയിലിൽ സന്ദർശിച്ചു. അയാളെ ഒന്നു കാണാനുള്ള ഔത്സുക്യത്തോടുകൂടി അനേകമാളുകറം ജയിലിൽ വന്നുകൊണ്ടിരുന്നു. പാറാവുകാർ പണം വാങ്ങിക്കൊണ്ടു തടവുകാരനെ കാണാനുള്ള സൌകൎയ്യങ്ങളുണ്ടാക്കിക്കൊടുത്തു. ചില പാറാവുകാൎക്കു ആ ഇനത്തിൽ ഇരുനൂറു പവനിൽ കൂടുതൽ കിട്ടുകയും ചെയ്തു.

കോടതിമുമ്പാകെ ഹാജരാക്കപ്പെട്ട ജേക്കിന്ന് യാതൊരു കൂസലുമുണ്ടായില്ല. അയാളുടെ ധൈൎയ്യത്തിന്നും നിൎദ്ദയത്വം യാതൊരു

കുറവുമുണ്ടായിരുന്നില്ല. വീണ്ടും വിലങ്ങവെച്ചാൽ അതു് ഊരുന്നതു് എങ്ങനെയെന്നു എല്ലാക്കും കാണിച്ചുകൊടുക്കാമെന്നു ആ അഹങ്കാരി കോടതിയോടു പറഞ്ഞു. പക്ഷെ കോടതിക്കു അപ്പോഠം ആ കലാവിദ്യകാണുന്നതിൽ അത്രയധികം കൌതുകമുണ്ടായില്ല.

അന്നൊക്കെ കുപ്രസിദ്ധരായ കുററവാളികളുടെ പരസ്യമായ തൂക്കിക്കൊല്ലൽ ഒരുത്സവംപോലെയായിരുന്നു. ജേക്കിനെ കഴുമരത്തിലേക്കു അകമ്പടിസേവിച്ച ജനാവലിയുടെ സംഖ്യ രണ്ടു ലക്ഷത്തിൽ കുറവല്ലെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇനി സമയം കുറച്ചേ ഉള്ളെങ്കിലും ജേക്ക് സ്വതസ്സിദ്ധമായ ശുഭാപ്തിവിശ്വാസം കൈവെടിഞ്ഞില്ല. അജ്ഞാതനായ ഒരു സ്നേഹിതൻ ഒരു വലിയ പിശാങ്കത്തി അയാളുടെ കയ്യിൽ എത്തിച്ചിരുന്നു. തക്കസമയത്തു് കയറുകഠം അറുത്തു് ജനക്കൂട്ടത്തിനിടയിൽ ചാടി രക്ഷപ്പെടാമെന്നായിരുന്നു ജേക്കിൻെറ വിചാരം. പക്ഷെ യാദൃച്ഛികമായി ഒരു പട്ടാളക്കാരൻ കത്തി കണ്ടു അതു പിടിച്ചുവാങ്ങിക്കളഞ്ഞു. അതോടുകൂടി രക്ഷപ്പെടാനുള്ള ഏകമാൎഗ്ഗവുമടഞ്ഞു.

എങ്കിലും ജേക്കിൻെറ ആരാധകന്മാർ ഒരു കടശ്ശിക്കൈക്കൂടി ചെയ്യാതിരുന്നില്ല. ജേക്ക് കയറിൽ തൂങ്ങിയപ്പോഴേക്കും ഒരു സംഘം പേർ മുമ്പിൽ നില്ക്കുന്നവരെ തള്ളിമാററിക്കൊണ്ടു് കഴുമരത്തെ സമീപിച്ചു. ഒരാഠം കയർ വെട്ടാനായി കഴുമരത്തിൽ കയറി. കയറു വെട്ടിയിട്ടതിനു ശേഷമേ ഒരു പട്ടാളക്കാരൻ വെച്ച വെടി അയാളുടെ തലയിൽകൂടി പാഞ്ഞുപോയുള്ളു. അപ്പോഠം അസാധാരണമായ ഒരു കാഴ്ചയാണ് അവിടെ കാണപ്പെട്ടതു്. ആരോ ജേക്കിനെയെടുത്തു വേറൊരാളുടെ കയ്യിൽ കൊടുത്തു. അയാഠം വേറൊരാളുടെ കയ്യിലും. അങ്ങിനെ ധൃതഗതിയിൽ, തിരമാലകളുടെ മുകളിലൂടെ പായുന്ന ഒരു തോണിയേപ്പോലെ ജനക്കൂട്ടത്തിൻെറ മുകളിലൂടെ ജേക്കിൻെറ ശരീരം പാഞ്ഞുപോയി. ഒടുവിൽ അങ്ങേ അററത്തു നിന്നവർ ജേക്കിനെ വണ്ടിയിലാക്കി ഒരു വൈദ്യ

ൻെറ അടുക്കലേക്ക പോയി. പക്ഷെ അപ്പോഴേക്കും ജേക്കിൻെറ ആത്മാവ് ദേഹം വെടിഞ്ഞിരുന്നു.

ജേക്കിനെ അന്നത്തെക്കാലത്ത് ശ്രദ്ധമായിട്ടെങ്കിലും അഭിനന്ദിക്കാത്തവർ വളരെ ചുരുക്കമായിരുന്നു. അതു പരസ്യമാക്കുന്നതു് ശരിയല്ലെങ്കിലും, ഒരു പാതിരിപോലും തൻെറ അഭിനന്ദനം മതപ്രസംഗത്തിനിടയിൽ ഇങ്ങനെ വ്യംഗ്യമായി വെളിപ്പെടുത്തി:

" നിങ്ങളെല്ലാരും ജേക്ക് ഷെപ്പേഡിനെപ്പോലെ ആയിരുന്നെങ്കിൽ! തെററിദ്ധരിക്കരുതേ, സഹോദരന്മാരെ! ആത്മാവിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നതു്. നിങ്ങളോടു ഞാൻ പറയുന്നു: പാശ്ചാത്താപത്തിൻെറ ആണികൊണ്ടു് നിങ്ങളുടെ ഹൃദയത്തിൻെറ പൂട്ട തുറക്കുവിൻ. പ്രലോഭനങ്ങളുടെ ചങ്ങലയെ പൊട്ടിച്ചെറിയുവിൻ. ആശയുടെ ചിമ്മിനിയിൽക്കൂടി മുകളിലേക്ക കയറുവിൻ. അവിടുന്നു ദൃഢനിശ്ചയത്തിൻെറ ഇരുമ്പുകമ്പി പിഴുതെടുക്കുവിൻ. നിരാശയുടെ ചുവരു് ഭേദിച്ചു മുമ്പോട്ട പോകുവിൻ. അങ്ങിനെയായാൽ അന്യായത്തിൻെറ കാരാഗൃഹത്തിൽ നിന്നു രക്ഷയുടെ കവാടത്തിൽ നിങ്ങൾക്കെത്താൻ സാധിക്കും. ആമേൻ!"

———:o:———

# ഭാഷയിലെ ലഘുകവിതകൾ

ഗോവിന്ദൻകുട്ടിനായർ

മലയാളത്തിൽ മഹാകാവ്യങ്ങളുടെ കാലം കഴിഞ്ഞിട്ടു ഇപ്പോൾ ഏതാണ്ട് മുപ്പതുകൊല്ലമായിരിക്കും. പിന്നീട് അവയുടെ സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടതു ഖണ്ഡകാവ്യങ്ങളാണ്. അവയുടെ കാലവും മിക്കവാറും അവസാനിച്ച മട്ടിലായിരിക്കുന്നു. ലഘുകവിതകൾ അഥവാ കാവ്യശകലങ്ങളാണ് ഭാഷാപദ്യസാഹിത്യത്തിൽ ഇന്നുപ്രാധാന്യം വഹിക്കുന്നത്. മഹാകാവ്യമെഴുതിയേ മഹാകവിയാവൂ എന്ന പഴഞ്ചൻ അഭിപ്രായം ഇന്നു പരിത്യജിക്കപ്പെട്ടിരിക്കുന്നു. ഖണ്ഡകാവ്യങ്ങളെക്കൊണ്ടു മാത്രം മഹാകവിപദത്തിൽ ശാശ്വതപ്രതിഷ്ഠ നേടിയ ആളാണല്ലോ കുമാരനാശാൻ. അതുപോലെതന്നെ ലഘുകവിതകളെക്കൊണ്ടു മാത്രം മഹാകവിസ്ഥാനത്തിന്നു അർഹരായിത്തീർന്നവരും ഇല്ലായ്കയില്ല.

നിയമപരമായ ഈ ശൈഥില്യത്തിൽ നിന്നു ആധുനികന്മാരുടെ കാവ്യാസ്വാദനശീലത്തെസ്സംബന്ധിച്ച ഒരു മെച്ചം സവിശേഷം വെളിപ്പെടുന്നുണ്ട്. അതു, കവിതകളുടെ എണ്ണത്തെയും വണ്ണത്തെയും മുൻനിർത്തിയല്ല, ഗുണത്തെ മാത്രം ഊന്നാക്കിയാണ് നാം കാവ്യകർത്താക്കളെ ചേരിതിരിക്കുന്നതെന്നുള്ളതത്രെ. കാവ്യാസ്വാദനപരമായി നമുക്കു സിദ്ധിച്ച പുരോഗതിയെയാണ് ഇതു സൂചിപ്പിക്കുന്നത്.

മററെല്ലാസാഹിത്യങ്ങളിലുമെന്നപോലെ മലയാളത്തിലും മാസികാപത്രങ്ങളുടെ ആവിർഭാവത്തോടുകൂടിയാണ് ലഘുകവിതകൾക്കു പ്രചുരപ്രചാരം സിദ്ധിച്ചതു്. അനുകാലികപ്രസിദ്ധീകരണങ്ങൾ

ഏറിവരുന്നതോടൊപ്പം ലഘുകവിതകളും വർദ്ധിച്ചുവരുന്നുണ്ട്. അങ്ങനെയാവാനേ വഴിയുള്ളുതാനും. ഇന്നത്തെ നില കണ്ടാൽ നമ്മുടെ പദ്യസാഹിത്യത്തിൻെറ ഭാവി വെറും കാവ്യശകലങ്ങളിലാണ് അധിഷ്ഠിതമായിരിക്കുന്നതെന്നു വേണം വിചാരിക്കുക. ഇന്നത്തെ നില തന്നെ എന്താണ് ? പുതുതായി പുറപ്പെട്ടുകൊണ്ടിരിക്കുന്ന പുസ്തകങ്ങളിൽ ചുരുങ്ങിയതു് അമ്പതു ശതമാനമെങ്കിലും ലഘുകവിതകളുടെ സമാഹാരമാണ്; മുപ്പതു ശതമാനം ചെറുകഥാസമാഹാരങ്ങളും പത്തുശതമാനം നാടകങ്ങളും നീക്കിനിർത്തിയാൽ മററു ഇനത്തിൽപ്പെട്ട ഗ്രന്ഥങ്ങൾ വളരെ കുറവായിരിക്കും.

ആംഗലസാഹിത്യത്തെ അനുകരിച്ചാണ് ഭാഷയിൽ ലഘുകവിതാപ്രസ്ഥാനം വളൎന്നുവന്നതു്. ആംഗലസാഹിത്യമീമാംസകന്മാർ ലഘുകവിതകളെ തരംതിരിച്ച് ഓരോന്നിൻെറയും സ്വഭാവം ശാസ്ത്രീയമായി നിൎവ്വഹിക്കുന്നതിൽ വളരെയധികം ശ്രദ്ധിച്ചിട്ടുണ്ടു്. ഇംഗ്ലീഷിലെ മിക്ക ശാഖകളെയും നമ്മുടെ കവികൾ അനുകരിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ ഓരോന്നിൻെറയും സവിശേഷധൎമ്മം വെളിപ്പെടുത്തുന്ന ശാസ്ത്രീയചർച്ചയിൽ നാം ഒട്ടും പുരോഗമിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. പ്രൊഫസർ ശങ്കരൻ നമ്പ്യാർ ഈ വിഷയത്തിൽ ചിലതൊക്കെ ചെയ്തിട്ടുണ്ടെന്ന വസ്തുത ഇതെഴുതുന്ന ആൾ ഓൎക്കായ്കയില്ല. എന്നാൽ ഈ കാര്യത്തിൽ ഇനിയും കുറേക്കൂടി വിചാരശക്തി വിനിയോഗിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ലഘുകവിതകളുടെ വളർച്ചക്കനുസരിച്ചു അവയുടെ സാങ്കേതികവശത്തെ വിമൎശ്രൂപത്തിൽ വിവരിക്കുന്ന ഒരു ശാസ്ത്രഗ്രന്ഥം ഭാഷയ്ക്കിന്നത്യാവശ്യമാണ്. പദ്യസാഹിത്യത്തെസ്സംബന്ധിച്ചേടത്തോളം, ഇതുവരെ നമുക്കു വഴികാണിച്ചുപോന്ന 'ഭാഷാഭൂഷണം' പുതിയ തലമുറയുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ അപര്യാപ്തമാണ്. അതൊന്നു പുതുക്കിയെഴുതുകയോ, അതിൻെറ സ്ഥാനത്തു് മറെറാന്നു പ്രതിഷ്ഠിക്കുകയൊ കൂടിയേ കഴിയൂ എന്നായിരിക്കു

ന്നു. ഏതിലും 'ടെക്നിക്കി'ന്നാണല്ലോ ഇന്നു പ്രാധാന്യം. കലാലോകത്തിൽ, പ്രത്യേകിച്ചും കാവ്യകലയിൽ, മാത്രം നാം എന്തിന്നു അതിനെ മാനിക്കാതിരിക്കണം?

നമ്മുടെ ലഘുകവിതകളെപ്പററി നാം തന്നെ പുകഴ്ത്തിപ്പറയുന്നതു ശരിയല്ലായിരിക്കാം. എന്നാൽ, പുകഴ്ത്തിപ്പറയത്തക്ക ഒരു ലഘുകവിതാസമ്പത്ത് നമുക്കുണ്ടെന്നുള്ളതു് തികച്ചും ശരിയാണ്. ഭാഷയിലെ ലഘുകവിതകളിൽ ചിലതു്, അല്ല പലതും, വിശ്വസാഹിത്യത്തിൽ തന്നെ കടന്നുകൂടി അനശ്വരയശസ്സാർജ്ജിപ്പാൻ മതിയായവയാണ്. ഇത്തരം സന്ദർഭങ്ങളിലാണ് മലയാളിയുടെ ഭാഷാഭിമാനമില്ലായ്മയെപ്പററി നമുക്കു പരിതപിക്കേണ്ടിവരുന്നതു്. ഫിററ്സ്ജിറാൾഡ്, റൂബായിയോത്ത് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിരുന്നില്ലെങ്കിൽ, ആ വിശ്വോത്തരകൃതിയുടെ അലൌകികമാധുര്യം ഇന്നത്തെപ്പോലെ അത്രയധികം ആളുകൾക്കു ആസ്വദിപ്പാൻ തരപ്പെടുമായിരുന്നുവോ? ഇംഗ്ലീഷുകാരോളമില്ലെങ്കിൽ പോട്ടെ, വംഗീയരോളമെങ്കിലും മലയാളികൾക്കു ഭാഷാഭിമാനമുണ്ടായിരുന്നുവെങ്കിൽ, നമ്മുടെ കമനീയങ്ങളായ കാവ്യശകലങ്ങളിൽ ഇനിയും എത്രയോ എണ്ണം ഇതിന്നു മുമ്പുംതന്നെ ആംഗലഭാഷയിൽ കടന്നുകൂടുമായിരുന്നു.

ഇംഗ്ലീഷിൻെറ പ്രാധാന്യം കാലക്രമത്തിൽ നമ്മുടെ നാട്ടിൽ കുറഞ്ഞുവരുമെന്ന വാദത്തിൽ കുറെ വാസ്തവമുണ്ട്. എന്നാൽ അതിൻെറ സ്ഥാനത്ത് മറെറാരു ഭാഷയുണ്ടാവാതിരിപ്പാൻ നിവ്വാഹമില്ല. അതു ഹിന്ദിയായിരിക്കുമെന്ന സംഗതിയും നിരാക്ഷേപമാണ്. അതിനാൽ ഭാഷയിലെ മികച്ച കാവ്യശകലങ്ങൾ തിരഞ്ഞെടുത്തു അവയെ ആദ്യമായി ഹിന്ദിയിലേക്കു വിവർത്തനം ചെയ്യുന്നതു നന്നായിരിക്കും. അർഹമായതു അതിജീവിക്കുമെന്ന നിയമത്തിന്നനുസരിച്ച്, അങ്ങിനെ വിവർത്തനം ചെയ്യപ്പെടുന്ന കൃതികൾ ക്രമത്തിൽ ഭാരതീയേതരഭാഷകളിലേക്കും സംക്രമിച്ചുകൊള്ളും.

ഹിന്ദിയിലേക്ക തർജ്ജിമ ചെയ്യപ്പെടുന്നതുകൊണ്ടു മററൊന്നു മുണ്ടായില്ലെങ്കിലും, നമ്മുടെ കവിതാശകലങ്ങൾക്ക അഖിലേന്ത്യാ പ്രശസ്തിയെങ്കിലും ലഭിക്കമെന്നുള്ളതു് നിരാക്ഷേപമാണ്. വാസ്തവത്തിൽ നമ്മുടെ ഇന്നത്തെ കവികളിൽ പലരും കേരളത്തോളപ്പോലുള്ള ഒരു ഇടുങ്ങിയ ഭൂഭാഗത്തിൽക്കിടന്നു ശ്വാസംമുട്ടിക്കഴിയേണ്ടവരല്ല. ഭൂമിശാസ്ത്രപരമായ അതിരുകളെ അതിലംഘിച്ചു കൂടുതൽ വിശാലമായ ഒരു മേഖലയിലേക്ക പ്രവേശിപ്പാൻ അർഹതയുള്ളവരാണവർ. വിദഗ്ദ്ധമായ ഒരു വിവർത്തകസമിതിയുടെ അഭാവംകൊണ്ടു മാത്രമാണ് കേരളീയ കവികളും അവരുടെ കവിതാശില്പങ്ങളും മററത്തെ മുല്ലപോലായിത്തീർന്നതു്.

കവിതാശകലങ്ങളെസ്സംബന്ധിച്ചേടത്തോളം ആദ്യമായി നാം ചെയ്യേണ്ടതു് സമുദ്രപ്രായം പരന്നുകിടക്കുന്ന അവയിൽ നിന്നു ഏതെങ്കിലും വിധത്തിൽ മെച്ചപ്പെട്ടവയെ വേർതിരിച്ചെടുത്തു തരംതിരിച്ചു പ്രസിദ്ധപ്പെടുത്തുകയാകുന്നു. ഇംഗ്ലീഷിൽ പ്രശസ്തിനേടിയ അത്തരം പ്രസിദ്ധീകരണങ്ങൾ പലതുമുണ്ടു്. Poetry for the Young, The Golden Treasury തുടങ്ങിയവ ഇത്തരത്തിൽ പെട്ട പ്രചാരപ്രാചുര്യമുള്ള ചിലതു മാത്രമാണ്. മലയാളത്തിൽ ഏതാദൃശങ്ങളായ പ്രസിദ്ധീകരണങ്ങൾ ഇല്ലെന്നുതന്നെ പറയാം. പുരോഗമനസാഹിത്യസമിതിയുടെ ആഭിമുഖ്യത്തിൽ, പുരോഗമനാത്മകങ്ങളായ ഏതാനും ചില കൊള്ളാവുന്ന കവിതകൾ തിരഞ്ഞെടുത്തു, നാലഞ്ചു കൊല്ലം മുമ്പു പുസ്തകരൂപത്തിൽ—ശാശ്വതരശ്മി—പ്രസിദ്ധപ്പെടുത്തുകയുണ്ടായി. കേരളീയകവികളിൽ ചിലരുടെ ആശയപരമായ ഔന്നത്യത്തിൻെറയല്ലാതെ, കലാനൈപുണ്യത്തിൻെറ മാററു കാണിപ്പാൻ ആ പ്രസിദ്ധീകരണം പ്രഗത്ഭമാണെന്നു പറഞ്ഞുകൂട. ശ്രീ. ബാലാമണിയമ്മയും ഒരു നല്ല കാവ്യസമാഹാരത്തിൻെറ പ്രസിദ്ധീകരണത്തിന്നായി ചില പരിശ്രമങ്ങളൊക്കെ ഏതാനും കൊല്ലം മുമ്പു് ചെയ്തതായി ഓർക്കുന്നു. എന്നാൽ ആ പരിശ്രമം പുസ്തകാകൃതി കൈക്കൊണ്ടിട്ടില്ലെന്നാണ് തോന്നുന്നതു്. പോരെങ്കിൽ, കേരളീയകവയിത്രികളുടെ കാവ്യശകലങ്ങളെ സമാഹരിപ്പാനായിരുന്നു അവർ ഉദ്യമിച്ചതും.

ഭാവാത്മകഗാനങ്ങൾ (ലിറിക്സ്,) ഗൂഢാത്മകവിതകൾ (മിസ്റ്റിക് പോയട്രി) നാടകീയഭാവാത്മകഗാനങ്ങൾ (ഡ്രമാററിക് ലിറിക്സ്) പ്രണയഗാനങ്ങൾ, താരാട്ടുകൾ, സമരഗാനങ്ങൾ, കേവലഗീതകങ്ങൾ (സോണററ്സ്) ഇടയഗാനങ്ങൾ, വിലാപഗീതങ്ങൾ, വർണ്ണനാത്മകഗാനങ്ങൾ തുടങ്ങി വിവിധപ്രസ്ഥാനത്തിലുൾപ്പെടുത്താവുന്ന കാവ്യശകലങ്ങൾ ഭാഷയിൽ ധാരാളമുണ്ട്. ഓരോന്നിലടങ്ങിയ ഭാവഭാവനകളുടെ ഏററക്കുറവിന്നനുസരിച്ച്, അവയെ ഇടകലർത്തിയോ വെവ്വേറെയായോ സമാഹരിക്കാവുന്നതാണ്.

ഒരേ വിഭാഗത്തിൽ പെട്ട എല്ലാ കൃതികളും ഒരുപോലെ മെച്ചപ്പെട്ടവയായെന്നു വരില്ല. ഉദാഹരണത്തിന്നു ഗൂഢാത്മകവിതാശകലങ്ങൾ പരിശോധിക്കുക. 1935 നും 40നുമിടയിൽ മലയാളത്തിൽ ചുരുങ്ങിയതു് ഒരു ആയിരം ഗൂഢാത്മകവിതകളെങ്കിലുമുണ്ടായിട്ടുണ്ടാവും. ഇവയിൽ ശ്രീ. ശങ്കരക്കുറുപ്പിന്റെ ചില കവിതകളൊഴിച്ചാൽ, കൊള്ളാവുന്നവയായി ഒരിരുപത്തഞ്ചെണ്ണമെങ്കിലുമുണ്ടാകുമോ എന്നു സംശയമാണ്. അവയിൽ നിന്നും ഗുണപൌഷ്കല്യമുള്ളവയെ മാത്രം തിരഞ്ഞെടുത്തുവേണം സമാഹരിക്കുവാൻ. അതുപോലെ ഭാവാത്മകഗാനങ്ങളിൽ ആശാന്റേതായ ചില എണ്ണംപറഞ്ഞവയൊഴിച്ചാൽ, കൈവിരലിൽ എണ്ണാവുന്ന ചിലതു മാത്രമേ കൈക്കൊള്ളാനുണ്ടാവൂ. വായനക്കാരെല്ലാം സാംസ്കാരികമായി ഒരേ പദവിയിൽ വർത്തിക്കുന്നവരാകാനിടയില്ലാത്തതുകൊണ്ട് പല തരക്കാരുടെ ആവശ്യത്തെ അധികരിച്ചും സമാഹാരങ്ങളുണ്ടാവുന്നതു് നന്നായിരിക്കും.

ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങളുടെ ഉന്നം കവികളുടെ ഒരു പ്രദർശനരംഗം സജ്ജീകരിക്കലല്ല; പ്രത്യുത, ജനതയുടെ സംസ്കാരത്തെയും കലാബോധത്തെയും സമുന്മിഷിതമാക്കാൻ സഹായിക്കുന്ന എണ്ണപ്പെട്ട കവിതകളെ മാത്രം തിരഞ്ഞെടുത്തു പ്രദർശിപ്പിക്കലാണ്. ഇതിലേക്കു വർത്തമാനകാലത്തെ പദ്യസാഹിത്യത്തെ മാത്രമേ പരതിനോക്കാവൂ എന്നില്ല; പഴയകാലത്തു എഴുതപ്പെട്ടതായെന്ന കാരണംകൊണ്ടു മാത്രം, താരാട്ടുകളുടെ ശേഖര

# പുസ്തകാഭിപ്രായം

## പഴഞ്ചൊൽക്കഥകൾ

(ഒന്നാംഭാഗം)

[ഗ്രന്ഥകൎത്താവ് : വി. ടി. ശങ്കുണ്ണിമേനോൻ. സൽക്കഥാ പബ്ളിഷിംഗ് ഹൌസ്, കോഴിക്കോട്. വില 1. ക. പേജ് 86+4]

പേരിൽ നിന്നു വ്യക്തമാകുന്ന വിധം, പഴഞ്ചൊല്ലുകളുടെ പിന്നിലുള്ള ചെറുകഥകളാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യം. കേരളത്തിലെങ്ങും പ്രചാരമുള്ള നാല്പതു പഴഞ്ചൊല്ലുകളെസ്സംബന്ധിച്ച കഥകൾ ഈ ഒന്നാംഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കഥകളോരോന്നും പുരാതനകേരളീയരുടെ നൎമ്മബോധത്തിന്നും സൂക്ഷ്മനിരീക്ഷണസാമൎത്ഥ്യത്തിന്നും മകുടോദാഹരണങ്ങളാണ്. ദേശഭേദമനുസരിച്ചു ഇവയുടെ ബാഹ്യരൂപത്തിന്നു ഈഷദ്വ്യത്യാസം കണ്ടേക്കാം. എങ്കിലും തത്വം ഒന്നുതന്നെയാണ്.

എത്രയും ചുരുങ്ങിയ കാലംകൊണ്ടു ഈ പുസ്തകം നാലാംപതിപ്പിലേക്കു കടന്നുവെന്നറിയുമ്പോൾ, കേരളീയർ ഏതു നിലയിലാണ് ഇതിനെ സ്വീകരിച്ചതെന്നു ആൎക്കും ഊഹിക്കാം. ഈ പ്രചാരാധിക്യം, ഇത്തരം കഥകളെ ഇനിയും തേടിപ്പിടിപ്പാൻ മി. മേനോന്നു പ്രചോദനം നൽകേണ്ടതാണ്. മലയാള സാഹിത്യത്തി

ത്തിൽ ഇരയിമ്മൻതമ്പിയുടെ സുപ്രസിദ്ധമായ ആ താരാട്ടുകൂടി ഉൾപ്പെടുത്തിക്കൂടെന്നുണ്ടോ? യഥാൎത്ഥകല, കാലദേശങ്ങൾക്കതീതമായാണ് വൎത്തിക്കുന്നതെന്നതല്ലേ വാസ്തവം?

ലെ ജനകീയ വിഭാഗം ഇന്നും വേണ്ടേടത്തോളം വളൎന്നിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ഇത്തരം പുസ്തകങ്ങൾ ആ ന്യൂനത പരിഹരിപ്പാൻ സഹായിക്കും. ജനകീയസാഹിത്യത്തിന്നു യോജിച്ച ലളിതസുന്ദരമായ ഒരു ഭാഷാശൈലി ഗ്രന്ഥകാരന്നു സ്വാധീനമാണ്.

ജി. കെ. എൻ.

—o—

## ക്രൂററ്സർ സോണററ

[ഗ്രന്ഥകൎത്താ : ടോൾസ്റ്റോയി. വിവൎത്തകൻ : സി. ഗോവിന്ദക്കുറുപ്പ്. പ്രസാധകന്മാർ: വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി. വില 1 ക. 8 ണ. പേജ് 180+10.]

മലയാളഭാഷക്കു ഇതിന്നുമുമ്പുതന്നെ കൈവരേണ്ട ഗ്രന്ഥങ്ങളിലൊന്നാണ് ടോൾസ്റ്റോയിയുടെ ക്രൂററ്സർ സോണററ. ആധുനിക റഷ്യൻ സാഹിത്യകാരന്മാരിൽ, ഇന്ത്യക്കാൎക്കു ഏററവുമധികം വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കുക ടോൾസ്റ്റോയിയേയാണ്. ആ വിശ്വസാഹിത്യകാരന്റെ വികാരവിചാരങ്ങൾക്കു ഭാരതീയരുടെ ഭാവഭാവനകളോടു എന്തെന്നില്ലാത്ത പൊരുത്തമുണ്ട്. അങ്ങനെയുള്ള ഒരു കലാകാരനെ ഒരു സാധാരണ മലയാളി അറിയുന്നില്ലെങ്കിൽ, അതു് ആയാൾക്കൊരു നഷ്ടംതന്നെയാണ്.

ക്രൂററ്സർ സോണററയിലെ ഇതിവൃത്തം ഏററവും ലഘുവാണ് : തന്റെ പത്നി, സംഗീതം പഠിപ്പിക്കാൻ അടുത്തുകൂടിയ ഒരു അന്യനിൽ അനുരക്തയായതുകണ്ടു, നായകൻ ആയാളെ കുത്തിക്കൊല്ലുന്നു. ഇതാണ് മിക്കവാറും ആത്മകഥാകഥനരൂപത്തിലെഴുതപ്പെട്ട ഈ ആഖ്യായികയിലെ ഇതിവൃത്തം. ലൈംഗികജീവിതത്തിന്റെ പല വശങ്ങളെയും ഇതിൽ വികാരമധുരവും ചിന്താസു

ന്ദരവുമായ വിധത്തിൽ ചിത്രണം ചെയ്തിട്ടുണ്ട്. പലേടത്തും ഗ്രന്ഥകാരൻ മനശ്ശാസ്ത്രത്തിൻെറയും നീതിശാസ്ത്രത്തിൻെറയും അഗാധതയിലേക്ക ഊളിയിട്ട ചെല്ലുന്നുമുണ്ട്.

വിവൎത്തനം : ടോൾസ്റ്റോയിയെ അദ്ദേഹത്തിൻെറ ശരിയായ രൂപത്തിൽ തന്നെ മലയാളികളുടെ മുമ്പിൽ പ്രദർശിപ്പിക്കുവാൻ ഈ നിബന്ധത്തിൽ മി. കുറുപ്പിന്നു സാധിച്ചിരിക്കുന്നു. അതുതന്നെയാണല്ലൊ ഒരു വിവൎത്തനത്തിൻെറ മെച്ചം. പുതുപ്പും മിനുപ്പുമുള്ള പ്രസാദപൂർണ്ണമായ ഒരു ഭാഷാശൈലി വിവൎത്തകന്നു സ്വാധീനമാണ്. അളന്നു മുറിച്ചതുപോലെ അത്ര കൈയ്യും കണക്കുമൊത്തതാണ് അദ്ദേഹത്തിൻെറ വാക്യങ്ങൾ. അവയ്ക്കു വികാരത്തോടും വിചാരത്തോടും ഒരുപോലെ അടുപ്പമുണ്ട്. ഭാഷയുടെ ഈ സവിശേഷത നിമിത്തം ഇതിന്നൊരു സ്വതന്ത്രകൃതിയുടെ സ്വാദ് കിട്ടിയിട്ടുണ്ട്.

നിഷ്കൃഷ്ടമായി പരിശോധിക്കുമ്പോൾ ദുർല്ലഭം ചില സ്ഥലങ്ങളിൽ ഭാഷാപരമായ ഏതാനും ഭംഗികേടുകൾ കണ്ടെന്നുവന്നേക്കാം. 'ഒരു പരിചിതനാണ് മറേറതു്' (ഭാ. 1) 'മൂന്നാമത്തേതു ...ഒരു മുണ്ടൻ '(ഭാ 2) ഈ രണ്ടു വാക്യങ്ങളിലും പുല്ലിംഗം വേണ്ടിടത്തു നപുംസകലിംഗം പ്രയോഗിച്ചതു് (ഉം. മറേറതു്, മൂന്നാമത്തേതു്) കുറച്ചൊരു വൈരൂപ്യമുണ്ടാക്കുന്നുണ്ട്. '...ആയാൾ നേരെ എതിരായിട്ടാണ് ഇരുപ്പുറപ്പിച്ചിരുന്നതെന്നതിനാൽ ഞങ്ങളുടെ കണ്ണുകൾ കൂടെക്കൂടെ കൂട്ടിമുട്ടും' (ഭാ. 3) അൎത്ഥഗ്രഹണത്തിന്നു വിളംബമുണ്ടാക്കുന്ന ഒരു വാക്യമായിപ്പോയി ഇതു്. 'ഒരു പഴഞ്ചൻ മൂത്താര്!' (ഭാ. 13) വായനക്കാരൻ ഒരു നൈരുക്തികൻ കൂടിയാണെങ്കിൽ, മൂത്താരെന്നു കേൾക്കുമ്പോൾ മൂത്തനായരെന്ന അർത്ഥമാണ് ഗ്രഹിക്കുക. ഒരു റഷ്യക്കാരനെ അങ്ങനെ മൂത്താരാക്കേണ്ടിയിരുന്നില്ല. 'ഒരു പഴഞ്ചൻ കാരണവരെ'ന്നോ മറേറാ പറയുന്നതാവും നന്നാവുക. 'അവൾ അവളെത്തന്നെ വേദനിപ്പിച്ചുകൊള്ളട്ടെ' (ഭാ. 111) 'അവൾ തന്നെത്തന്നെ...എന്നു പറയുന്നതാണ് നല്ല

മലയാളം. 'പോയ്ക്കോളു, നീ കുടുംബത്തിൻെറ മാനത്തെ...' (ഭാ· 130) 'നീ' എന്ന ശബ്ദം കുറിക്കുന്ന അവജ്ഞക്കും 'പോയ്ക്കോളു' എന്ന പദം കുറിക്കുന്ന വിനയത്തിന്നും ഒരേ വികാരത്തിൽ കാലൂന്നി നിൽക്കാൻ വയ്യാ· 'പോയ്ക്കോ' എന്ന രൂപമാണധികം യോജിക്കുക. 'കാർബോളിക് പരമാണ്വുപകരണം' (ഭാ· 81) എന്താണെന്നറിവാൻ ഒരു സാധാരണ മലയാളിക്കു പരസഹായം കൂടിയേ കഴിയൂ. സുന്ദരിയെ 'സുന്ദരിസ്ത്രീ' (ഭാ. 35)യാക്കുന്നതു് ഇരട്ടിപ്പാണ്. ദുന്നടവടി (ഭാ· 27) നടവടി (ഭാ. 112) ഇടവാട് (ഭാ. 97) ഇവ യഥാക്രമം നടപടി, ഇടപാട് എന്ന രൂപം തന്നെ കൈക്കൊള്ളണം. ഇതുപോലെ നിസ്സാരങ്ങളായ ചില നോട്ടപ്പിഴകൾ ഇനിയും കണ്ടേക്കാം·

ടോൾസ്റ്റോയിയുടെ മററു കലാശില്പങ്ങളും മി. കുറുപ്പിൻെറ കൈകളിലൂടെ മലയാണ്മയിലേക്കു സംക്രമിക്കുന്നതു് ഭാഷക്കു ഒരു നേട്ടമായിരിക്കും,

ജി· കെ. എൻ·

—s—

# എൻെറ ഭാര്യ

[ഗ്രന്ഥകർത്താ: പൌലൂസ് കെ· വെൺടപ്പിള്ളി, തൃപ്പൂണിത്തുറ· വില 12 ണ]

എൻെറ ഭാര്യ, സ്മരണയുടെ പിന്നാലെ, കുഞ്ഞിന്നുവേണ്ടി, മരണത്തിന്നു ശേഷം എന്നീ നാലു ചെറുകഥകളാണ് ഇതിലെ ഉള്ളടക്കം. പെണ്ണിനെ കാണാൻ പുറപ്പെട്ടതു മുതൽ വിവാഹം കഴിഞ്ഞു അവൾ ഒന്നു പ്രസവിച്ചതുവരെയുള്ള ജീവിതവശമാണ് 'എൻെറ ഭാര്യ'യിൽ ചിത്രീകരിച്ചിട്ടുള്ളതു്· കൊതിച്ചുകൊണ്ടു വരപ്പെട്ട ആ കൊച്ചുപെണ്ണു് തനിക്കും അമ്മയ്ക്കും ഒരു ഭാരമായി

പരിണമിയ്ക്കുന്നതും പ്രസവത്തിന്നു ശേഷം അവളുടെ സ്വഭാവത്തിന്നു ഗണ്യമായ മാററമുണ്ടായതും ഈ കഥയിൽ പൊക്കിക്കാണിച്ചിരിക്കുന്നു. സ്ത്രീധനസമ്പ്രദായം ഗാർഹികജീവിതത്തിൻെറ സ്വാഭാവിക മധുരിമയെ നശിപ്പിക്കുന്നുവെന്നാണ് ഈ കഥയിൽ മി. വെൺടപ്പിള്ളിക്കു ഉൽബോധിപ്പിക്കുവാനുള്ളത്. മൂന്നിൽ രണ്ടുഭാഗവും പശ്ചാത്തലനിർമ്മിതിക്കുവേണ്ടി വിനിയോഗിച്ചതിനാൽ കഥയുടെ ആദ്യഭാഗം ഒരു ആഖ്യായികയുടെ മട്ടിലായിപ്പോയി. വിവാഹത്തിന്നു മുമ്പുള്ള വസ്തുതകളെ കുറെക്കൂടി ചുരുക്കി പ്രതിപാദിച്ചിരുന്നുവെങ്കിൽ, ഭാര്യക്കു കൂടുതൽ വ്യക്തിത്വവും കഥാമർമ്മത്തിന്നു ഏകാഗ്രതയും സിദ്ധിക്കുമായിരുന്നു.

ഒരു രാഷ്ട്രീയ പ്രവർത്തകൻെറ കുടുംബജീവിതത്തിലേക്കുള്ള എത്തിനോട്ടമാണ് 'സ്മരണയുടെ പിന്നാലെ' എന്ന കഥ. പൊതുജീവിതത്തിലിറങ്ങിയവർക്കും ലൈംഗികമായ അഭിലാഷങ്ങളുണ്ടാകാമെന്നു ചൂണ്ടിക്കാണിപ്പാൻ മാത്രമേ ഈ കഥയിൽ മി. വെൺടപ്പിള്ളിക്കു കഴിഞ്ഞിട്ടുള്ളു. ഒരു ചെറുകഥയോടെന്നതിനേക്കാ൦, വെറും ചില ഡയരിക്കുറിപ്പുകളോടാണ് ഇതിന്നധികം സാദൃശ്യം.

വികാരതീവ്രതകൊണ്ടും വിധാനനൈപുണികൊണ്ടും കൂട്ടത്തിൽ വെച്ച് കൂടുതൽ തലയെടുപ്പുള്ള ഒരു ചെറുകഥയായിട്ടുണ്ട് 'കുഞ്ഞിന്നുവേണ്ടി' എന്നതു്. ഭാര്യ ഗർഭിണിയായതോടെ കുടിയനും സാഹസികനുമായ ഭർത്താവ്, ഒരു മികച്ച സൽസ്വഭാവിയായി മാറുന്നു. പ്രസവാനന്തരം കുഞ്ഞിൻെറ ശരിയായ പിതാവ് പറമ്പുടമസ്ഥനാണെന്നും താൻ ഭാര്യയെ സ്പർശിച്ചിട്ടു കൊല്ലമൊന്നു കഴിഞ്ഞിരിക്കുന്നുവെന്നും വെളിപ്പെടുത്തി, ആയാ൦ ഭാര്യയെ കുത്തിക്കൊല്ലുന്നു. ഇതാണ് ആ കഥയുടെ നട്ടെല്ല്. ഒരു അഗ്നിപർവ്വതത്തിൻെറ ജാഗരാവസ്ഥയെയും സുഷുപ്ത്യവസ്ഥയെയും ഒരേ ഭംഗിയിൽ വിവരിപ്പാൻ ഈ കഥയിൽ ഗ്രന്ഥകാരന്നു സാധിച്ചിരിക്കുന്നു.

ഒടുക്കം ചേർത്ത കഥ എല്ലാം കൊണ്ടും ഒടുക്കം ചേക്കേണ്ടതു തന്നെയാണ്. ഒരു സ്വപ്നത്തിലൂടെ മരണശേഷം യമസന്നിധിയിൽ വെച്ചു നടക്കുന്ന കുററവിസ്താരങ്ങളിൽ താൻ ഭാഗഭാക്കായതാണ് ഇതിലെ പ്രമേയം. കഥാകാരൻെറ കലാബോധത്തെക്കാൾ, ധമ്മബോധവും നമ്മബോധവുമാണ് ഇതിൽ മുന്നിട്ടു നിൽക്കുന്നതു്. ചുരുക്കത്തിൽ, ഒരു ചെറുകഥ എന്നതിനേക്കാൾ ധമ്മചിന്താസംബന്ധിയായ വിനോദഭാവന എന്ന പേരിനെയാണ് ഇതു് അധികം അർഹിക്കുന്നതു്.

കഥാകാരൻെറ ഭാഷാരീതി ചെറുകഥാനിമ്മിതിക്കു ചേന്ന വിധം ലളിതവും പ്രസന്നവുമാണ്. 'ഒടുവിലെനിക്കു സമാധാനമായി,...തിരഞ്ഞെടുപ്പിന്നു നിന്നു ജയിച്ചതും...ഹർജികൾ അയച്ചിട്ടുണ്ടെന്നും ഓത്തപ്പോൾ' (ഭാ. 8) ഈ വാക്യത്തിലെ സമുച്ചയങ്ങൾക്കു കുറെ വൈരൂപ്യമുണ്ടു്. 'തങ്കത്തിൻെറ......കണ്ണുനീർക്കണങ്ങളെ അവൾ തുടച്ചുമാററി, (ഭാ. 28) തുടച്ചുമാററിയതു് തങ്കം തന്നെയാണെന്നറിവാൻ വായനക്കാർ വിഷമിക്കും. ഈ വിഷമത പരിഹരിപ്പാൻ സംജ്ഞാനാമത്തിൻെറ സ്ഥാനത്തു് സ്വവാചിസവ്വനാമം ഉപയോഗിക്കണം. ഇങ്ങനെ ഭാഷാപരമായ ചില്ലറവികലതകൾ ഇനിയും എടുത്തുകാണിപ്പാനുണ്ടു്.

'മരണശേഷം' എന്ന കഥയിൽ, ദാരിദ്ര്യം കൊണ്ടുള്ള വ്യഭിചാരം ഒരു കുററമല്ലെന്ന നിഗമനത്തിൽ കഥാകാരൻ എത്തിച്ചേന്നതായി കാണുന്നു. ഈ നിഗമനത്തിന്നു്, അതിലെ ധമ്മപരമായ മററു ചിന്തകളോടു പ്രകടമായ പൊരുത്തക്കേടുണ്ടു്. ചെറുകഥകളുടെ സാങ്കേതികവശത്തെ കുറെക്കൂടി മാനിച്ചു കഥാരചനയിലേപ്പെടുന്ന പക്ഷം, മി. വെൺടപ്പിള്ളിയിൽ നിന്നു കൂടുതൽ കമനീയങ്ങളായ കഥകൾ കൈരളിക്കു ലഭിക്കുന്നതായിരിക്കും.

ജി. കെ. എൻ.

—:o:—

## ജീവിതം

[ഗ്രന്ഥകർത്രി: കമുകറ എൽ. ലീലാബായി. പ്രസാധകർ: ശ്രീ വിലാസ് പ്രസ്സ് ആൻഡ് ബുക്കഡിപ്പോ, തിരുവനന്തപുരം. വില 1 ക. പേജ് 103+10]

ഗുണസമ്പന്നനും സുഭഗനുമായ 'രവി'യെ സ്നേഹിച്ചു, മാതാപിതാക്കളുടെ ഇംഗിതത്തിനനുസരിച്ചു 'ചന്ദ്ര'നെ പരിണയിക്കേണ്ടിവന്ന ഹതഭാഗ്യയായ 'ശശികല'യുടെ ജീവിതമാണ് പത്തൊമ്പതു രംഗങ്ങളടങ്ങിയ ഈ ദൃശ്യപ്രബന്ധത്തിലെ പ്രമേയം. അസുഖകരമായ വിവാഹം ശശികലയെ അകാലചരമത്തിന്നു വിധേയമാക്കി; രവിയുടെയും ചന്ദ്രൻെറയും ജീവിതത്തെ അന്ധകാരമയവുമാക്കി. രവിയുടെ സഹോദരിയും ശശികലയുടെ സഹപാഠിനിയുമായ ആശ, അയാളുടെതന്നെ അമ്മാമൻെറ മകളായ ശോഭ, അമ്മാമനായ ഗോപാലമേനോൻ, ശശികലയുടെ മാതാപിതാക്കൾ (മാധവിയമ്മയും ശ്രീധരൻ പിള്ളയും), ഇവരാണ് കഥാഗതിയുമായി ബന്ധപ്പെട്ട മററു പാത്രങ്ങൾ.

പാത്രങ്ങളിൽ സ്വന്തമായ വ്യക്തിത്വമുള്ളവരും ഇല്ലാത്തവരുമുണ്ട്. ആശയും ശശികലയും തമ്മിൽ പ്രണയപരമായ വ്യത്യസ്തതയൊഴിച്ചാൽ പറയത്തക്ക അന്തരമൊന്നുമില്ല. ശ്രീധരൻ പിള്ള, ഗോപാലമേനോൻ, മാധവിയമ്മ ഇവരൊക്കെ ഒരുതരം തടിച്ച നിഴലുകളാണ്. രവിയുടെ ഹൃദയത്തിൻെറ മിടിപ്പുകൾ ചന്ദ്രൻെറതിനേക്കാൾ വ്യക്തമായി വായനക്കാൎക്കു കേൾക്കാം. വിദ്യാഭ്യാസംകൊണ്ടും ധനസ്ഥിതികൊണ്ടും സമുദായത്തിൻെറ ഉന്നതകക്ഷ്യയിൽ വൎത്തിക്കുന്നവരാണ് ഇതിലെ എല്ലാ പാത്രങ്ങളും.

സ്ത്രീക്കു തൻെറ കൂട്ടുകാരനെ തിരഞ്ഞെടുപ്പാൻ പൂൎണ്ണസ്വാതന്ത്ര്യമുണ്ടാകണമെന്നാണ് നാടകകൎത്രിയുടെ വാദം. ഇരുപതാം നൂററാണ്ടിലെ വായുവും വെളിച്ചവും നുകരുന്ന ഏതൊരാളും ഈ വാദ

ത്തോട് വിയോജിക്കില്ല. എന്നാൽ ഈ അഭിപ്രായത്തെ സമുദായത്തിൻെറ മുമ്പിൽ ദുർബ്ബലമായ ഒരപേക്ഷയുടെ നിലയിൽ നിവേദിപ്പാനല്ലാതെ, ഒഴിച്ചുകൂടാത്ത ഒരാവശ്യത്തിൻെറ നിലയിൽ വാദിച്ചു സമർത്ഥിക്കുവാൻ ഈ നാടകത്തിലൂടെ ഗ്രന്ഥകർത്രിക്കു സാധിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ.

ഇവിടെ സമുദായത്തിൻെറ മുമ്പിൽ, അതിന്നു പററിപ്പോയ പിഴ തിരുത്താൻ വേണ്ടി പൊക്കിക്കാണിക്കപ്പെട്ട 'ജീവിതം' ശശികലയുടേതാണല്ലൊ. എന്നാൽ അതു് ജീവിതമെന്നു വിളിപ്പാൻ തക്കവിധം അന്തസ്സുററതാണോ? ഇവിടെ ജീവിതത്തെസ്സംബന്ധിച്ചു താത്വികമായ ഒരു ലഘുവിചിന്തനം ആവശ്യമായിരിക്കുന്നു.

സ്വന്തം മനസ്സാക്ഷിയുടെ ചോദനങ്ങൾക്കനുസരിച്ചു, ജന്മസിദ്ധമായ തൻെറ കാരകശക്തികളെക്കൊണ്ടു പ്രാതികൂല്യങ്ങളെ എതിർത്തു വിജയം നേടുന്നതാണ്, അല്ലെങ്കിൽ തദുന്മുഖമായി പരിശ്രമിക്കുന്നതാണ്, ജീവിതം. ഒഴുക്കിന്നനുസരിച്ചു ഒലിച്ചുപോകുന്നതു് ദൌർബ്ബല്യത്തിൻെറ ലക്ഷണമത്രെ. ഒരു ബിരുദധാരിണിയായ ശശികലയ്ക്കു പ്രതിബന്ധങ്ങളോടെതിർപ്പാൻ സ്വാഭാവികമായിത്തന്നെ കരുത്തുണ്ടാകേണ്ടതാണ്. അതില്ലെങ്കിൽ, പ്രതിബന്ധങ്ങളുടെ നേരെ ഒരു പ്രതിഷേധസ്വരമെങ്കിലും അവൾ ഉയർത്തേണ്ടതായിരുന്നു. പ്രകൃതത്തിൽ, കശാപ്പുസ്ഥലത്തേക്കു നയിക്കപ്പെടുന്ന ഒരു അജത്തിൻെറ മനോഭാവത്തോടെ അവൾ വിവാഹവേദിയിലേറുകയാണുണ്ടായതു്. താത്വികദൃഷ്ട്യാ നോക്കുമ്പോൾ ഇവിടെ എന്തു ജീവിതമാണുള്ളതു്? താദൃശമായ ഒരു ജീവിതത്തിൻെറ ഉൽബോധനങ്ങൾ സമുദായഹൃദയത്തിൽ എത്രത്തോളം ആഞ്ഞുതറക്കും?

ശോഭയെ വിവാഹം ചെയ്യണമെന്ന അമ്മാവൻെറ അഭിപ്രായത്തെ ധൈര്യപൂർവ്വം എതിർത്ത രവിയിലാണ് നാം ജീവിതത്തിൻെറ സ്ഫുരണങ്ങളെ കൂടുതൽ വ്യക്തമായി ദർശിക്കുന്നതു്. ശശികലയുടെ അകാലചരമത്തിന്നു ശേഷമുള്ള ചര്യകളും അയാളുടെ ജീവിതപരമായ ദീർഘവീക്ഷണത്തെ വെളിപ്പെടുത്തുന്നുണ്ടു്. എന്നിട്ടും ഗ്രന്ഥകർത്രി ജീവിതമെന്നപേരിൽ പൊക്കിക്കാണിക്കുന്നതു് ശശികലയുടെ കൊള്ളരുതായ്മകളേയായാണ്!

ശശികലയെ നമുക്കു കുറെക്കൂടി അപഗ്രഥിച്ചു പഠിക്കാം. വാസ്തവത്തിൽ അവൾ ചന്ദ്രനെ വഞ്ചിക്കുകയാണുണ്ടായതു്. വിവാഹാനന്തരം, മിക്കവാറും അവളുടെ അന്ത്യഘട്ടത്തിൽ, ചന്ദ്രൻ പറയുകയാണ്: 'താലോലിച്ചു, വളർത്തി, ശിക്ഷിച്ചു, സ്നേഹിച്ചു, പ്രേമിച്ചു, വിവാഹം കഴിച്ചവനാണ് ഞാൻ' (ഭാ. 89) ഇതിൽ നിന്നു വായനക്കാർ ഊഹിക്കുക, രവിയിൽ അനുരക്തയായിരുന്ന കാലത്തു തന്നെ അവൾ ചന്ദ്രൻെറ താലോലം, ശിക്ഷ, സ്നേഹം, പ്രേമം ഇവയെ പ്രതിഷേധമേതും കൂടാതെ സ്വീകരിച്ചുപോന്നുവെന്നാണല്ലൊ. 'കലേ, നിന്നെ ഞാനിതിൽ കുററപ്പെടുത്തുകയില്ല. പക്ഷെ എന്നോടു നേരത്തെത്തന്നേ ഇതെല്ലാം (രവിയിലുള്ള അനുരാഗം) തുറന്നു പറയാമായിരുന്നു' (ഭാ. 90) എന്നു ചന്ദ്രൻ പറയുന്നതോർക്കുമ്പോൾ, എത്ര കരുതലോടുകൂടിയാണ് അവൾ ആദ്യം മുതൽക്കേ പെരുമാറിപ്പോന്നതെന്നു വ്യക്തമാകുന്നു. ഹൃദയദാഹത്തോടെ രവിക്കുവേണ്ടി കാത്തുകിടക്കുന്ന ആ അന്ത്യനിമിഷത്തിലും ചന്ദ്രനെ 'നാഥാ' എന്നു സംബോധന ചെയ്യാൻ (ഭാ. 92) ശശികലയുടെ നിഘണ്ടുവിൽ വാക്കുണ്ടു്.

പാത്രങ്ങളെക്കുറിച്ചു ഇവിടെ ഇത്രയും പ്രസ്താവിച്ചതു് നാടകകർത്രിയുടെ ഈ പ്രഥമ പരിശ്രമം ഒരു പരാജയമായിപ്പോയെന്നു

സമത്ഥിപ്പാനല്ല. പിന്നയോ, ജീവിതത്തിൻെറയും ജീവിതവ്യാപാരങ്ങളെയും കുറെക്കൂടി അന്തർമ്മുഖതയോടകൂടി വീക്ഷിച്ചു പ്രകാശിപ്പിച്ചിരുന്നുവെങ്കിൽ, നാടകത്തിൻെറ പ്രധാനമർമ്മം കൂടുതൽ സ്ഫുടതയോടുകൂടി അനുവാചകഹൃദയങ്ങളിൽ പതിയുമായിരുന്നുവെന്നു കാണിപ്പാൻ വേണ്ടി മാത്രമാണ്. പ്രബന്ധത്തിൻെറ പ്രയോജനപരമായ വശം എങ്ങനെയുമാകട്ടെ ; കലാശില്പത്തിന്നു വല്ല കാന്തിക്കുറവുമുണ്ടോ എന്നതാണല്ലൊ കാര്യമായി നോക്കാനുള്ളതു്. ആദ്യമാദ്യം കാണികളുടെ ഹൃദയത്തെ ഇക്കിളിപ്പെടുത്തി മുന്നോട്ടു നീങ്ങുന്ന ഇതിവൃത്തം, അവസാനത്തെ രംഗത്തിലെത്തുമ്പോഠം അവരെ കണ്ണീരിലാറാടിക്കുന്നു. ശശികലയുടെ ചരമം, ചന്ദ്രൻെറ നിസ്സഹായത, രവിയുടെ ശോകമൂകത ഇതെല്ലാം കൂടി ആ രംഗത്തെ വികാരതീക്ഷ്ണമാക്കുന്നുണ്ടു്. ഇവിടെ പ്രേക്ഷകക്ക് നാടകകർത്രിയുടെ കലാചാതുരിയെ അതിൻെറ പൂൎണ്ണരൂപത്തിൽ ദർശിക്കാം.

സരളവും സുന്ദര്വുമായ ഒരു ഭാഷയാണ് ഈ നാടകത്തിൽ അങ്ങുന്നിങ്ങോളം ഉപയോഗിച്ചിട്ടുള്ളതു് ; സംഭാഷണങ്ങഠംക്കു തികഞ്ഞ സ്വാഭാവികത്വം സിദ്ധിച്ചിട്ടുമുണ്ടു്.

ജി. കെ. എൻ.

ചെറുകഥ

# ക്ഷയരോഗി

കളവങ്കോടം ബാലകൃഷ്ണൻ

നിമിഷങ്ങളോരോന്നും ഓരോ യുഗമായി രൂപാന്തരപ്പെടുന്ന ചില സന്ദർഭവിശേഷങ്ങളുണ്ട്. അത്തരം ഒന്നാണ് ഒരു ക്ഷയരോഗിയുടെ അന്തിമഘട്ടം. തെരുതെരെ ചുമ! കണ്ഠത്തിലെ മാംസപേശികൾ പറിച്ചെറിയപ്പെടുന്നതുപോലെ തോന്നും. ആ അസ്ഥിപഞ്ജരം കിടന്നു കിടുങ്ങുകയായിരിക്കും. ചുമച്ചു ചുമച്ചു ശ്വാസം മുട്ടും. തുപ്പുന്നതു ചോരയും കഫവും! സദാപി നെഞ്ചുവേദന. ഈ ബ്രഹ്മാണ്ഡം മുഴുവൻ നെഞ്ചിൽ അമർന്നിരിക്കുന്നതുപോലെ! സർവ്വോപരി തുറിച്ചു നോക്കുന്ന മരണഭീതി!! അപ്രതീക്ഷിതമായ മരണം സുഖമാണ്. ഇഞ്ചിഞ്ചായി മരിക്കുക; അസംഖ്യം അറകളുടെ സംഘാതമാണല്ലോ മനുഷ്യശരീരം: ആ അറകളോരോന്നോരോന്നായി നിർജ്ജീവമാകുന്നുവെന്ന് ആ മനുഷ്യൻ അറിയുക!—അതെത്ര ഭയങ്കരമാണ്!

കേശവൻ നായർ കിടപ്പിലായിട്ട് ആറോ ഏഴോ ദിവസമേ ആയുള്ളൂ. രണ്ടുമൂന്നു കൊല്ലമായി പ്രസ്തുത രോഗത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ട്. അന്നു മുതൽക്കുതന്നെ വിദഗ്ദ്ധഭിഷഗ്വരന്മാരുടെ ഔഷധങ്ങളും അവർ നിർദ്ദേശിക്കുന്ന മറുനാടൻ മരുന്നുകളും അദ്ദേഹം വാങ്ങിക്കഴിക്കുമായിരുന്നു. എന്നും സന്ധ്യയാവുമ്പോൾ ഒരു സവാരിയുണ്ട്; ബജാറിലേക്കാണ്. കിടപ്പിലാവുന്നതുവരെ ആ പതിവ് ലംഘിച്ചിട്ടില്ല. കാലം ചെല്ലുന്തോറും ആ നടപ്പിന്റെ വേഗത കുറഞ്ഞുവരുമെന്നു മാത്രം. ഇത്രമേൽ ലോലാംഗനായ ഒരാൾ ബനിയനിടാതെ വോയിൽ ഷർട്ടു ധരിക്കുന്നതെന്താണെന്നു വഴിപോക്കർ ആശ്ചര്യപ്പെടാറുണ്ട്. ആ കട്ടിയുള്ള മീശയാണ് വാസ്തവത്തിൽ, തീരെ അവശമായ നിലയിലെത്തിയിട്ടും അദ്ദേഹത്തിന്റെ ഗൌരവവും പൌരുഷവും സൂക്ഷിച്ചിരുന്നത്. ബജാറിൽ നിന്നു മടങ്ങുന്നതിന്നു മുൻപ് അദ്ദേഹം ചാരായഷാപ്പും

കഞ്ചാവ് ഷാപ്പും സന്ദർശിക്കാതിരിക്കയില്ല. ആ ലഹരിപദാൎത്ഥങ്ങളാണ് അദ്ദേഹത്തിന്നു നടക്കാൻപോലുമുള്ള ശക്തി പ്രദാനം ചെയ്തിരുന്നതു്.

വളരെ അവശമായ നിലയിലെത്തിയിട്ടും അദ്ദേഹം കിടക്കയിൽ അമൎന്നില്ല. ഒരു ചുരുട്ടു വലിച്ചു കൊണ്ടോ, പൊട്ടിപ്പൊട്ടിയുള്ള ചുമകരം അമൎത്താൻ ശ്രമിച്ചുകൊണ്ടോ നടക്കുന്ന അദ്ദേഹത്തെ നോക്കി പലരും അത്ഭുതപ്പെട്ടുമായിരുന്നു: "വേറെ വല്ലവരുമായിരുന്നേൽ പണ്ടേ കെടപ്പിലായേനേ.!" നടക്കാമായിരുന്നിട്ടല്ല അദ്ദേഹം നടക്കുന്നതു്; കിടക്കുന്നതു് പന്തിയല്ലാഞ്ഞിട്ടാണ്! താൻ കിടന്നാൽ വീട്ടുകാൎക്കു അതു ഒരു ചുമതലയായിത്തീരും; മിക്കവാറും അവർ തന്നെ വെറുക്കും; ഉപയോഗമില്ലാത്ത ഒരു ജന്തുവിനെ വളൎത്താൻ, ശുശ്രൂഷിക്കാൻ, ആരാണിഷ്ടപ്പെടുക! മരണത്തിലേക്കു കാലു നീട്ടിയതിൻെറ കാൎയ്യം പിന്നെ പറയാനുണ്ടോ?— അദ്ദേഹം അങ്ങിനെ വിശ്വസിച്ചിരുന്നു.

വീട്ടുകാൎയ്യങ്ങളിൽ ആ ഗൃഹാധിപൻ ഒന്നും ശ്രദ്ധിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ ശ്രദ്ധയെ ആരും പ്രതീക്ഷിച്ചുമില്ലായിരിക്കാം. സുഖമായി കഴിയത്തക്ക വകയൊന്നും ആ കുടുംബത്തിന്നില്ല. സ്വത്തെന്നു പറയാൻ ആ പുരയിടവും പുരയും മാത്രമേയുള്ളു. അതിൽ നിന്നുള്ള വരുമാനം തീരെ പരിമിതവുമാണ്. അതുകൊണ്ടു മാത്രം നിത്യവൃത്തി കഴിക്കാനൊക്കുമോ? എന്നാൽ ആ വീട്ടുകാർ വലിയ സ്ഥിതിയിലും അന്തസ്സിലും ആണ് കഴിഞ്ഞു വരുന്നതു്. അതെങ്ങനെയെന്നു അദ്ദേഹത്തിന്നുതന്നെ അറിഞ്ഞുകൂടാ. അതിനെപ്പററി അദ്ദേഹം ചിന്തിക്കാറുമില്ല. അതിൻെറ ആവശ്യം? ആഹാരക്കാൎയ്യത്തിൽ തനിക്കൊരു കുറവുമില്ല; പിന്നെ സ്വന്തം ചിലവുകൾ. അതിന്നു മകളുടെ കല്യാണം കഴിഞ്ഞതിന്നുശേഷം അദ്ദേഹം ഒരു പോംവഴി കണ്ടുപിടിച്ചു: തൻെറ ജാമാതാവിൻെറ വ്യാപാരശാലയിലെ ഒരു അദ്ധ്വാനം കുറഞ്ഞ ഉദ്യോഗം.

കിടപ്പിലായിട്ട് ആറേഴ ദിവസമായെന്നും മരിക്കാറായെന്നും അറിഞ്ഞു അദ്ദേഹത്തിൻെറ ബന്ധുക്കരം സുഖക്കേടന്വേഷിച്ചു വരികയും പോകുകയും ചെയ്യുന്നുണ്ട്. അവരാരും ഒന്നും കൊടുക്കുന്നില്ല. ആ വീട്ടുകാരുടെ ധാടിയും മോടിയും കണ്ടാൽ ഒന്നും കൊടുക്കാൻ തോന്നുകയില്ല. അത്ര സ്ഥിതിയുള്ളവക്ക് വല്ലതും കൊടുക്കാൻ തുനിയുന്നത് കരുതിക്കൂട്ടിയുള്ള ഒരു അവഹേളനമായിരിക്കും.

കുറേ നേരമായി, കേശവൻ നായർ ഒന്നു മയങ്ങുകയായിരുന്നു. അദ്ദേഹം ഒന്നു കണ്ണുതുറന്നു യാന്ത്രികമായി ചുററും നോക്കി. അദ്ദേഹത്തിൻെറ ചേച്ചി നിൽക്കുന്നു. തൻെറ ചെറുപ്പകാലത്ത് താനും തന്നെയും ഏററവും സ്നേഹിച്ചിരുന്ന ഒരു വ്യക്തി! അവക്കുള്ള കൌടുംബികബാദ്ധ്യതകളെല്ലാം അവഗണിച്ചു അന്ത്യകാലത്തു അദ്ദേഹത്തെ ശുശ്രൂഷിക്കാൻ വന്നിരിക്കയാണ്. ആ സൌഹൃദബന്ധം!!

ഇരുപേരുടേയും കണ്ണുകരം വിടന്നു; പക്ഷെ കണ്ണീരണിഞ്ഞിരുന്നു. ഇരുപേരുടേയും ചുണ്ടുകരം വിരിഞ്ഞു; പക്ഷെ ശോകാത്മകത്വം തങ്ങിനിന്നിരുന്നു. ഇരുവരുടെയും മുഖം വികസിച്ചു; പക്ഷേ ഒരു മ്ലാനത ആ മുഖമാകെ വ്യാപിച്ചിരുന്നു.

"കേശവാ—!!"

"ചേച്ചീ—!!"

ആ സഹോദരീസഹോദരന്മാക്കു കൈമാറാനുള്ള ഏററവും വിലക്കൂടിയ നാണ്യങ്ങരം!

"എപ്പോ വന്നു?"

"ഇപ്പോ വന്നേയുള്ളൂ...സുഖക്കേട് കൊറവൊണ്ടോ?"

"കൊറവോ? എനിക്കുതന്നെ ആഗ്രഹമില്ല കൊറയണമെന്ന്. ഇനിയും ജീവിച്ചിരിക്കുന്നത് എനിക്കും മററുള്ളവക്കും വിമ്മി

ഷ്ടമാണ്. കൊറയും; മരിക്കുമ്പോഴാ. ഇന്നത്തേതുകൊണ്ടു് കൊറയും."

ആ ചേച്ചിയുടെ കണ്ണിൽ നിന്നു തപ്തബാഷ്പം ഒഴുകുന്നുണ്ടായിരുന്നു. കേശവൻ നായരുടെ മുഖത്തു് അലക്ഷ്യമായ ഒരു പുഞ്ചിരി പ്രത്യക്ഷപ്പെട്ടു.

പെട്ടെന്നു കേശവൻ നായർ പറഞ്ഞു: "ചേച്ചീ, മരുന്നു വല്ലവരേക്കൊണ്ടും മേടിപ്പിക്കണേ; ആ വേലക്കാരൻ പയ്യനെ വിളിച്ചേ. അതാ ഇരിക്കുന്നു കുപ്പി. കാശ് അങ്ങേപ്പുറത്തുന്നു് മേടിക്കാമ്പറ."

ആ ചേച്ചി അങ്ങനെ ചെയ്തു.

രണ്ടുമൂന്നു മിനുട്ടു കഴിഞ്ഞു് ഒരു വാഗ്വാദം കേട്ടു. കേശവൻ നായരുടെ ഭാര്യ ജാനകിയമ്മയും, മൂത്ത മകൾ പൊന്നമ്മയും തമ്മിലാണ്.

"എൻെറ കൈയി കാശില്ലല്ലോ. പൊന്നമ്മേ, രണ്ടു രൂപയൊണ്ടോ എടുക്കാൻ?"

"പിന്നേ! എപ്പോഴും രൂപാ എവിടിരിക്കുന്നു? രൂപാ കായ്ക്കുന്ന മരമുണ്ടോ ഞങ്ങടെ വീട്ടില്? ഈ കൊച്ചൻെറച്ചൻ തന്നിട്ടുവേണം എൻെറ കാര്യങ്ങൾ നടത്താൻ."

"എടീ—അവനോടെങ്കിലും ഒരു രണ്ടു രൂപാ വാങ്ങിത്താടീ—നിൻെറ അപ്പനു മരുന്നുവാങ്ങാനാ. കൊറച്ചു കഴിയുമ്പം അങ്ങു തരാമെടീ"

"അപ്പനു മരുന്നു വാങ്ങാനാണേലും അല്ലേലും കൊച്ചൻെറച്ചനോട് ഞാൻ ഇന്നു കാശു ചോദിക്കേല. ചോദിക്കുമ്പം ഞാനാ വഴക്കു കേൾക്കണെതു്. ചോദിക്കുമ്പം ചോദിക്കുമ്പം ഇങ്ങു തരാൻ നമ്മളു് വല്ല സ്ത്രീധനമെങ്കിലും കൊടുത്തിട്ടുണ്ടോ?"

"എടീ നിൻെറ അച്ഛനല്ലേ, അവൻറമ്മായി അച്ഛനല്ലേ, മേലാതെ കെടക്കണേ? നീ പറഞ്ഞാ അവൻ രണ്ടു രൂപാ തരാതിരിക്കുവോ? എൻെറ പൊന്നു കുഞ്ഞല്ലേ, ചെന്ന് എളുപ്പം വാങ്ങിക്കൊണ്ടുപാ."

"എന്നേക്കൊണ്ട് അക്കാര്യം മാത്രം ഒക്കേല്ല. വേറെ ഏതു വേണേലും സാധിക്കാം. രൂപാടെ കാര്യം ഞാൻ ചോദിക്കേല. അച്ഛനാണെ, അമ്മയാണേ, ഈ കൊച്ചിനാണെ, ഞാൻ ചോദിക്കേല്ല."

ആ ചേച്ചിയുടെ മുഖം മ്ലാനമായി. ജീവിതത്തിൻെറ രണ്ടാമത്തെ അററത്തെത്തിയ ഒരു അവശനായ രോഗി കേൾക്കത്തക്ക വിധത്തിൽ, അത്രയും പരുഷമായ സംഭാഷണം നടത്തിയ ആ അമ്മയുടെയും മകളുടെയും ഔചിത്യബോധത്തിൽ അവർ സംശയാലുവായി. ഇത്ര ശപ്തമായ ഒരന്തരീക്ഷത്തിൽ ആണല്ലോ തൻെറ അനുജൻ രോഗിയായി കിടക്കേണ്ടിവന്നതു് എന്നോർത്തപ്പോൾ അവൾക്കു സീമാതീതമായ സങ്കടം തോന്നി.

കേശവൻ നായരും ആ സംഭാഷണം കേട്ടു. താൻ തീരെ അവശനായിപ്പോയി. ഇന്നോ നാളെയൊ തൻെറ ജീവിത നാടകത്തിൻെറ യവനിക വീഴും. ഈ ജീവിതം കൊണ്ടു ഒരു പ്രയോജനവും ആർക്കും ഇനിയില്ല. പ്രയോജനരഹിതമായിത്തീരുന്ന ഒരു ജീവിതം എപ്പോഴും കണ്ണുനീരിൽ മുങ്ങിയാണ് അവസാനിക്കാറ്!

"ചേച്ചീ, ഇതാ ഈ താക്കോലു കൊണ്ട് ആ വലിയ പെട്ടി തുറന്നേ."

അവർ ആ താക്കോൽ വാങ്ങി ആ പെട്ടി തുറന്നു.

"അതിൻെറ തെക്കെ കോണിൽ ഒരു കവറിരിപ്പുണ്ട്. അതിൽ നിന്നു ഒരു പത്തു രൂപാ നോട്ട് ഇങ്ങോട്ടെടുത്തു ആ വൈദ്യൻെറ കൈയിൽ കൊട്."

അവർ അങ്ങനെ ചെയ്തു. ആ കവറിനകത്തു ഇനിയും കുറെ പത്തുരൂപാ നോട്ടുകളുണ്ട്. എത്രയുണ്ടെന്ന അവർ എണ്ണിയില്ല. ആ പെട്ടിയിൽ വേറെയും ചില സാധനങ്ങൾ ഉണ്ടായിരുന്നു. ഒരു കൂട്ട തീപ്പെട്ടി; ഒരു കൂട്ട മെഴുകുതിരി; കുറെ ചുരുട്ട്; കുറെ ബീഡി; കുറച്ചു കഞ്ചാവ്; ഒന്നോ രണ്ടോ കുപ്പി ശീമമദ്യം; ഒരു ടമ്പ്ലർ, കുറെ ചന്ദനത്തിരികൾ. ആ ചേച്ചിയുടെ മുഖത്തു അത്ഭുതം സ്ഫുരിച്ചു. അതു മനസ്സിലാക്കിയ കേശവൻ നായർ പറഞ്ഞുതുടങ്ങി:

"ചേച്ചീ! ചേച്ചി അത്ഭുതപ്പെട്ടുപോയി, ഇല്ലേ, ഈ കാശും മററു സാധനങ്ങളും എവിടുന്നാണ്. എൻെറ ഉദ്യോഗശമ്പളത്തിൽ നിന്ന ബാക്കിവെച്ചതാണാ തുക. മററു പദാർത്ഥങ്ങളും എൻെറ നിത്യോപയോഗത്തിനായി ഞാൻ കരുതിവെച്ചതാണ്. അതു ഇതുവരെ എടുക്കാതിരുന്നതിന കാരണമുണ്ട്. അതു അത്യാവശ്യം വന്നാലെ അവ എടുക്കാവു എന്നെനിക്കു നിർബന്ധമുണ്ടായിരുന്നു. വീട്ടുകാർ എന്നെ നിശ്ശേഷം വെറുക്കുമെന്നു എനിക്കറിയാമായിരുന്നു. ഞാൻ മരിക്കണമെന്ന അവർ ഹൃദയപൂർവ്വം ആശിക്കുന്ന ഘട്ടം വരുമെന്ന ഞാൻ അറിഞ്ഞിരുന്നു. അവരെ ഞാൻ കുററപ്പെടുത്തുകയല്ല. അവർ ആ പാരമ്പര്യക്കാരാണ്. എനിക്കു മരുന്നു വാങ്ങാൻപോലും അവർ കാശ് ചെലവാക്കാൻ മടിക്കുന്നു. അതു ഞാൻ കാലേക്കൂട്ടി കണ്ടിരുന്നു. വളരെ വില കൂടിയ രണ്ടു മരുന്നുകളാണ് സിദ്ധമകരധ്വജവും കസ്തൂരിയും. അതും ആവശ്യമുള്ളിടത്തോളം ഞാൻ വാങ്ങി വെച്ചിട്ടുണ്ട്. ഞാൻ"—

ച്ചുമ! ച്ചുമ!! ച്ചുമ!!!

—"ഞാൻ അവരുടെ കൂടെയാണല്ലൊ ഇത്രയും കാലം കഴിഞ്ഞുകൂടിയതു്. എനിക്കവരെ നല്ലതുപോലെ അറിയാം. അവർ എനിക്കു ദ്രോഹമല്ലാതെ ഒന്നും ചെയ്തിട്ടില്ല. എന്നെ അവർ കഠിനമായി അവമാനിച്ചു. ഒരു പട്ടിയെന്ന നിലയിൽ അവരെന്നോടു പെരുമാറി! ഒരന്യനായിട്ടാണ് അവരെന്നെ കരുതിയത്. സ്നേഹ

പൂർവ്വമായ ഒരു വാക്ക്, ഹൃദയംഗമായ പെരുമാററം!!—എനിക്കതിനു വിധിയില്ലായിരിക്കാം. ഇന്നും ഞാനതൊന്നും മറന്നിട്ടില്ല. അന്നു ഞാൻ അവയൊന്നും കാണാത്ത ഭാവം നടിച്ചു. എൻെറ നീറിപ്പുകയുന്ന ഹൃദയത്തിൽ നിന്നു പൊങ്ങുന്ന പുകപോലും ഞാൻ വിഴുങ്ങിക്കളഞ്ഞു. എന്തിന്? അവരുടെ അഭിമാനം കാക്കുന്നതിനുവേണ്ടി. അവർ വിചാരിച്ചിരിക്കണം, എൻെറ അഭിമാനം സൂക്ഷിക്കാൻ വേണ്ടിയെന്ന്! അല്ല. അവരുടെ അവമാനഭാരം താങ്ങുന്ന ഒരു അത്താണിയായിട്ടാണ്—അവരുടെ അവമാനത്തിൻെറ വിഴുപ്പു ഭാണ്ഡം ചുമക്കുന്ന ഒരു കഴുതയായിട്ടാണ്—ഞാൻ ജീവിച്ചതു്. ആ നിലയിൽപ്പോലും ഒരു അനുകമ്പ അവർക്കെന്നോടു് ഇപ്പോളില്ല."

എന്തൊരു ചുമ! അമ്പോ!!

"കൂടുതൽ സംസാരിക്കണ്ട. സുഖക്കേടിന്നു നന്നല്ല," ചേച്ചി ഓർമ്മിപ്പിച്ചു.

"സുഖക്കേട്! ഞാനിന്നു മരിക്കുവല്ലൊ. ഇനിയെന്തിനാ ഞാൻ സംസാരിക്കാതിരുന്നിട്ട്? കള, ചേച്ചി. ഏതായാലും ഞാൻ ഇന്ന് അങ്ങേ ലോകത്തേക്കു യാത്രയാണ്. അതിന്നു മുമ്പ് എൻെറ ഹൃദയത്തിൽ കിടന്നു വീർപ്പു മുട്ടുന്ന ചില പരമാർത്ഥങ്ങൾ എന്നെ ഏററവും സ്നേഹിക്കുന്ന ഒരു വ്യക്തിയോട് എനിക്കു പറഞ്ഞേ മതിയാവൂ. ചേച്ചീ, ചേച്ചി അതു കേൾക്കണം. കേൾക്കുമോ, ചേച്ചി?"

കേശവൻ നായരുടെ സംഭാഷണം ഒട്ടും ദീർഘിപ്പിക്കരുതെന്നാണ് ചേച്ചിയുടെ ആശ. എന്നാൽ അദ്ദേഹത്തിൻെറ അവസാനത്തെ ആഗ്രഹമാണ്, കുറെ കാര്യങ്ങൾ ചേച്ചിയെ പറഞ്ഞു കേൾപ്പിക്കണമെന്നുള്ളതു്. ജീവിതത്തിൻെറ നീണ്ട യാത്രയിൽ താൻ താങ്ങിക്കൊണ്ടു വന്ന ചില കട്ടത്ത യാഥാർത്ഥ്യഭാരങ്ങളെ തൻെറ വത്സലസഹോദരിയുടെ മുമ്പിൽ ഇറക്കിവെച്ചിട്ട് ഹൃദയലാ

ഘ്വത്തോടെ മരിക്കണമെന്നാണ് കേശവൻ നായരുടെ വിചാരം. ഇനി ഒരാശയും ആ അനുജനു ആ ചേച്ചിയുടെ മുമ്പിൽ സമപ്പി ക്കാനുമില്ല. ആ സ്ഥിതിക്ക കേശവൻനായക്ക പറയാനുള്ളതു മു ഴുവൻ ക്ഷമയോടും ശ്രദ്ധയോടും കേൾക്കാനുള്ള അനവഗണനീയ മായ ഒരു കടമ ആ ചേച്ചിക്കുണ്ട്. പക്ഷേ അവക്കതിന്നു മന സ്സു തോന്നിയില്ല. രോഗിയെക്കൊണ്ടു് ഒട്ടും തന്നെ സംസാരിപ്പി ക്കരുതെന്നു ഡോക്ടർ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

"ഞാൻ അങ്ങേപ്പുറത്ത് ഒന്നു ചെന്നേച്ച് വരാം"—അ വർ അവിടെ നിന്നും പോയി.

കേശവൻ നായർ ചേച്ചിയുടെ പ്രത്യാഗമനവും പ്രതീക്ഷിച്ചു കിടക്കുകയാണ്. തനിക്കു പറയാനുള്ള ഓരോ സംഗതിയും അദ്ദേ ഹം ഓത്തു. ഓരോന്നും അഹമഹമികയാ അദ്ദേഹത്തിൻെറ നാവി ലേക്കു കുതികൊണ്ടു. പക്ഷെ വളരെ നേരം കഴിഞ്ഞിട്ടും ചേച്ചി വരുന്നില്ല.

കേശവൻ നായക്കു മനസ്സിലായി ചേച്ചിയുടെ തന്ത്രം. താൻ ദുഃഖിക്കാൻ വേണ്ടി മാത്രമാണ് ജനിച്ചതു്. ശോകാത്മകമായ ആ ജീവിതകാവ്യം അതിൻെറ അവസാനഖണ്ഡത്തിലെത്തിയിരിക്കുന്നു. താൻ അനുഭവിച്ചിട്ടുള്ള കഠിനയാതനകൾ മനസ്സിലാക്കി ഒന്നു സ ഹതപിക്കാൻ സ്നേഹമയിയായ തൻെറ ചേച്ചിപോലും തയ്യാറാവു ന്നില്ലല്ലോ എന്നു കേശവൻ നായർ സങ്കടപ്പെട്ടു. എന്തിനു പരി ഭവപ്പെടണം ? തൻെറ വിഷാദചിന്തകൾ, ദുഃഖാനുഭവങ്ങൾ അവർ അറിഞ്ഞേ മതിയാവു എന്നു പറയുന്നതു് എന്തു് അനൌചിത്യ മാണ് !

തൻെറ ജീവിതയാതനകൾ അന്തരംഗത്തോടുതന്നെ പറയാം എന്നു കരുതി അദ്ദേഹം അവയോരോന്നും ഓക്കാൻ തുടങ്ങി :

പൌരുഷമില്ലായ്മയുടെയും യാതനകളുടെയും ഒരു നീണ്ട ചരിത്രമാണ് കേശവൻ നായരുടെ ജീവിതം. അതു തുടങ്ങിയേടം മുതൽ അവസാനിക്കുന്നേടം വരെ ഹൃദയം കുളിർക്കെ ഒന്നു സന്തോഷിക്കാനോ ഒന്നു പുഞ്ചിരിക്കാനോ കഴിഞ്ഞിട്ടില്ല. വൈചിത്ര്യരഹിതവും വൈരസ്യജനകവും ആയ ആ ജീവിതം ഒന്നും ലോകത്തിന്നു വേണ്ടി ചെയ്തിട്ടില്ല. എങ്ങനെ ചെയ്യാനാണ്? പരിതസ്ഥിതികൾ പ്രതികൂലങ്ങളായാൽ, കേശവൻ നായരെപ്പോലെ ദുർബ്ബലനായ ഒരാൾക്കു ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

കേശവൻ നായരുടെ കുടുംബത്തിന്നു പാരമ്പര്യമായിട്ടുണ്ട് ആ സുഖക്കേട്. ഈ ദീനമുള്ളവർ വിവാഹിതരാകരുതെന്നു അറിവുള്ളവർ പറയാറുണ്ട്. പക്ഷെ ലൈംഗികാസക്തി അസാമാന്യമായിട്ടുള്ള ഇക്കൂട്ടർ അതു വകവെക്കാറില്ല. ഒന്നു വിലക്കപ്പെട്ടാൽ അതു ചെയ്യാനുള്ള ദുർവ്വാസന മനുഷ്യന്നു ജന്മസിദ്ധവും സീമാതീതവും ആണല്ലൊ. അങ്ങനെ ഒരു ക്ഷയരോഗി കുറെ ക്ഷയരോഗികളെ ഉല്പാദിപ്പിക്കുന്നു, അവർ വീണ്ടും വർദ്ധിക്കുന്നു.

അച്ഛൻ മരിച്ചതു് ഓർമ്മയുണ്ട്. അന്നു് കേശവൻ നായർ നന്നെ ചെറുപ്പമാണ്. അന്നു് കാര്യമറിയാതെ ഒട്ടേറെ കരയുകയുണ്ടായി. അമ്മ മരിച്ചതു അതിന്നു മുമ്പാണെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. അവരെ കണ്ടതായി ഓർമ്മ ഒട്ടും ഇല്ല. അച്ഛൻെറ ഒരു ഛായാപടം ഗൃഹത്തിൽ ഒരു മുറിയിൽ അലങ്കരിച്ചു വെച്ചിട്ടുണ്ട്. ആ ചിത്രം പിതാവിൻെറ അന്ത്യഘട്ടത്തെ കേശവൻ നായരുടെ സ്മൃതിമണ്ഡലത്തിൽ ഉയർത്തിക്കാട്ടും. ആ പടം കാണുമ്പോൾ അദ്ദേഹം വിചാരിക്കും, അച്ഛൻേറതുപോലുള്ള ഒരന്ത്യമാണ് തന്നെയും കാത്തുനിൽക്കുന്നതെന്നു്. അങ്ങനെ അച്ഛൻെറ ചിത്രം പോലും ദു:ഖത്തിൻെറ കരുവാളിച്ച ഛായകൾ അദ്ദേഹത്തിൻെറ മനസ്സിൽ വീഴ്ത്തിയിട്ടുണ്ട്.

കേശവൻ നായർക്കു് രണ്ടു ജ്യേഷ്ഠസഹോദരന്മാരുണ്ടായിരുന്നു. അവരും ക്ഷയരോഗം മൂലമാണ് മരിച്ചതു്. കണ്ണു നിറയെ കണ്ടു

ന്നീരും ഹൃദയം നിറയെ വേദനയും മനസ്സു നിറയെ ദുരന്തഭീതിയും വഹിച്ചു അദ്ദേഹം ആ മരണരംഗങ്ങൾക്കു സാക്ഷി നിന്നിട്ടുണ്ടു്. ഒരു ക്ഷയരോഗിയെ സംബന്ധിച്ചുള്ള ഏററവും വേദനാജനകമായ പരമാർത്ഥം അന്ത്യഘട്ടത്തിൽ ഏററവും അടുത്ത ബന്ധുക്കൾപോലും വെറുക്കുമെന്നും അറയ്ക്കുമെന്നും ഉള്ളതാണു്. സ്വന്തം ഭാര്യയോ മക്കളോ പോലും അടുത്തു വരികയില്ല. രോഗമറിയാൻ വരുന്നവർ മിക്കവാറും രോഗിയുടെ മുറിയിൽ പ്രവേശിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കും. പ്രവേശിക്കുന്നവർ വളരെ അകന്നേ നില്ക്കുകയുള്ളൂ. അവരെല്ലാം പെട്ടെന്നു യാത്രപറഞ്ഞു പിരിയുകയും ചെയ്യും. നിറഞ്ഞ അതൃപ്തിയും മുന്നിട്ടു നില്ക്കുന്ന കോപവും ഒരു ക്ഷയരോഗിയുടെ മാറാത്ത ദുർഗ്ഗുണങ്ങളാണു്. മാനസികമായി മററുള്ളവരെ അയാളിൽനിന്നകററുന്നവയാണു് ആ ദുർഗ്ഗുണങ്ങൾ. ഇങ്ങനെ ഒററപ്പെട്ട യാതനാനിർഭരമായ ഒരു ജീവിതമാണു് കേശവൻ നായർ ഉന്തിത്തള്ളുന്നതു്.

സുന്ദരിയായ ജാനകിയമ്മയെ വിവാഹം ചെയ്തതു് വളരെയധികം ശുഭപ്രതീക്ഷകളോടുകൂടിയായിരുന്നു. പക്ഷെ ആ കുടുംബത്തിലെ സ്ത്രീകൾ പാരമ്പര്യമായി വ്യഭിചാരിണികളും തൻകാര്യപ്രസക്തകളും ആണെന്നു പിന്നീടാണു് അദ്ദേഹം അറിഞ്ഞതു്.

എത്ര കൊല്ലത്തിനു മുമ്പാണെന്നറിഞ്ഞില്ല, ഒരു ശ്രീകണ്ഠൻ നായർ ജാനകിയമ്മയെ അന്വേഷിച്ചു വന്നു. അവർ ചാർച്ചക്കാരാണുപോലും. വന്നിട്ടു് അയാൾ മരിക്കുന്നതുവരെ ഇവിടെയായിരുന്നു. അയാൾ ആജ്ഞകളെ സംബന്ധിച്ചിടത്തോളം സുഗ്രീവനും ദശരഥനുമായിരുന്നു. ഇന്നായിരുന്നെങ്കിൽ അയാളുടെ രണ്ടു കരണത്തും കൊട്ടത്തേനെ കുറെ പുകയുന്ന അടികൾ! അയാളും ജാനകിയമ്മയും ചേർന്നു എന്തു ദ്രോഹങ്ങളാണു് തന്നോടു പ്രവർത്തിച്ചിട്ടുള്ളതു്! ഊണിന്നു വിളിച്ചാലേ ചെല്ലാവൂ. വീട്ടാവശ്യത്തിന്നുള്ള ചന്തസ്സാമാനങ്ങൾ കേശവൻ നായർ വാങ്ങിക്കൊണ്ടുവരണം. ഒരു ബീഡി വാങ്ങി വലിക്കാൻ പോലും കാശു് അദ്ദേഹത്തിന്നു കിട്ടി

യിരുന്നില്ല. തെങ്ങിൽ നിന്നു തേങ്ങയിട്ടുവിക്കുന്നതു് ശ്രീകണ്ഠൻ നായരായിരുന്നു. അയാളുടെ മുമ്പിൽ ചെന്നു നട്ടെല്ലോടെ നില്ക്കാനുള്ള ധൈര്യം കേശവൻ നായൎക്ക് അന്നു് ഉണ്ടായിരുന്നില്ല. ഒരു തേങ്ങപോലും കേശവൻ നായർ എടുക്കുന്നതു് ശ്രീകണ്ഠൻ നായർ കാണരുതു്. അടുത്ത പറമ്പിൽ താമസിക്കുന്ന ഇക്കണ്ടനും താനും കൂടി ശ്രീകണ്ഠൻ നായർ കാണാതെ അഞ്ചാറു് തേങ്ങ ചെളിക്കണ്ടിൽ താഴ്ത്തിയ കാര്യം കേശവൻ നായർ ഓൎത്തു. അതു വിററാണ് അന്നത്തെ ചില ചില്ലറ ആവശ്യങ്ങൾ തീരെ പരിമിതമായ രീതിയിലെങ്കിലും അദ്ദേഹം നിറവേററിയതു്. തൻെറ സ്വന്തം പറമ്പിൽ നിന്നു താൻ തന്നെ തേങ്ങ കട്ടെടുക്കേണ്ടിവരിക!— അതും ഒരു കരങ്ങാണ്ടത്തുകാരൻ ശ്രീകണ്ഠൻ നായർ കാണാതെ!!— ഇന്നു് അതോൎക്കകൂടി വയ്യ! ഓൎക്കുമ്പോൾ പോലും പൌരുഷം അതിൻെറ അടിത്തറയോടുകൂടി തകരുന്നു!!

ശ്രീകണ്ഠൻ നായരും തൻെറ ഭാൎയ്യയും തമ്മിൽ ആലിംഗനബദ്ധരായി ഒരു കട്ടിലിൽ കിടക്കുന്നതു കണ്ടെന്നു ഒരാൾ മറെറാരാളോട് പറയുന്നതു് യദൃച്ഛയാ കേശവൻ നായർ കേൾക്കാനിടയായി.

“ ആ കേശവൻ നായർ എന്തു ആണത്തമില്ലാത്തവനാണ്! അയാളുടെ ഭാൎയ്യയും ആ ശ്രീകണ്ഠൻനായരുംകൂടി അയാളെ എന്തുമാത്രം കഷ്ടപ്പെടുത്തുകയും അവഹേളിക്കുകയും ചെയ്യുന്നു! അവരെപ്പററി ചില്ലറ അപവാദമാണോ നാട്ടിൽ പരന്നിട്ടുള്ളതു്? മനുഷ്യരുടെ മുഖത്തു നോക്കാൻ നാണമാകുന്നില്ലേ, അയാൾക്ക്?”—ഒരിക്കൽ അദ്ദേഹം കേട്ടതാണ്.

അദ്ദേഹത്തിന്നു ഭയങ്കരമായ പുകച്ചിൽ അനുഭവപ്പെട്ടു. ഹൃദയത്തിൽ ഉരുകിയ ലോഹദ്രാവകം വീണതുപോലെ!

അവർ പറഞ്ഞതു ശരിയാണ്! പലവിധ വിചാരങ്ങളുടെയും വിമർദ്ദത്തിൽപ്പെട്ടു വിഷമിച്ചു് ഉറങ്ങാതെ ഒരു ബെഞ്ചിൽ തി

രിഞ്ഞും മറിഞ്ഞും ദീർഘശ്വാസം വിട്ടും കിടന്ന ഒരു രാത്രിയിൽ, അടുത്ത മുറിയിൽ നിന്നു അമർത്തപ്പെട്ട ചില ചിരികളും മററു ചില ശബ്ദങ്ങളും കേട്ടതു് അദ്ദേഹം ഓർത്തു. അന്നു അവൾ മററവനോടു പറഞ്ഞതാണ്: "പാവം എന്തുമാത്രം കഷ്ടപ്പെടുന്നു!"

അന്നു് അവൻെറയും അവളുടെയും കഥ കഴിക്കേണ്ടതായിരുന്നു. താൻ തീരുവാങ്ങിയ ഒരു വസ്തുവിൽ ഒരു അവകാശവും ഒരധികാരവുമില്ലാത്ത ഒരന്യൻ വന്നു കയ്യേറ്റം ചെയ്യുക!—അതു് താൻ അറിയുക!—ആത്മഹത്യ ചെയ്യാമായിരുന്നു, മറെറാന്നും വയ്യായിരുന്നെങ്കിൽ!

ആ കരിഞ്ചന്തവ്യാപാരത്തിൻെറ അസന്നിഗ്ദ്ധമായ തെളിവാണ് ജാനകിയമ്മയുടെ ദ്വിതീയസന്താനമായ പൊന്നപ്പൻ നായർ. ചെറുപ്പകാലത്തു് കേശവൻ നായർ അവനെ 'മകനെ' എന്നു വിളിച്ചിട്ടുണ്ടു്. അതുകേട്ടു് ജാനകിയമ്മയും ശ്രീകണ്ഠൻ നായരും അദ്ദേഹത്തിൻെറ വിഡ്ഢിത്തത്തിൻെറ നേരെ ഒരു ഗൂഢാർത്ഥസ്മിതം തൂകിക്കാണും. ഇപ്പോഴും പൊന്നപ്പൻ നായർ തന്നെ അച്ഛാ എന്നാണ് വിളിക്കുക. ശ്രീകണ്ഠൻനായരുടെ തനിപ്പകപ്പായ അവൻ തൻെറ പിതൃത്വത്തെ അവഹേളിക്കയാണോ? അഥവാ തൻെറ പൌരുഷ ഹീനതയുടെ നേരെയുള്ള ഒരു ചോദ്യചിഹ്നമാവാം ആ സംബോധന. ശ്രീകണ്ഠൻനായർ മരിച്ചതു കേശവൻ നായരുടെ വീട്ടിൽ വെച്ചാണ്. അന്നു് പൊന്നപ്പൻ ബലിയിടുകയുണ്ടായി. അവൻ ബലിയിട്ടേ മതിയാവൂ. അവൻെറ സാക്ഷാൽ പിതാവല്ലേ മരിച്ചതു്? സമുദായ നീതി അനുസരിച്ചു അവൻെറ ആരുമല്ല ആ മരിച്ച തെണ്ടി!

കേശവൻ നായക്കു് പൊന്നപ്പനെ വലിയ വെറുപ്പാണ്. അവൻ ഒരു നാരകീയ നാടകത്തെ അനുസ്മരിപ്പിക്കുന്നു. തൻെറ ഭാര്യയിലെ അന്യൻെറ മകൻ. താനാണ് അച്ഛനെന്നു് അവൻ

വിചാരിക്കുന്നു. സാമൂഹ്യനീതി അതിനെ പിൻതാങ്ങുകയും ചെ യ്യുന്നു. അതിന്നു അവനാണോ കുററക്കാരൻ? അല്ല. താനോ? അ തുമല്ല. അവൻെറയമ്മ. അവനോട് അദ്ദേഹത്തിന്നുള്ള വിരോ ധം വാസ്തവത്തിൽ ജാനകിയമ്മയോടാണ് തോന്നേണ്ടതു്.

മാത്രമോ! ഏററവും ഇളയകുഞ്ഞു ബോസുലാൽ? തൻെറ മരുമകൻ പുരുഷോത്തമൻ പിള്ളയുടെ മകനും അവനും തമ്മിൽ എന്തു സാദൃശ്യം! അതിൻെറ പിന്നിൽ ഒരു ചരിത്രമുണ്ടോ, ആവോ?

എത്ര മക്കളുണ്ട് തനിക്കു? അല്ല, തൻെറ ഭാര്യക്ക്? അഞ്ച്! പൊന്നപ്പൻ ശ്രീകണ്ഠൻനായരുടെ മകൻ. ബോസ് ലാൽ പുരുഷോ ത്തമൻെറ. ബാക്കി രണ്ടെണ്ണത്തിൻെറ അച്ഛനാരാണാവോ! കേ ശവൻ നായക്കു അറിയില്ല. മൂത്ത മകൾ പൊന്നമ്മ മാത്രം ത ൻെറ മകളാണ്. അമ്പേ ഭയങ്കരി!—

മനുഷ്യത്വത്തെ മുതലെടുക്കുന്ന അനീതി! ഛേ, ഛേ, കള. പോകട്ടെ. അതെല്ലാം കഴിഞ്ഞ കാലസംഭവങ്ങൾ. ഹൃദയം നി റയെ വിഷാദത്തിൻെറ വിഷനീരും, മസ്തിഷ്കം നിറയെ വിഷാദ ത്തിൻെറ വിഷപ്പുകയും വഹിക്കുന്ന താൻ അടുത്ത ഒരു നിമിഷ ത്തിൽ നിർജ്ജീവമായിത്തീരും. ഈ പരമാത്ഥങ്ങൾ ഇനിമേൽ തൻെറ നേരെ കൊഞ്ഞനം കുത്തുകയില്ല. മരിച്ചു കഴിഞ്ഞാൽ പിന്നൊരു ജീവിതമുണ്ടെങ്കിൽ, അതു സുഖപ്രദമായിരിക്കാം. ചി തയിൽ കേശവൻ നായരുടെ ശോഷിച്ച ശരീരം ഇരുന്നെരിയു മ്പോൾ ആരും അനുകമ്പ പൂണ്ടു് മന്ത്രിക്കും. "പാവം!"

———:o:———



# കുട്ടികളുടെ ലോകം

## ചീനക്കഥകൾ

[ചൈനയിൽ നല്ല കഥകൾ ധാരാളമുണ്ട്. വലിയ പാരമ്പര്യമുള്ള രാജ്യമാണല്ലോ ചൈന. കുട്ടികളുടെ പാഠപുസ്തകങ്ങളിൽ പല നല്ല കഥകളും കാണാം. മിക്കതും കുറെ നേരംപോക്കുള്ളവയാണ്. നാലു കഥകൾ താഴെ കൊടുത്തിരിക്കുന്നു. അവ മിക്ക ചീനകുട്ടികൾക്കും അറിയാം. നിങ്ങൾക്കും ആ കഥകൾ വായിക്കാൻ രസമുണ്ടായേക്കും.]

### I

ഒരാൾക്കു വലിയ സുഖക്കേടായി. അടുത്തു ഒരു വൈദ്യനുണ്ടായിരുന്നു. രോഗിയുടെ ബന്ധുക്കൾ വൈദ്യനെ വിളിച്ചുകൊണ്ടു വന്നു. വൈദ്യൻ ചികിത്സ തുടങ്ങി. പക്ഷെ എന്തു ചെയ്യട്ടെ? ദീനം ഭേദമായില്ല. മാത്രമല്ല, കൂടിക്കൊണ്ടുമിരുന്നു. വൈദ്യൻ എല്ലാ വിദ്യകളും നോക്കി. ഒന്നും പററിയില്ല. ഒടുവിൽ രോഗി മരിച്ചുംപോയി.

മരിച്ചയാളുടെ ബന്ധുക്കൾക്കു വല്ലാത്ത ദേഷ്യം വന്നു. വൈദ്യൻ മിടുക്കനല്ലാത്തതുകൊണ്ടാണ് രോഗി മരിച്ചത്. അങ്ങനെയാണ് അവർക്കു തോന്നിയത്. അവർ ആ പാവത്തിനെ കുററപ്പെടുത്തി. വൈദ്യനെ വീട്ടിൽ പോകാൻ സമ്മതിച്ചില്ല. അവർ അയാളെ പിടിച്ച് ഒരു തൂണിൽ കെട്ടി. നല്ല ശിക്ഷ കൊടുക്കാനാണ്. പക്ഷെ എന്തു ശിക്ഷയാണ് കൊടുക്കേണ്ടത്? അവർ ആലോചിച്ചു. ഒന്നും തീർച്ചയായില്ല. രാവിലെ തീർച്ചയാക്കാം എന്നു നിശ്ചയിച്ചു. വൈദ്യനെ തൂണിൽ കെട്ടി നിറുത്തിയിട്ട് അവർ ഉറങ്ങാൻ പോയി.

വൈദ്യൻ എങ്ങനെയോ കെട്ടുകളഴിച്ചു. പതുക്കെ വീട്ടിനു വെളിയിൽ ഇറങ്ങി. എല്ലാവരും ഉറങ്ങുകയായിരുന്നു. പുറത്തു എത്തിയപ്പോൾ വൈദ്യൻ ഓട്ടം തുടങ്ങി. അവർ വന്നു പിടി ച്ചെങ്കിലോ എന്നായിരുന്നു ഭയം. അടുത്ത് ഒരു വീതിയുള്ള നദി കടക്കേണ്ടിയിരുന്നു. വൈദ്യൻ നീന്തി അക്കരെയെത്തി. വീണ്ടും ഓടി. രാത്രി രണ്ടു മണിക്കു ഓടിക്കിതച്ചു വീട്ടിലെത്തി. മകൻ ഉറങ്ങിയിട്ടില്ല. അവൻ വിളക്കും വെച്ചു് വൈദ്യപുസ്തകങ്ങൾ പ ഠിക്കുകയായിരുന്നു. അച്ഛനേപ്പോലെ വൈദ്യനാകാനാണ് മോ ഹം. പാഠം ഓരോന്നായി ഉരുവിടുകയാണ്. അതു് ഓടിക്കിത ച്ചുവന്ന അച്ഛൻ കണ്ടു. അയാൾ കിതപ്പോടെ പറഞ്ഞു: "മക നേ! നീ ഈ പുസ്തകം പഠിച്ചു ബുദ്ധിമുട്ടേണ്ട. വൈദ്യനായാൽ ആദ്യമായി ഒരെണ്ണം വേണം പഠിക്കാൻ—നീന്താൻ പഠി ക്കണം!"

## II

ചൈനയിൽ വധുവും വരനും കല്യാണസമയത്താണ് ആദ്യ മായി തമ്മിൽ കാണുക. രണ്ടുപേരുടെയും അച്ഛന്മാർ കല്യാണം ഏർപ്പാടു ചെയ്യും. അങ്ങിനെയാണ് പതിവ്. ഭാര്യ പൊട്ടക്ക ണ്ണിയാണെന്നു പിന്നീടേ ഭർത്താവ് അറിയൂ. ഭർത്താവിന് ഒരു കാലേ ഉള്ളു എന്ന് പിന്നീടേ ഭാര്യയും അറിയൂ.

ഒരാൾ ഒരിക്കൽ കല്യാണം കഴിച്ചു. ഭാര്യക്ക് വളരെ വയ സ്സായിപ്പോയി എന്ന് അയാൾ മനസ്സിലാക്കി. അച്ഛൻ പറ ഞ്ഞിരുന്നതു് മുപ്പത്തെട്ടു വയസ്സേ ഉള്ളു എന്നാണ്. ഏതായാ ലും വയസ്സു ചോദിച്ചുകളയാം എന്നു ഭർത്താവ് വിചാരിച്ചു. ചോ ദിച്ചപ്പോൾ ഭാര്യ പറഞ്ഞു: "എനിക്കു 45 വയസ്സായി."

ഭർത്താവ്: "38 എന്നാണല്ലൊ അച്ഛൻ പറഞ്ഞതു്."

ഭാര്യ: "വാസ്തവം പറഞ്ഞാൽ എനിക്കു 54 ആയി."

എങ്കിലും ഭർത്താവിന്നു തൃപ്തിയായില്ല. അവൾക്ക അതിലും കൂടുതൽ വയസ്സായിട്ടുണ്ട്. അതു് തീർച്ചയാണ്. പക്ഷെ എത്ര ചോദിച്ചിട്ടും 54 നു അപ്പുറം പോകുന്നില്ല. ആട്ടെ, സംശയം തീർത്തുകളയാം. അങ്ങിനെ അയാൾ ഒരു വിദ്യയെടുത്തു.

ആഹാരം കഴിഞ്ഞു. ഉറങ്ങാറായി. ഒന്നുമില്ലാത്ത മട്ടിൽ ഭർത്താവ് പറഞ്ഞു: "ഞാൻ ആ ഉപ്പുകലം ഭദ്രമായി അടച്ചിട്ടു വരാം. ഇല്ലെങ്കിൽ ആ ഉപ്പൊക്കെ എലി തിന്നുകളയും. ഞാൻ ഇപ്പോൾ വരാം."

ഭാര്യ പറയുകയായിരുന്നു: "എന്തു് എലി ഉപ്പു തിന്നുമെന്നോ? ഉപ്പുതിന്നുന്ന എലിയെന്നോ? എന്റെ ഈശ്വരാ! ഈ 68 വയസ്സിനിടക്ക് ഞാൻ ഇങ്ങനെയൊന്നു കേട്ടിട്ടില്ല!"

## III

ഒരിക്കൽ ഒരു വലിയ യുദ്ധം നടക്കുകയായിരുന്നു. ഒരു സൈന്യത്തിന്റെ നേതാവിന്നു കുറച്ചൊരു പരിഭ്രമം തോന്നി. അതിന്നു കാരണമുണ്ടായിരുന്നു. തന്റെ പട്ടാളക്കാർ കൈയിലുള്ള അമ്പെല്ലാം എയ്തു കഴിഞ്ഞിരുന്നു. ഇനി ഒരൊററ അമ്പ് ബാക്കിയില്ല. ശത്രുവിന്റെ ആയുധപ്പുരയിലാണെങ്കിൽ ധാരാളം ബാക്കിയുണ്ടുതാനും. അമ്പില്ലാതെ എന്തു ചെയ്യും? വെറും കൈകൊണ്ടു യുദ്ധം ചെയ്യാനൊക്കുമോ?

"വയ്ക്കോൽമനുഷ്യരെ ഉണ്ടാക്കട്ടെ!" എന്നൊരു കല്പന കൊടുത്തു അയാൾ. വയ്ക്കോൽ തുറുക്കൾ കൊണ്ടുവന്നു. മനുഷ്യരൂപങ്ങൾ ഉണ്ടാക്കി. അവയെ ചാക്കുകൊണ്ടുള്ള ചട്ട ധരിപ്പിച്ചു. വളരെയെണ്ണം ഉണ്ടാക്കി. കടലിന്നടുത്താണ് സൈന്യം കിടക്കുന്നതു്. വയ്ക്കോൽ മനുഷ്യരെ എല്ലാം തോണികളിൽ കെട്ടിനിർത്തി. ഓരോ തോണിയിലും രണ്ടു പട്ടാളക്കാരെ വീതം നിർത്തി. അവർ എന്താണ് ചെയ്യേണ്ടതെന്നു് ശരിക്കു പറഞ്ഞുകൊടുത്തിരുന്നു. രാത്രിയായപ്പോൾ തോണികൾ ശത്രുവിന്റെ അടുക്കലേക്കു തുഴഞ്ഞു

പോയി. അൎദ്ധരാത്രിക്കു അടുത്തെത്തി. ഓരോ തോണിയിലേയും ഒരു പട്ടാളക്കാരൻ പന്തം കൊളുത്തിപ്പിടിച്ചു. മറേറയാൾ ഉറക്കെ ചെണ്ടയും കൊട്ടിത്തുടങ്ങി. അങ്ങിനെ വലിയ ശബ്ദം പൊങ്ങി. ശത്രുക്കൾ ഉണൎന്നു കടൽക്കരയിലേക്കു പാഞ്ഞു. അപ്പോൾ അവർ കണ്ടു. ഒരു വലിയ കപ്പൽപട ആക്രമിക്കാൻ വരുന്നു! “അമ്പുകൾ എയ്യട്ടേ!” എന്നായി അവരുടെ നായകന്റെ കല്പന. പറയാത്ത താമസം. അമ്പുകൾ കപ്പൽപ്പടയുടെ നേൎക്കു പാഞ്ഞുതുടങ്ങി. ഒരു അമ്പുമഴതന്നെ പെയ്തു. കുറേനേരം കഴിഞ്ഞു. അപ്പോഴേക്കും എന്തു സംഭവിച്ചിരുന്നു? വയ്ക്കോൽ മനുഷ്യരുടെ ദേഹത്തു ഇനി ഒരു സൂചിക്കുപോലും സ്ഥലമില്ലാത്ത രീതിയിൽ അത്ര അധികം അമ്പുകൾ കുത്തിനിന്നിരുന്നു. അനേകായിരം അമ്പുകൾ കാണും. കുറെ കഴിഞ്ഞപ്പോൾ ശത്രുക്കൾ എയ്യുന്നതു നിൎത്തി. അമ്പൊക്കെ തീൎന്നുപോയെന്നു മനസ്സിലായി. കപ്പൽപടയാളികൾ പിന്നെ നിന്നില്ല. ചിരിച്ചു ചിരിച്ചു അവർ മടങ്ങി.

പിന്നെ വിജയം അവൎക്കായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

IV

ചൈനയിൽ ഭേദപ്പെട്ട ആരെങ്കിലും വീട്ടിൽ വന്നാൽ ചായ കൊടുക്കണം. അതാണ് മൎയ്യാദയും നാട്ടുനടപ്പും. ചൈനയിലെ ചായ കേൾവികേട്ടതുമാണല്ലോ.

ഒരു ദിവസം ഒരാൾ ഒരു സ്നേഹിതന്റെ വീട്ടിൽ ചെന്നു. സ്നേഹിതൻ ഉടൻ തന്നെ ചായ കുടിക്കാൻ ക്ഷണിച്ചു. കലവറയിൽ പോയി ചായ ഇല എടുക്കാൻ. അപ്പോഴാണ് കണ്ടതു്. ഒട്ടും ചായയില്ല. ഇനി എന്താണു ചെയ്യുക? ചായ കൊടുത്തില്ലെങ്കിൽ വലിയ മോശമാണ്. അതുകൊണ്ടു് അയൽവീടുകളിൽ ഏതിലെങ്കിലും പോയി ചായയില കടം വാങ്ങാൻ നിശ്ചയിച്ചു. അയാൾ ഒരു വേലക്കാരനെ അയച്ചു. ചായയിലയും കൊണ്ടു വേഗം മടങ്ങി വരണം എന്നായിരുന്നു നിഷ്കൎഷ.

വലിയ കലത്തിലാണ് ചായക്കു വെള്ളം തിളപ്പിക്കുക. വീട്ടുകാരൻ സ്നേഹിതനോടു വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു. വീട്ടുകാരൻെറ ഭാര്യ കലത്തിൽ വെള്ളം തിളപ്പിച്ചു. വെള്ളം തിളച്ചു മറിയുകയാണ്. എന്നിട്ടും വേലക്കാരൻ മടങ്ങി വരുന്നില്ല. രണ്ടു പേരുടെയും കണ്ണു റോഡിലാണ്. എന്തൊരു ശനിയൻ! അവൻ ചായയില കൊണ്ടുവന്നില്ലല്ലോ. വെള്ളം കിടന്നു തിളക്കുന്നു. അവൻ ഇപ്പോൾ വന്നേക്കും. അതിന്നുമുമ്പ് വെള്ളം തിളച്ചു വറ്റിപ്പോയാലോ? അതുകൊണ്ടു് വീട്ടുകാരൻെറ ഭാര്യ കുറെ വെള്ളം കൂടി ചേർത്തു. എന്നിട്ടും വേലക്കാരൻ വന്നില്ല. ആ വെള്ളവും തിളച്ചുതുടങ്ങി. എന്നിട്ടും വേലക്കാരൻ എത്തിയില്ല. പിന്നെയും കുറെക്കൂടി വെള്ളം ചേർത്തു. എന്നിട്ടും അവനെ കാണാനില്ല. വീണ്ടും വെള്ളം ചേർത്തു. അങ്ങനെ പല പ്രാവശ്യവുമായി.

ഒടുവിൽ "ചായ കിട്ടിയില്ല!" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു അവൻ കിതപ്പോടെ ഓടിയെത്തി. ഇനി എന്തു ചെയ്യാൻ! ഭാര്യ പതുക്കെ ഭർത്താവിനെ അടുത്തു വിളിച്ചു. എന്നിട്ടു അതിഥി കേൾക്കാതെ പറഞ്ഞു: "ഇന്നു ചായ കൊടുക്കാൻ നിവർത്തിയില്ല. വെള്ളം തയ്യാറായിട്ടുണ്ടു്. നല്ലവണ്ണം ചൂടുവെള്ളത്തിൽ ഒരു കുളി കുളിക്കാൻ പറയൂ!"

ചായ കുടിക്കാൻ വന്ന ചങ്ങാതി, അങ്ങനെ ചൂടുവെള്ളത്തിൽ കുളിയും കഴിഞ്ഞു യാത്രയും പറഞ്ഞു പിരിഞ്ഞു.

# ശാസ്ത്രത്തിന്റെ ആഹ്വാനം*

[ഇന്നത്തെ ലോകത്തിലെ ദുരവസ്ഥകൾക്ക് കാരണം ശാസ്ത്രത്തിന്റെ പുരോഗതിയാണെന്നു വിശ്വസിച്ചുവരുന്നവർക്കുള്ള ഒരു മറുപടിയാണ് ഈ ലേഖനം. ആത്മവിശ്വാസത്തോടുകൂടി, ഭയപ്പെടാതെ ശാസ്ത്രത്തിന്റെ നേട്ടങ്ങളെ ഉപയോഗിക്കുവാനുള്ള ഉൽബോധനം ഇതിൽ അടങ്ങിയിരിക്കുന്നു. ശാസ്ത്രത്തെ അർത്ഥമില്ലാതെ പഴിക്കുന്നത് തെററാണെന്നും ഇതിൽ സമർത്ഥിക്കപ്പെട്ടിരിക്കുന്നു.]

എഴുപത്തഞ്ചു കൊല്ലം മുമ്പ് വേനൽക്കാലത്തെ ഒരു സായാഹ്നത്തിൽ ബ്രോംലി എന്ന സ്ഥലത്തിനടുത്ത് ഗ്രാമപ്രദേശത്ത് നിങ്ങൾ നടന്നു പോയിരുന്നുവെങ്കിൽ പ്രത്യേകമായ ഒരു കാഴ്ച കാണുവാൻ സാധിക്കുമായിരുന്നു. അവിടെയുള്ള വലിയ ഒരു വീട്ടിലെ ഉദ്യാനത്തിൽ അറുപതു വയസ്സു കഴിഞ്ഞ ഒരു ദീർഘകായൻ ശ്രദ്ധയോടെ പൂച്ചെടികളെ കുനിഞ്ഞുനോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. അത്രതന്നെ ഏകാഗ്രതയോടെ ഒരു ചെറുപ്പക്കാരൻ അടുത്തിരുന്ന് ഒരു ഓടക്കുഴലൂതിക്കൊണ്ടിരുന്നു.

അത്രത്തോളം ഏകാഗ്രത പ്രദർശിപ്പിച്ചിരുന്നവർ ചാർത്സ് ഡാർവിനും അദ്ദേഹത്തിന്റെ പുത്രൻ ഫ്രാങ്കുമായിരുന്നു. അവർ ഒരു ശാസ്ത്രീയ പരീക്ഷണം നടത്തുകയായിരുന്നു. ഈച്ചകളെ തിന്നുന്ന ഒരു ചെടിയെ, ഒരീച്ച വന്നിരുന്നാലുടൻ ഇലകൾ മൂടുവാൻ പ്രേരിപ്പിക്കുന്നതെന്താണെന്നു സൂക്ഷ്മമായി അറിയാനായിരുന്നു ഡാർവിന്റെ ഉദ്യമം. അതിന്റെ ശരിയായ കാരണങ്ങളെന്തെന്ന് ഒന്നൊന്നായി അദ്ദേഹം ആലോചിക്കുകയായിരുന്നു.

---

* ഡോ. ബ്രോണോവ്സ്കി എന്ന ശാസ്ത്രജ്ഞൻ എഴുതിയ ലേഖനത്തിന്റെ വിവർത്തനം.

ശബ്ദം ഒരു കാരണമായിരിക്കയില്ല. എന്നാലും ഒരുപക്ഷേ അങ്ങനെയായിരുന്നാലോ? എന്തെങ്കിലുമൊന്ന് അസംഭാവ്യമായിരിക്കും എന്നു വിചാരിക്കുന്ന ആളായിരുന്നില്ല ഡാർവിൻ. മണൽ, വെള്ളം, അങ്ങിനെ പലതും അദ്ദേഹം ഉപയോഗിച്ചു നോക്കി. ഇപ്പോൾ അദ്ദേഹം ഫ്രാങ്കിൻെറ ഓടക്കുഴൽ ശബ്ദത്തിൻെറ ഫലമെന്തായിരിക്കും എന്നു പരീക്ഷിക്കുകയായിരുന്നു.

ഇലകൾ മൂടുന്നതിൻെറ പിന്നിലുള്ള രഹസ്യം ഡാർവിനു പിടികിട്ടിയില്ല. പക്ഷെ അദ്ദേഹം അതിന്നു വളരെ അടുത്തെത്തിയിരുന്നു. അദ്ദേഹത്തിൻെറ ജോലി അടുത്ത തലമുറ പൂർത്തിയാക്കി. അറുപതു വയസ്സായപ്പോൾ, പ്രകൃതിയെപ്പററി മനുഷ്യൻ അതുവരെ മനസ്സിലാക്കിയിരുന്നതെല്ലാം മാററിക്കളഞ്ഞ സുപ്രസിദ്ധ ശാസ്ത്രജ്ഞനായിരുന്നു ഡാർവിൻ. എന്നിരുന്നാലും ഭാവിയിൽ ഫലപ്പെട്ടേക്കാവുന്ന പരീക്ഷണങ്ങൾ, അവ എത്ര തുച്ഛങ്ങളായിരുന്നാലും, നടത്താൻ അദ്ദേഹം മടിച്ചില്ല.

ഭാവിയെസ്സംബന്ധിച്ചുള്ള ഈ വിചാരത്തെപ്പററിയാണ് ഒരു ശാസ്ത്രജ്ഞനെന്ന നിലയിൽ ഞാൻ പറയാനുദ്ദേശിക്കുന്നതു്. ഭാവിയെയും ശാസ്ത്രത്തെയും ഒന്നിച്ചു ഭയപ്പെടുന്ന എത്രയോ പേർ ഇന്നുണ്ടെന്നതു് കാണുന്നതിൽ എനിക്കു വ്യസനമുണ്ടു്. ആ ഭയങ്ങൾ തെററാണെന്നു ഞാൻ വിശ്വസിക്കുന്നു. ശാസ്ത്രത്തിൻെറ രീതികളെപ്പററിയുള്ള തെററിദ്ധാരണയാണിതിന്നു കാരണമെന്നെനിക്കു തോന്നുന്നു. ശാസ്ത്രം പരീക്ഷണമാണ്. പലതിനെയും പരീക്ഷിച്ചുനോക്കുകയാണ്. ബുദ്ധിപൂർവ്വമായും ഒരു നിശ്ചിതവ്യവസ്ഥയനുസരിച്ചും ഓരോ കാര്യമായി പരിശോധിച്ചു നോക്കുകയും അപ്രായോഗികമായതിനെ പരിത്യജിച്ചു പ്രായോഗികമായതിനെ സ്വീകരിക്കുകയും—അതു് നമ്മുടെ വിശ്വാസത്തിന്നു എത്രകണ്ടു് എതിരായിരുന്നാൽ തന്നെയും—ചെയ്യുന്നതാണ് ശാസ്ത്രം. ഫലപ്പെടുമ്പോൾ അതു നമ്മുടെ ലോകത്തെപ്പററി നമുക്കു പതുക്കെ, പണിപ്പെട്ടു കിട്ടുന്ന വിജ്ഞാനാംശങ്ങളിൽ ഒന്നുകൂടിയാവുകയും ചെയ്യുന്നു.

ഇതു് രഹസ്യവും അവിജ്ഞേയവുമായ ഒരു പുരോഗമനമല്ല. ചിലപ്പോൾ അതേപ്രകാരം തോന്നപ്പെടുന്നുവെങ്കിൽ, ശാസ്ത്രത്തിൻെറ ദൈനംദിനപ്രവർത്തനം അത്ര പെട്ടെന്നു കാണപ്പെടാവുന്നതല്ലാത്തതുകൊണ്ടു് മാത്രമാണ്. ഗവേഷകനിൽനിന്നും നിങ്ങൾ വളരെക്കൊല്ലത്തോളം ഒന്നും കേൾക്കുന്നില്ല. പൊട്ടുന്നനവെ അയാളുടെ ജോലിയുടെ ഫലം പത്രത്തിൽകാണുമാറാകുന്നു—പെനിസിലിനായാലും, ജെററ് എഞ്ചിനായാലും. നീണ്ട കൊല്ലങ്ങളായിട്ടുള്ള പരീക്ഷണങ്ങളെപ്പററിയും പരാജയങ്ങളെപ്പററിയും സാധാരണക്കാരനോട് ആരും ഒന്നും പറയുന്നില്ല. എന്തെല്ലാം ചെയ്തിട്ടില്ലെന്നും ചെയ്തിട്ടുള്ളതിനായിവേണ്ടിവന്ന തീവ്രമായ വേലയെപ്പററിയും അയാൾ എങ്ങനെ അറിയാനാണ്! ശാസ്ത്രത്തിൻെറ പ്രാഗത്ഭ്യത്തിൽ അതിശയിക്കുകയും അതിൻെറ ശക്തിയിൽ ഭയപ്പെടുകയുമല്ലാതെ മറെറന്താണയാളാലോചിക്കുക!

ഈ രണ്ടു വികാരങ്ങളും—ആശ്ചര്യവും, ഭയവും—തുല്യമായ തരക്കേടു് വരുത്തിവെക്കുന്നു എന്നാണെൻെറ അഭിപ്രായം. എന്തെന്നാൽ അവക്കു ഒരു സംഗതി പൊതുവായിട്ടുണ്ടു്: തനിക്കുവേണ്ടി തനിക്കുതന്നെ ചെയ്യാവുന്ന ഒരു കാൎയ്യവുമില്ലെന്നു അവനെ വിശ്വസിപ്പിക്കുതാൻ ശ്രമിക്കുകയാണവ. അവ മന്ത്രിക്കുന്നു, ശാസ്ത്രം പുതിയൊരു ഇന്ദ്രജാലമാണെന്നു്; അതു് നിങ്ങളുടെ കയ്യിൽ അടങ്ങാത്തതാണെന്നു്; നല്ലതിനായാലും ദോഷത്തിനായാലും, മോക്ഷത്തിനായാലും നാശത്തിനായാലും, അതിൻെറ ചുമതല വഹിക്കേണ്ടവർ മററുള്ളവരാണ് എന്നു്. യാഥാൎത്ഥ്യങ്ങളെ മറന്നുകൊണ്ടു് സയൻസ് ചെയ്തിട്ടുള്ളതിനെപ്പററിയുള്ള നിരാശയിൽ നിന്നുയൎന്നതാണീ ഭയങ്ങൾ.

നമ്മുടെ ദുൎവ്വിധിയെപ്പററി ആലോചിച്ചുകൊണ്ടു് അന്നന്നത്തെ വാൎത്തകളുടെ നിഴലിൽ നാം കഴിഞ്ഞുകൂടുന്നു. 15 കൊല്ലം മുമ്പു് ഒരു തലമുറക്കാലത്തോളം നെപ്പോളിയനുമായി യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന പൂർവ്വികന്മാരേക്കാൾ മോശക്കാരനാണ് നാമെന്നു നാം വിചാരിക്കുന്നു.

പക്ഷെ 15 കൊല്ലം മുമ്പ് കുട്ടികൾ ഒരാഴ്ചയിൽ 80 മണിക്കൂർ വേലയെടുത്തിരുന്നു. ജലദോഷപ്പനിയേക്കാൾ സാധാരണമായിരുന്നു കോളറ. ഇതൊക്കെ ഇപ്പോൾ എങ്ങനെ മാറിയിട്ടുണ്ടെന്നു നിങ്ങൾക്കറിയാം. സുഖം മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നു പറയാൻ നിങ്ങളാരെയും അനുവദിക്കുന്നപോലുമില്ല. ആരോഗ്യത്തെയും ജീവിതദൈർഘ്യത്തെയും സംബന്ധിച്ചുണ്ടായ ലാഭങ്ങളെപ്പററി മാത്രം ആലോചിക്കുക. ശിശുമരണം, എൺപതോ തൊണ്ണൂറോ ശതമാനം വെട്ടിക്കുറയ്ക്കപ്പെട്ടിരിക്കുന്നു, ജീവിതം 25 കൊല്ലങ്ങളോളം ദീർഘിപ്പിക്കപ്പെട്ടിരിക്കുന്നു.

ഡ്രെയിനേജും ഫെർട്ടിലൈസറും, ലൈനോടൈപ്പും എക്സ്റേ കുഴലും, പൈതൃകതാപത്തെപ്പററി ബുദ്ധിമുട്ടി പഠിച്ച കണക്കുകാരനും എല്ലാംകൂടി അതു സാധിച്ചിരിക്കുന്നു, അവർ യഥാർത്ഥത്തിൽ മോചിപ്പിച്ചവരാണ്. ഓരോ യന്ത്രവും ഓരോ മോചകനാണ്. കട്ടപ്പമുള്ള പണിയിൽ നിന്നും രോഗത്തിൽ നിന്നും അജ്ഞതയിൽ നിന്നും അവ നമ്മെ മോചിപ്പിച്ചിരിക്കുന്നു.

ആ അത്ഭുതസംഭവം നടന്നതു് ശാസ്ത്രംമുഖേനയാണ്. അതൊരു അത്ഭുതസംഭവമാണുതാനും. പക്ഷെ അതിന്നുവേണ്ടി വേലചെയ്ത ശാസ്ത്രജ്ഞന്മാർ ദൈവങ്ങളോ 'വിച്ചു വൈദ്യ'ന്മാരോ ആയിരുന്നില്ല. അവർ മനുഷ്യരാണ്—ഭാവിയിൽ വിശ്വസിക്കുന്ന മനുഷ്യരാണ്. അവർ ഇന്ദ്രജാലവിദ്യയും ഉപയോഗിച്ചില്ല. അവർ ഉപയോഗിച്ചതു് ഡാർവിൻ പ്രയോഗിച്ച രീതി തന്നെയാണ്.

മിക്കവരുടെയും മനസ്സിൽ ഇന്നു് പൊന്തിക്കിടക്കുന്നതു് ഭയമാണ്. അവർ ഭാവിയെപ്പററി ഭയമുള്ളവരാണ്. എന്തുകൊണ്ടെന്നു ചോദിച്ചാൽ, അവർ ഒഴിഞ്ഞുമാറാൻ വേണ്ടി ആററംബോമ്പിന്റെമേൽ കുററം ആരോപിക്കും. പക്ഷെ വാസ്തവത്തിൽ നമ്മുടെ ഭയം കൊണ്ടു വയ്ക്കാനുള്ള ഒരു ചുമട്ടു താങ്ങി മാത്രമാണ് ആററംബോമ്പ്. ബോമ്പുള്ളതുകൊണ്ടല്ല നാം ഭാവിയെ ഭയപ്പെ

ടുന്നതു്. ഭാവിയിൽ നമുക്കു വിശ്വാസമില്ലാത്തതുകൊണ്ടാണു് നാം ബോമ്പുകളെ ഭയപ്പെടുന്നതു്. വ്യക്തികളെന്ന നിലയിലോ രാഷ്ട്ര ങ്ങളെന്ന നിലയിലോ, നമ്മുടെ ഭാവിയെ രൂപീകരിക്കുന്നതിനുള്ള നമ്മുടെ കഴിവുകളിൽ നാം വിശ്വാസമുള്ളവരായിരിക്കുന്നില്ല.

ആ വിശ്വാസമില്ലായ്മ, ഒരു ആയുധത്തിൻെറ കണ്ടുപിടുത്തം കാരണമായി പെട്ടന്നു് ഉണ്ടായിട്ടുള്ളതാണ്. ജീവിതമോ മരണ മോ എന്ന പ്രശ്നമായി വളരെക്കാലമായി വളൎന്നുകൊണ്ടിരിക്കുന്ന ഒരു സംഗതിയെ ആററംബോംബ് നമുക്കു മനസ്സിലാക്കിത്തരിക മാത്രമാണുണ്ടായിട്ടുള്ളതു് : അതായതു്, വ്യക്തികളെന്ന നിലയിലും രാഷ്ട്രങ്ങളെന്ന നിലയിലും, നമ്മുടെ ലോകത്തു് ശാസ്ത്രത്തിനുള്ള സ്ഥാനമെന്തെന്നു് മനസ്സിലാക്കുന്നതിൽ പററിയിട്ടുള്ള പരാജയവും അങ്ങിനെ മനസ്സിലാക്കുന്നതിലുള്ള വൈമുഖ്യവുമാണ്. അതാണു് നമ്മുടെ ഭയത്തിൻെറ നാരായ വേര്.

പക്ഷെ, നമ്മുടെ ഹൃദയത്തിൻെറ അടിത്തട്ടിൽ നമുക്കറിയാം ഭാവിയുടെ അവകാശി ശാസ്ത്രമാണെന്നു്. നമുക്കു അതിനെപ്പററി യാതൊരു തെററിദ്ധാരണയുമില്ല. പക്ഷെ ശാസ്ത്രജ്ഞന്മാരുടെ നി ലപാടിൽ നിന്നു ആലോചിക്കാൻ നാം ഇച്ഛിക്കുന്നില്ല. അമ്പതു കൊല്ലങ്ങൾക്കു മുമ്പിലത്തെ ലോകത്തെ സുഖസമ്പൂൎണ്ണമാക്കിയിരു ന്നതെന്നു നാം തെററായി വിചാരിക്കുന്ന വിശ്വാസങ്ങളെയും സി ദ്ധാന്തങ്ങളെയും നാം മുറുകെ പിടിച്ചു വെച്ചുകൊണ്ടിരിക്കാനാണാ ഗ്രഹിക്കുന്നതു്. ഭാവിയെപ്പററി നമുക്കൊരു ചിന്തയുമില്ല. നമ്മു ടെ കാലത്തോളം ലോകം നിലനിൽക്കട്ടെ എന്നു മാത്രം നാമാഗ്രഹി ക്കുന്നു, എന്തുകൊണ്ടെന്നാൽ പുതിയ പുതിയ ആശയങ്ങളുമായി ഒത്തുചേരാൻ കഴിവില്ലെന്നു് നാം വിചാരിക്കുന്നു.

സയൻസ് ഏററവും പ്രയാസമുള്ളതും ഗൂഢരഹസ്യങ്ങൾ നിറഞ്ഞതുമാണെന്നു നമ്മോടു് ആരോ പറഞ്ഞിട്ടുണ്ടു്. അതുകൊ ണ്ടു് ആവേശകരങ്ങളായ പുതിയ വിജ്ഞാനശകലങ്ങളെ, ദിവസം തോറും കൂടുതൽ കൂടുതൽ, നമ്മുടെ സമീപത്തുനിന്നു് വഴുതിപ്പോ

കാൻ നാമനുവദിക്കുന്നു. അതോടുകൂടി നമ്മുടെ ആത്മവിശ്വാസവും വഴുതിപ്പോകുന്നു. അങ്ങനെ, നിസ്സഹായതയെപ്പററിയുള്ള ബോധത്തെ അഭിമുഖീകരിച്ചുകൊണ്ട്, ഇതെല്ലാം ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധാലോചനകളുടെ ഫലമാണെന്നു നാം നടിച്ചുകൊണ്ടിരിക്കുന്നു.

നമ്മുടെ തലമുറയുടെ കാലത്തു് തന്നെ അതു് മാററാനുള്ള ശക്തി നമുക്കുണ്ടുതന്നെ. രാഷ്ട്രങ്ങളെന്ന നിലയിൽ, നടക്കുന്നതു് സ്വീകരിക്കുകയും നടക്കാത്തതു് തള്ളിക്കളയുകയും ചെയ്തു്—സയൻസിലുള്ളതുപോലെ—രാഷ്ട്രീയകാര്യങ്ങളിലും നമുക്കു പ്രവത്തിക്കുവാൻ സാധിക്കും. വ്യക്തികളെന്ന നിലയിൽ സയൻസിൽ സാധാരണയായുള്ള യുക്തിബോധം നമുക്കുപയോഗിക്കുകയും ചെയ്യാം. അതാണ് നാം പഠിക്കുവാനുള്ള ഏററവും പ്രധാനപ്പെട്ട പാഠം. സയൻസിൻെറ ആശയങ്ങളാണ്, അതിൻെറ യാന്ത്രികമായ നേട്ടങ്ങളല്ല, ലോകത്തെ വീണ്ടും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതു്. നാമതു് മനസ്സിലാക്കിയാൽ അതിൻെറ നേട്ടങ്ങളെയും അവയുടെ യഥാത്ഥരൂപത്തിൽ മനസ്സിലാക്കുവാൻ സാധിക്കും.

ആററംബോമ്പ് സയൻസിൻെറ അത്ര വലിയ നേട്ടമൊന്നുമല്ല. പക്ഷെ നമുക്കു ആററമിക്ക് ശക്തി ഉപയോഗിക്കാൻ സാധിക്കും എന്നുള്ള മഹത്തായ ഒരു കണ്ടുപിടുത്തം, മൌലികമായ ഒരു കണ്ടുപിടുത്തം, സയൻസ് നിവ്വഹിച്ചിട്ടുണ്ട്. അതു് തമ്മിൽ വഴക്കടിക്കുന്ന രാഷ്ട്രങ്ങളുടെ കണ്ടുപിടുത്തമല്ല, മനുഷ്യൻെറ കണ്ടുപിടുത്തമാണ്. മൌലികമായ കണ്ടുപിടുത്തങ്ങളിൽ ഓരോന്നും മനുഷ്യക്കു അവസാനത്തിൽ നാശത്തേക്കാൾ ലാഭമുണ്ടാക്കി എന്നു ശാസ്ത്രത്തിൻെറ ചരിത്രം തന്നെ നമുക്കു തെളിയിച്ചു തരുന്നു.

അവസാനത്തിൽ എന്നു ഞാൻ പറഞ്ഞതു ശീലം കൊണ്ടാണ്. നാം മുമ്പോട്ടു നോക്കാൻ സമ്മതമുള്ളവരാണെങ്കിൽ എന്നാണ് വിവക്ഷ. എല്ലാ ശാസ്ത്രജ്ഞന്മാരും മുമ്പോട്ടാണ് നോക്കുന്നതു്. മററുള്ളവർ പിന്നീട് തീക്കുന്നതും അനുഭവിക്കുന്നതുമായ കാര്യങ്ങൾ തുടങ്ങുന്നതല്ലേ ഗവേഷണം? ഭാവിയെപ്പററിയുള്ള ബോധമല്ലാതെ മറേറതാണ് നമ്മെ സംതൃപ്തരാക്കുന്നതു്?

സയൻസും നമ്മുടെ ദൈനംദിനജീവിതവുമായുള്ള ഈ അകൽച്ചയെ ശാശ്വതമാക്കാൻ നാം ശ്രമിക്കുന്നുവെങ്കിൽ മാത്രമെ നാശമുണ്ടാകുമെന്നുള്ള ഭയമുള്ളു. സയൻസ് വിദഗ്ദ്ധന്മാൎക്കുവേണ്ടി മാത്രമുള്ളതാണ് എന്നു പറയാൻ നിങ്ങൾ ആരെയും സമ്മതിപ്പിക്കരുതു്. അതു് അങ്ങിനെയുള്ളതല്ല. ചരിത്രത്തിൽ നിന്നോ നൎമ്മസംഭാഷണത്തിൽ നിന്നോ നോവൽ വായനയിൽ നിന്നോ ഇക്കാര്യത്തിൽ അതു വ്യത്യസ്തവുമല്ല. ചിലർ നന്നായി ചെയ്യുന്നു, ചിലർ മോശമായി ചെയ്യുന്നു. അത്രേയുള്ളു. ചിലർ അതു ജീവിതം മുഴുവനുള്ള ജോലിയാക്കിയിരിക്കുന്നു. പക്ഷെ അതു എല്ലാവരുടെയും സമീപത്തുതന്നെ സ്ഥിതിചെയ്യുന്നു.

സയൻസ് മററുള്ളവയെപ്പോലെ മനുഷ്യത്വമുള്ളതാണ്. അതിനെ മനസ്സിലാക്കാൻ വിഷമവുമില്ല. അതിൻെറ മൂല്യങ്ങൾ മനുഷ്യത്വത്തിൻെറ മൂല്യങ്ങൾ തന്നെയാണ്—സത്യസന്ധത, സ്വാതന്ത്ര്യബോധം, ഏകാഗ്രത, സഹോദരമനോഭാവം, എന്നിവ. ഏററവും മഹാന്മാരായ മനുഷ്യർ സയൻസിൻെറ നേട്ടങ്ങളാണ്. ഗ്രീക്കുകാർ പൈത്തഗോറസ്സിനെ ഹോമൎക്കു തുല്യനായി കരുതിയിരുന്നു.

രഹസ്യമായോ ആരെങ്കിലും മേലിൽ നിന്ന് ബലം പ്രയോഗിച്ചിട്ടോ അല്ല അതു പുരോഗമിച്ചിട്ടുള്ളതു്. കണ്ടുപിടിച്ചതു ആരെങ്കിലുമാകട്ടെ, അതിനെതിരെ നിന്നതു് ആരെങ്കിലുമാകട്ടെ, യാഥാൎത്ഥ്യങ്ങളെ മാത്രം അവലംബിച്ചതുകൊണ്ടാണ്. ന്യൂട്ടനും അദ്ദേഹത്തിൻെറ സ്നേഹിതൻ ക്രിസ്റ്റോഫർ റന്നിനും, ഡാർവിനും അദ്ദേഹത്തിൻെറ വിമർശകൻ സാമുവൽ ബട്ട്ലറിനും അതു് ചെവികൊടുത്തു. പ്രൊഫസറന്മാൎക്കു എന്നപോലെ തന്നെ ആശയസമ്പന്നരായ എല്ലാ വിദ്യാൎത്ഥികൾക്കും അതു് ചെവികൊടുക്കുകയും ചെയ്യുന്നു.

രാഷ്ട്രീയമോ ശാസ്ത്രീയമോ ആയ അധികാരശക്തികൾക്കു വഴങ്ങിക്കൊടുക്കാൻ സയൻസ് സമ്മതിച്ചാൽ അതിനു എന്തു സംഭവിക്കുമെന്നറിയാൻ നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ, എനിക്കു പ്രത്യേകം പരിജ്ഞാനമുള്ള ഒരിടത്തേക്കു—യുദ്ധകാലത്തെ ജൎമ്മനിയിലെ ഗവേഷണത്തിലേക്കു—നിങ്ങളെക്കൂടി കൊണ്ടുപോകാം. ജൎമ്മൻ

# കാശി

(പുല്ലൂര്)

വരുണ, അസി എന്നീ രണ്ടു നദികളുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടാണത്രെ കാശിക്ക് വാരാണസി എന്ന പേരു് വീണതു്. ആ പഴയ നാമത്തെ ഗവമ്മേണ്ട് റിക്കാർഡുകൾ ബനാറിസ് എന്നാക്കിമാററി. പണ്ഡിതഭാഷയിൽ വിശ്വനാഥപുരി, അവിമുക്തേശ്വരക്ഷേത്രം എന്നിങ്ങനെ പേരുകൾ വേറെയുമുണ്ട്. എന്നാൽ സാമാന്യജനങ്ങൾ ഇഷ്ടപ്പെടുന്നതും ഉപയോഗിച്ചുവരുന്നതും 'കാശി' എന്നു തന്നെയാണ്.

ഭാരതചരിത്രത്തിൽ പൌരാണികയുഗം മുതല്ക്കേ കാശിയുടെ നാമം പതിഞ്ഞുകാണാം. ഇന്ത്യയുടെ ഇതിഹാസത്തിൽ കാലം

---

ശാസ്ത്രത്തെപ്പററിയുള്ള വലിയ ഭയത്തോടുകൂടിയാണ് നാം യുദ്ധത്തിൽ പ്രവേശിച്ചതു്. അതിന്നു ഒരു കാലത്തു് അത്ര വളരെ പ്രസിദ്ധിയായിരുന്നു. യുദ്ധമുണ്ടാക്കുക എന്നുള്ളതു് തൊഴിലായിരുന്ന അവരെ നമ്മൾ കവച്ചുവെച്ചതെന്തുകൊണ്ട്? ആരുപറയുന്നതായാലും ശ്രദ്ധിക്കുക; ബലം പ്രയോഗിച്ചു ആരെയും അഭിപ്രായം പറയാതിരിക്കാൻ നോക്കാതിരിക്കുക; കാര്യം പറയുന്നവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്യുക. ഇവയാണ് ലോകത്തിന്റെമേലും അതിലെ മനുഷ്യരുടെമേലും സയൻസിനുള്ള ശക്തി പ്രദാനം ചെയ്തിട്ടുള്ളതു്.

സയൻസിന്റെ വഴി ഇടുങ്ങിയതാണെന്നു പറയുന്നവരാൽ കബളിക്കപ്പെടാതിരിക്കുക.

പുതിയ പുതിയ ആശയങ്ങളെ എന്നുമെന്നും സ്വീകരിക്കുന്നതായതുകൊണ്ടാണ് ശാസ്ത്രം നമ്മുടെ ലോകത്തു് നിറഞ്ഞിട്ടുള്ളതു്. സയൻസ് ഒരു ജനകീയ രീതിയാണ്. അതാണതിന്റെ ശക്തിയും—അതും, സത്യമായിട്ടുള്ളതിനേക്കാൾ പ്രാധാന്യമുള്ള യാതൊന്നുമില്ലെന്നുള്ള വിശ്വാസവും.

വരുത്തിയ പരിവൎത്തനത്തിന്നൊക്കെ കാശി സാക്ഷിയായി നിന്നിട്ടുണ്ട്. ഒരു കാലത്തു ഗംഗയുടെ തീരം വേദഗാനം കൊണ്ടു മുഖരിതമായിരുന്നുവെങ്കിൽ, പിന്നീട് ഭഗവാൻ ബുദ്ധൻെറ ഉപദേശങ്ങളും അതിൻെറ അലച്ചാൎത്തിൽ മാറെറാലിക്കൊണ്ടിരുന്നു. വീണ്ടും ആചാൎയ്യശങ്കരൻെറ വേദാന്തവാദം അവിടത്തെ അന്തരീക്ഷത്തിൽ പടപുഴങ്ങി. സൂറദാസും കബീർദാസും സ്വന്തം ഗാനസൂക്തങ്ങളാൽ ഇവിടം പരിശുദ്ധമാക്കി. 11-ാം നൂററാണ്ടു മുതൽ മുസ്ലിം ആക്രമണങ്ങളുടെ തിക്താനുഭവങ്ങളും ഇതിന്നു അനുഭവിക്കേണ്ടിവന്നു. ഇതൊക്കെ അതിജീവിച്ച് ഇന്നും ഈ നഗരം ചൈതന്യം കെടാതെ നിലകൊള്ളുന്നു.

കാശിയുടെ കമനീയത കാണണമെങ്കിൽ, തോണി കയറി ഗംഗാനദിയിൽ കൂടി സഞ്ചരിക്കണം. നദിയിലേക്കു ചാഞ്ഞുകിടക്കുന്ന ഘട്ടങ്ങൾ, നിരയായി പടുത്തു പൊക്കിയ കെട്ടിടങ്ങൾ, അതിൻെറ ഇടയിൽകൂടി ഉയൎന്നുകാണുന്ന, കുംഭാകൃതിയിലുള്ള ദേവമന്ദിരങ്ങൾ—ഇങ്ങിനെ ഗംഗയെ ചുംബിച്ചുകൊണ്ട്, അൎദ്ധചന്ദ്രാകാരത്തിൽ, മൂന്നര നാഴിക നീണ്ടു കിടക്കുന്ന ഈ പട്ടണം നയനമോഹനമായി തോന്നും. വീതി കുറഞ്ഞതും വൃത്തികെട്ടതുമായ തെരുവുകളുടെ ദുൎഗ്ഗന്ധങ്ങളോ, അന്ധവിശ്വാസങ്ങളുടെയും മതാഭാസങ്ങളുടെയും ഗോഷ്ടികളോ അപ്പോൾ ഒട്ടും ശല്യപ്പെടുത്തുകയില്ല. കാശി സന്ദൎശിക്കുന്നവരെ—വിശേഷിച്ചു ഹിന്ദുക്കളെ—ആകൎഷിക്കുന്നതു്, അവിടെ കാണുന്ന ക്ഷേത്രങ്ങളും ഘട്ടങ്ങളും ആണ്. അതുകൊണ്ട് അവയെപ്പററി ചുരുക്കത്തിൽ ഒന്നു വിവരിക്കാം.

കാശിയിൽ 51 ഘട്ടങ്ങൾ ഉണ്ടു്. അവയുടെ നാമാവലി കൊടുക്കുന്നതുകൊണ്ട് പ്രയോജനം ഒന്നും ഇല്ല. പ്രാധാന്യമൎഹിക്കുന്ന ചിലതിനെപ്പററി മാത്രം പ്രസ്താവിക്കാം.

മണികൎണ്ണിക : അഞ്ചു പ്രധാനഘട്ടങ്ങളിൽ ഒന്നായ ഇതു് ഹോൾക്കാർ മഹാറാണിയായ അഹല്യാബായി പണികഴിപ്പിച്ചതാണ്. പട്ടണത്തിലെ ജനബാഹുല്യമുള്ള സ്ഥലങ്ങളിൽ ഒന്നായി

ഇതിനെ ഗണിയ്ക്കാം, സാധുക്കളും സന്ന്യാസികളും, പണ്ടകളും ഭക്തന്മാരും ഇവിടെ വെച്ചു സാധാരണക്കാരെ ദൂഷണം ചെയ്യുന്നു. 60 അടി നീളവും 20 അടി ആഴവും ഉള്ള ഒരു പൊയ്കയാണ് മണികർണ്ണിക. പുരാണം പറയുന്ന വിഷ്ണുവിൻെറ സുദർശനചക്രം കൊണ്ടു് നിർമ്മിച്ചതാണ് ഈ തീർത്ഥം എന്നു്. അതിൽ ശിവൻെറ കർണ്ണാഭരണം കൊഴിഞ്ഞുവീണപോൽ; അങ്ങിനെയാണ് ഇതിന്നു മണികർണ്ണിക എന്ന പേരുണ്ടായതു്.

പഞ്ചഗംഗാഘട്ടം: ഇതും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. 300കൊല്ലംമുമ്പ് അംബറിലെ.രാജാവായ മാനസിംഹൻഉണ്ടാക്കിച്ച ഭംഗിയുള്ള ഒന്നാണ് ഈ ഘട്ടം. ഇവിടെ ആയിരം തിരിയിട്ടു കത്തിക്കാവുന്ന ഒരു ദിപസ്തംഭമുണ്ടു്. മുഗൾസാമ്രാട്ടായ ഷാജഹാൻെറ ദർബ്ബാർ കവിയായ ജഗന്നാഥഭട്ടൻ യവനകന്യകയെ കല്യാണം കഴിച്ചതിനാൽ ഭ്രഷ്ടനാക്കപ്പെട്ടുകയും, ഈ സ്ഥലത്തുവെച്ച് ഗംഗയെ സ്തുതിച്ചു അതിൽ ജീവത്യാഗം ചെയ്കയും ഉണ്ടായതായി ഐതിഹ്യം പറയുന്നു. സംസ്കൃതപണ്ഡിതന്മാക്കു പ്രിയപ്പെട്ടതാണ് പണ്ഡിതജഗന്നാഥൻെറ 'ഗംഗാലഹരി.'

ദശാശ്വമേധഘട്ടം: കാശിയിലെ പ്രസിദ്ധപ്പെട്ട ഘട്ടം ഇതാണ്. നഗരത്തിൻെറ മദ്ധ്യത്തിലായതുകൊണ്ടു് ഇവിടം എപ്പോഴും ജനസംകുലമായിരിക്കും. ഇത്രയും കച്ചവടം നടക്കുന്ന ഘട്ടം വേറെ ഇല്ല. ബ്രഹ്മാവ് ഇവിടെ വെച്ച് 10 അശ്വമേധം നടത്തിയതുകൊണ്ടാണത്രെ ദശാശ്വമേധഘട്ടം എന്നു പേരു് സിദ്ധിച്ചതു്.

മാനമന്ദിർ: 325 കൊല്ലം മുമ്പ് അജമീറിലെ മാനസിംഹരാജാവ് പണികഴിപ്പിച്ചതാണ് ഇതു്. ഇവിടെ അദ്ദേഹത്തിൻെറ വക ഗംഗാഭിമുഖമായി ഒരു രാജധാനിയും ഉണ്ടു്. അതിൻെറ മുകളിൽ നക്ഷത്രങ്ങളുടെ ഗതി അറിയാൻ സഹായിക്കുന്ന പല ഉപകരണങ്ങൾ ഉണ്ടായിരുന്നു. ഈ "നക്ഷത്രബെങ്ക്ളാവ്" ഇപ്പോൾ നഷ്ടപ്രായമായി കാണുന്നു.

1623 ൽ തുളസീദാസ് ദിവംഗതനായ സ്ഥലമാണ് തുളസീഘട്ട്. അവിടെ ആ കവിയുടെ പാദുകം, അഥവാ അതിൻെറ അവശിഷ്ടം സൂക്ഷിച്ചിട്ടുണ്ട്. മൃതശരീരങ്ങൾ ദഹിപ്പിക്കുന്ന ഇടം ചിതാഘട്ടമാണ്. അസി എന്ന നദി ഗംഗയോടു ചേരുന്ന ദിക്കിനെ അസിസംഗമഘട്ടം എന്നു പറഞ്ഞുവരുന്നു. ഹരിശ്ചന്ദ്രഘട്ടം, കേദാരഘട്ടം, ജാനകീഘട്ടം ഇവയും പ്രധാനങ്ങൾ ആണ്.

## ക്ഷേത്രങ്ങൾ

അമ്പലങ്ങൾ പണിയിക്കുന്നതു്—വിശേഷിച്ചും പുണ്യസ്ഥലങ്ങളിലാണെങ്കിൽ—തങ്ങൾ ചെയ്യുന്ന ദുഷ്കർമ്മങ്ങൾക്കു് പരിഹാരമായൊരു വിശ്വാസം പ്രാചീനഹിന്ദുക്കൾക്കു് ഉണ്ടായിരുന്നു. അതുകൊണ്ടായിരിക്കണം, കാശിയിൽ ഇത്ര അനവധി ക്ഷേത്രങ്ങൾ, ഉത്ഭവിച്ചതു്. ഇവയിൽ ഏററവും പ്രധാനമായതു് വിശ്വനാഥനെന്നു പറയുന്ന ശിവൻെറ ക്ഷേത്രമാണ്. മണികർണ്ണികാഘട്ടത്തിൽ നിന്നു സ്വല്പം അകലെയായി ഈ മന്ദിരം സ്ഥിതിചെയ്യുന്നു. 50 അടിയിലധികം പൊക്കത്തിൽ കല്ലുകൊണ്ടു് പടുത്തുകെട്ടിയ ഈ ക്ഷേത്രം പഴക്കം ചെന്നതാണെങ്കിലും പ്രൗഢഗംഭീരമാണ്. നാലു പുറത്തേക്കുമുള്ള പ്രവേശനദ്വാരങ്ങളിൽ പിത്തളവാതിലുകൾ ഘടിപ്പിച്ചിരിക്കുന്നു. പടിഞ്ഞാറു വശത്തായി അഷ്ടകോണാകൃതിയിലുള്ള മുകൾത്തട്ടോടുകൂടിയ ജഗമോഹൻ (വാതിൽമാടം) സ്ഥിതിചെയ്യുന്നു. അവിടെ തൂക്കിയിട്ടുള്ള അഞ്ചു പട്ടുകൂററൻ മണികളുടെ മന്ദ്രധ്വനി ക്ഷേത്രാന്തരീക്ഷത്തെ മുഖരിതമാക്കിക്കൊണ്ടിരിക്കും. ഇതിൻെറ പടിഞ്ഞാറ് ദണ്ഡപാണീശ്വരക്ഷേത്രമായി 18-ാം നൂററാണ്ടിൽ റാണി അഹല്യാബായിയാണ് ഇതൊക്കെ പണികഴിപ്പിച്ചതു്. 1838 ൽ, രോഗഗ്രസ്തനായ മഹാരാജ റണജിതു് സിംഹൻ വിശ്വനാഥമന്ദിരത്തിൻെറ മുകൾഭാഗം സ്വർണ്ണപ്പലക അടിപ്പിച്ചു. ഭാരതത്തിൻെറ നാനാഭാഗത്തു നിന്നും ഭക്തജനങ്ങളെ ആകർഷിച്ചു വരുത്തുന്ന വിശ്വനാഥൻെറ വിഗ്രഹം, സുമാർ രണ്ടടി ഉയരത്തിൽ വെള്ളികൊണ്ടു നിർമ്മിച്ച ചതുരഖണ്ഡത്തിൻെറ മദ്ധ്യമായി, വില്വപത്രങ്ങളാൽ മുക്കാലും മൂടിക്കൊണ്ടു്, കോവിലിനുള്ളിൽ പ്രതിഷ്ഠ

ട്ടിയിരിക്കുന്ന അന്ധകാരത്തെ അകററാൻ പോലും അസമത്ഥമായ ദീപപ്രഭയിൽ, ദർശനം നൽകുന്നു. രാവിലെ മുതൽ, രാത്രി കുറെ ചെല്ലുന്നതുവരെ, ആൾത്തിരക്കുകൊണ്ടു ക്ഷേത്രാങ്കണവും സ്തോത്രാലാപംകൊണ്ട് വായുമണ്ഡലവും നിറഞ്ഞു വിങ്ങിയിരിക്കും. തിരുമുററത്തു നാലു മൂലകളിലും കാണുന്ന ചെറുകോവിലുകളിൽ പല വിധത്തിലുള്ള വിഗ്രഹങ്ങൾ കാണാവുന്നതാണ്. സൌഭാഗ്യഗൌരി, ശൃംഗാരഗൌരി എന്ന പേരിൽ രണ്ടു ഭഗവതീ വിഗ്രഹങ്ങളും, തെക്കുഭാഗത്തുള്ള പ്രവേശദ്വാരത്തിന്മീതെ പിച്ചളകൊണ്ടു വാൎത്ത ഗണേശപ്രതിമയും നടയുടെ ഇരുവശത്തുമായി സൂൎയ്യചന്ദ്രന്മാരും കുടികൊള്ളുന്നു. വാതിൽ കടന്നാൽ ആദ്യം കാണുന്നത് മഹാദേവന്റെ 'കച്ചേരി' എന്നു പറയുന്ന മണ്ഡപമാണ്. ഇവിടെ വെണ്ണക്കൽ പട്ടത്ത തറയിൽ, ഏതോ ധനികൻ ഉറുപ്പികകൾ പതിച്ചിട്ടുണ്ട്! ഭക്തിപാരമ്യം കാണിക്കാനോ, പണപ്പൊലിമ പ്രദൎശിപ്പിക്കാനോ എന്തോ? വല്ല അനാഥാലയമോ ആശുപത്രിയോ ഇവിടെ സ്ഥാപിക്കാനാണ് ഈ പണം ചിലവിട്ടതെങ്കിൽ, ഇതിനേക്കാൾ പുണ്യം ലഭിക്കുമായിരുന്നില്ലേ എന്ന് ചിലൎക്കെങ്കിലും തോന്നിയേക്കും. കഷ്ടം, മതവും ഭക്തിയും കൂടി മനുഷ്യനെ മന്ദനാക്കുന്നു!

മുററത്തിന്റെ ഒരു ഭാഗത്തായി ജ്ഞാനവാഹി എന്നു പറയുന്ന കിണർ കാണാം. ഔറംഗസേബിന്റെ ആജ്ഞപ്രകാരം പഴയ കാശിയെ ഇടിച്ചു തകൎത്തപ്പോൾ വിശ്വനാഥനെ ഇതിലാണത്രെ ഒളിപ്പിച്ചതു്. അതിന്റെ മേൽഭാഗം ഇരുമ്പുപലകകൊണ്ട് മൂടിയിരിക്കുന്നു. ഈ കിണറിന്നു സമീപമായി 7 അടി ഉയരമുള്ള ഒരു നന്ദി (കൂററൻ) ഉണ്ട്. അതു് നേപ്പാൾ രാജാവിന്റെ സംഭാവനയാണ്. ശിവന്റെ ആയുധമെന്നറിയപ്പെടുന്ന രജതനിൎമ്മിതമായ ശൂലവും കൊടിമരവും ആളുകളുടെ വന്ദന അർഹിക്കുന്നു.

വിശ്വനാഥക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തെ വാതിൽ തൊട്ട് മുമ്പോട്ട് ഒരിടവഴി നീണ്ടുപോകുന്നു. അതിന്റെ ഇടത്തു

ഭാഗത്തു ശനീശ്വരൻ സ്ഥിതിചെയ്യുന്നു. വിഗ്രഹം വെള്ളികൊണ്ടാണ്. പക്ഷെ ഉടലില്ല, മുഖം മാത്രമേ ഉള്ളൂ. മറുവശത്തുള്ള 'അക്ഷയവടം' എന്നു പറയുന്ന ആൽമരത്തെ ആളുകൾ പ്രദക്ഷിണം വെക്കുന്നു. ഇതിൻെറ പടിഞ്ഞാറുള്ള ഇടനാഴിയുടെ ഇടത്തുവശത്താണ് അന്നപൂർണ്ണാമന്ദിരം.

1725 ൽ ഒന്നാം ബാജിറാവു പേഷ്വയാണത്രെ ഇന്നു കാണുന്ന മന്ദിരം പണികഴിപ്പിച്ചതു്. വെള്ളികൊണ്ടുള്ള സിംഹാസനത്തിൽ ഇരുന്നരുളുന്ന അന്നപൂർണ്ണേശ്വരിയുടെ വിഗ്രഹം പിച്ചളയാണ്. മുമ്പിൽ മനോഹരമായ ജഗമോഹനവും മററു ഭാഗങ്ങളിൽ ഇരുനിലയുള്ള വരാന്ത (മിററം) യും ഉണ്ടു്. അവിടവിടയായി സൂര്യൻ, വിഷ്ണു, ഹനുമാൻ, ഇവരുടെ ഭംഗിയുള്ള പ്രതിമകൾ സ്ഥാപിച്ചിരിക്കുന്നു.

അന്നപൂർണ്ണക്ഷേത്രത്തിന്നു സമീപം കാശിയിൽ പ്രത്യേകമായ 'ഢുംഢരാജ്' എന്ന ഗണപതിയുടെ മൂർത്തിയുണ്ടു്. അതിൻെറ വടക്കാണ് ആദ്യം പറഞ്ഞ ദണ്ഡപാണിക്ഷേത്രം.

ജ്ഞാനവാപിയുടെ കുറച്ചുപ്പുറത്തായി ഔറംഗസേബ് പണികഴിപ്പിച്ച ഒരു മസ്ജിദ് ഉണ്ടു്. അതിൻെറ പടിഞ്ഞാറുവടക്കായി ആദിവിശ്വേശ്വർ ക്ഷേത്രമാണ്. പിച്ചളകെട്ടുള്ള ഒരു കുണ്ഡത്തിൽ പ്രതിഷ്ഠിച്ചു കാണുന്ന ചെറുശിവലിംഗമാണ് ആദിവിശ്വേശ്വരൻ.

കാശി ശൈവപ്രധാനമാണെങ്കിലും വിഷ്ണുക്ഷേത്രങ്ങളും അവിടെയുണ്ടു്. അവയിലൊന്നാണ് ചൌഖംഭയിലുള്ള ഗോപാലമന്ദിർ. വിസ്തൃതമായ അങ്കണവും മോഹനമായ അമ്പലവും കാഴ്ചക്കു കമനീയമാണ്. ചില പ്രത്യേക സമയങ്ങളിൽ മാത്രമേ ഇതു തുറക്കാറുള്ളൂ. അപ്പോൾ വലിയ തിരക്കും ഉണ്ടായിരിക്കും.

ഭൈരവമുഹല്ലയിലുള്ള ഭൈരവൻെറ ക്ഷേത്രവും പ്രധാനമാണ്. കറുപ്പും വെളുപ്പും കലൎന്ന മാർബിൾ പതിച്ച തറയും ഉയൎന്ന കുംഭാകൃതിയുള്ള തോരണായവും ഇതിന്നു അന്തസ്സു കൂട്ടുന്നു. കാശിയുടെ രക്ഷാധികാരിയെന്നു പറയുന്ന ഭൈരവനാഥൻ കുടികൊള്ളുന്ന കോവിലിൻെറ ഇരുഭാഗത്തുമായി രണ്ടു കാവൽ പ്രതിമകളും ഒരു ക്രൂരൻ നായയും കാണുന്നതു് ആരെയും ആകൎഷിക്കും.

ലളിതാഘട്ടത്തിലുള്ള നേപ്പാളിമന്ദിർ മററുള്ളവയിൽ നിന്നു വ്യത്യസ്തമാണ്. ഇതിൻെറ നിൎമ്മാണത്തിൽ ചൈനയുടെ സമ്പ്രദായമാണത്രെ ഉപയോഗിച്ചിരിക്കുന്നതു്. കെട്ടിടത്തിൻെറ നാലു ഭാഗത്തും താഴികക്കുടവും മേൽപുരയുടെ നാലു വക്കുകളിലും, കാററു കൊണ്ടു കളിക്കുമ്പോൾ തനിയെ കളനാദം മുഴക്കുന്ന ചെറു മണികളും കാണാം. മുൻഭാഗത്തു് ഒരു പശുപ്രതിമയും ഉണ്ടു്.

കാശിയിൽ ചെന്നാൽ കാണാവുന്ന ക്ഷേത്രങ്ങളെ മുഴുവൻ വിവരിക്കുന്നതു വായനക്കാരെ മുഷിപ്പിക്കും. എങ്കിലും ഒന്നിനെപ്പററി കൂടി പ്രസ്താവിക്കാതെ തരമില്ല. കാരണം, ഇതുവരെ പറഞ്ഞവ ഹിന്ദുക്കൾക്കു മാത്രം പ്രവേശമുള്ളതാണെങ്കിൽ, ഇനി പറയാൻ പോകുന്നതിൽ ജാതിയോ, മതമോ, ദേശമോ ഏതായാലും തരക്കേടില്ല, ആൎക്കും യഥേഷ്ടം പ്രവേശിക്കാവുന്നതാണ്.

## ഭാരതമാതാമന്ദിർ

ഒരു മനോഹരമായ പൂവാടിയുടെ മദ്ധ്യത്തിൽ ഇരുനിലയുള്ള മോഹനസൌധമാണ് ഭാരതമാതാവിൻെറ പുണ്യക്ഷേത്രം. കാശിയിലെ പ്രമുഖനേതാവും കാശി വിദ്യാപീഠത്തിൻെറ സ്ഥാപകനും ആയ ബാബുശിവപ്രസാദ് ഗുപ്തയുടെ സ്വരാജ്യസ്നേഹത്തിൻെറ —അല്ല, ഭക്തിയുടെ—പരിണത ഫലമാണ് ഭാരതമാതാ മന്ദിർ. 1936 ലെ വിജയദശമി ദിവസം മഹാത്മജിയുടെ മഹനീയമായ കൈപൗരോഹിത്യത്തിൽ, ഉൽഘാടനം ചെയ്യപ്പെട്ട (പ്രതിഷ്ഠ നട

ത്തിയ) ഈ ക്ഷേത്രത്തിൽ, ഭാരതമാതാവിനോട് ഭക്തിയും ആദരവും ഉള്ള ആർക്കും പ്രവേശിച്ചു ആരാധനനടത്തി വന്ദിക്കാം. ആയാളുടെ ജാതിയും മതവും ഒരിക്കലും പ്രതിബന്ധമാകയില്ല. മററു ക്ഷേത്രങ്ങളിലെപ്പോലെ, ഏതോ അജ്ഞാതസങ്കല്പങ്ങളെ സൂചിപ്പിക്കുന്ന പ്രതിമകളല്ല, വെണ്ണക്കല്ലുകൊണ്ടു നിർമ്മിച്ച ഭാരതഭൂമിയുടെ യഥാർത്ഥ വിഗ്രഹമാണ് അവിടെ പ്രതിഷ്ഠിച്ചിട്ടുള്ളതു്. 30 അടി 2 അംഗുലം വീതിയും അതിൽ ഒരടികൂടി അധികം ഉയരവും ഉള്ള ഈ വിഗ്രഹത്തിൽ, പാമീർ പർവ്വതശിഖരങ്ങൾ മുതൽ, സിംഹളദ്വീപ് അടക്കവും, അഫ്ഗാനിസ്ഥാൻ തൊട്ടു തിബത്ത് വരെയും ഉള്ള സ്ഥലങ്ങൾ കാണാം. ഇന്ത്യയുടെ ഓരോ പ്രദേശത്തുള്ള ഭൂപ്രകൃതിയുടെ ഉയർച്ചയും താഴ്ചയും കൃത്യമായി കാണത്തക്കവിധം, മാർബിൾക്കല്ലുകളുടെ ചെറുഖണ്ഡങ്ങൾ അവിടവിടെ പതിച്ചിട്ടുണ്ടു്. സമുദ്രവിതാനത്തിൽ നിന്നുള്ള ഉയർച്ചയെ, സന്ദർശകർക്കു മനസ്സിലാകത്തക്കവണ്ണം രേഖകളെക്കൊണ്ടു അടയാളപ്പെടുത്തിയിരിക്കുന്നു.

——:0:——

Printed by Dr. S. Seshagiri Rao at LODHRA PRESS,
15 Westcott Road, Royapettah, Madras.
Published by V. Madhavan Nair for Keralodayam Ltd.,
13 A, Mc Nichol Road, Chetpet, Madras.
Editor : V. MADHAVAN NAIR, B. A., B. L.